Reg. No. M. 2293

ഒരുപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 ഏപ്രിൽ 18—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 മേടം 6 | ലക്കം 35

## മതപഠനമാണ് ഇന്നത്തെ ആവശ്യം

[എഫ്. ആവിറേറാ]

കേരളക്കരയിൽ ഇക്കഴിഞ്ഞ കാലത്തുണ്ടായിട്ടുള്ള സംഭവവികാസങ്ങൾ പലരേയും അമ്പരപ്പിക്കുന്നുണ്ടു്. ഇൻഡ്യൻ ക്രിസ്ത്യാനികളിൽ ഒരു വലിയഭാഗം ഇവിടെയാണല്ലോ വസിക്കുന്നതു്. എങ്കിലും ഇന്നത്തെ ഇസ്സങ്ങൾക്കു ഇവിടെയുണ്ടായിരിക്കുന്നിടത്തോളം പ്രാബല്യം ഇൻഡ്യയിലെ മററു സ്ഥലങ്ങളിൽ ലഭിച്ചിട്ടുണ്ടോ എന്നു സംശയമാണു്. ഇടതുപക്ഷങ്ങളുടെ വളർച്ചയ്ക്കു ഒരു നല്ല പങ്കു നമ്മുടെ ക്രിസ്തീയസഹോദരന്മാർ വഹിച്ചിട്ടുണ്ടെന്നുള്ളതു് ഒരു പച്ചപ്പരമാർത്ഥമാണു്. തോമസ് അപ്പസ്തോലൻെറയും ശൌര്യം അപുണ്യവാൻെറയും കാലടികളാൽ പരിശുദ്ധമായ ഇവിടത്തെ മണ്ണിൽ ചെങ്കൊടികൾ എങ്ങനെ മുളച്ചുവന്നു? ഇതിനു കാരണം ക്രൈസ്തവസംഘടനാശക്തിയുടെ കുറവാണോ, നേതാക്കന്മാരുടെ കുറവാണോ? സൊഡാലിററികളുടെ കുറവാണോ, സി. എ. സി. ശാഖകളുടെ കുറവാണോ? പള്ളികളുടെ കുറവാണോ, പട്ടക്കാരുടെ കുറവാണോ? ഒന്നുമല്ല. പിന്നെയോ, മതബോധത്തിൻെറ കുറവാണു്. കേൾക്കുന്ന തീപ്പൊരിപ്രസംഗങ്ങൾക്കെല്ലാം ഏറ്റുചാടുവാനുണ്ടു് ചില കത്തോലിക്കർ. കാണുന്ന ജാഥകളിലെല്ലാം "ഇങ്കിലാബ് സിന്ദാബാദ്" വിളിക്കുവാനുമുണ്ടവർ. ഏതൊരു നേതാവിൻെറ പുറകെ പോകുവാനുമുണ്ടു് ചിലർ. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു? നന്മയും തിന്മയും തമ്മിൽ തിരിച്ചറിയുവാനും പരലോകവും ഭൂലോകവും തമ്മിലുള്ള അന്തരം ഗ്രഹിക്കുവാനുമുള്ള മതബോധമില്ലാത്തതിനാൽ. മതബോധം ക്ഷയിക്കുന്നതിനുള്ള ഒരു മുഖ്യകാരണം മതപഠനത്തിലുള്ള ഉത്സാഹക്കുറവാണു്. പഠിക്കാത്തതെങ്ങനെ പാലിക്കും? മതപഠനത്തിലുള്ള മാന്ദ്യം നമ്മുടെ ക്രിസ്തീയചൈതന്യത്തെത്തന്നെ കുറച്ചിട്ടുണ്ടു്. അതിനാൽ ഇന്നത്തെ ആവശ്യം മതപഠനമാണു്; മതവിദ്യാഭ്യാസത്തിനുള്ള പ്രോത്സാഹനമാണു്.

ഇപ്പോഴത്തെ നിലയൊന്നു നോക്കാം. ഇന്നത്തെ അഭ്യസ്തവിദ്യരോടുതന്നെ ചോദിച്ചുനോക്കുക, ക്രിസ്തീയജീവിതമെന്നാലെന്തെന്നു്. പലരിൽനിന്നും തൃപ്തികരമായ ഒരുത്തരം ലഭിക്കുമോ എന്നു സംശയം. ആററംബോംബിൻെറ ഘടനയെപ്പററിയും, ചതുശ്ശക്തിസമ്മേളനങ്ങളെക്കുറിച്ചും, രാഷ്ട്രതന്ത്രസംബന്ധവുമായ അറിവു അവർക്കു വേണ്ടുവോളം ഉണ്ടായേക്കാം; എന്നാൽ മതകാര്യങ്ങളിൽ മിത്രം വലിയ പിടിയില്ല. വിവാഹത്തിനുമുൻപായി ചില യുവതീയുവാക്കന്മാർ വേദോപദേശത്തിൽ ഒന്നു കണ്ണോടിച്ചേക്കും. ഇടവകവൈദികൻ വല്ല ചോദ്യങ്ങളും ചോദിച്ചാൽ ഉത്തരംപറയാതെ തരമില്ലല്ലോ. അതു കഴിഞ്ഞാൽ പിന്നെ മതസിദ്ധാന്തങ്ങളെപ്പററി കൂടുതൽ അറിയുന്നതിനു പലരും ഉത്സുകരല്ല. ഇതിൻെറ ഫലം നാമിന്നു കാണുന്നുണ്ടു്. ചില കത്തോലിക്കർ ചോദിക്കുന്നു, ഈ കമ്മ്യൂണിസത്തിലെന്താണു കുഴപ്പമെന്നു്; അതിൻെറ ഏക ഉദ്ദേശ്യം പാവപ്പെട്ടവരുടെ ഉദ്ധാരണമല്ലയോ എന്നു്. നോക്കണം, ക്രിസ്തുവിനേയും മാർക്സിനേയും തമ്മിൽ തിരിച്ചറിയായ്കമൂലം വരുന്ന തെററിദ്ധാരണകൾ. ഇന്നു ഇൻഡ്യാഗവമ്മെൻറു് ജനനനിയന്ത്രണപ്രസ്ഥാനംകൈയേററടുത്തിരിക്കുന്നു. പ്രസംഗപീഠത്തിൽനിന്നുകൊണ്ടു് പുരോഹിതൻ ഈ പൈശാചികോദ്യമത്തിനെതിരായി പ്രസംഗിക്കുന്നു. ക്രിസ്തീയതത്വങ്ങളിൽ അധികം ജ്ഞാനമില്ലാത്ത ചില കത്തോലിക്കരുടെ മനോഗതിയോ? അത്ഭുതം! ഇന്നത്തെ ജനപ്പെരുപ്പത്തെ തടയുവാൻവേണ്ടി ഇൻഡ്യാഗവമ്മെൻറു നടപ്പിലാക്കുന്ന പററിയ മാർഗ്ഗമല്ലയോ ഈ ജനനനിയന്ത്രണം! പുരോഗമനപരമായ നവീനപദ്ധതികളോടെല്ലാം ഈ അച്ചന്മാർക്കെതിരാണു്! ഇനിയും മററു ചിലർ പറയും കത്തോലിക്കാസഭയിൽ സ്വാതന്ത്ര്യമില്ലെന്നു്. അങ്ങോട്ടുതിരിഞ്ഞാൽ പാപം, ഇങ്ങോട്ടുനോക്കിയാൽ പാപം. എല്ലാററിനുമുണ്ടു് ലായും ചട്ടവും. ഇതേമാതിരി നൂറുകൂട്ടം ആശയഗതികളും, സംശയങ്ങളും, ചോദ്യങ്ങളുംകൊണ്ടു് ഇന്നത്തെ അന്തരീക്ഷം നിറഞ്ഞിരിക്കയാണു്. ഇവയ്ക്കെല്ലാമെല്ലാം എങ്ങനെ ഉത്തരം കൊടുക്കണം? ഒരു ദൈവമുണ്ടു്, ദൈവത്തിൽ മൂന്നാളുകളുണ്ടു് എന്നു തുടങ്ങിയ വിശ്വാസത്തിൻെറ പ്രധാനരഹസ്യങ്ങൾമാത്രം മനസ്സിലാക്കിയിരുന്നാൽ ഇതു സാദ്ധ്യമല്ല. നാം വളരെ കൂടുതൽ അറിഞ്ഞിരിക്കണം. ഓരോ ദിവസം കഴിയുന്തോറും പുതിയ പുതിയ പ്രശ്നങ്ങളും ആശയഗതികളും ലോകത്തിൽ ഉത്ഭവിക്കുന്നു. ഇവയുടെ നേരെ സഭയുടെ നിലയെന്തു്? ക്രൈസ്തവമതതത്വങ്ങളുമായി ഇവയ്ക്കു പൊരുത്തമുണ്ടോ? എന്നൊക്കെ നമ്മൾ ആരായണം; മതപരമായ പ്രശ്നങ്ങളെപ്പററി പഠിക്കണം. എങ്കിൽ മാത്രമേ മതപരമായ നമ്മുടെ സംശയങ്ങൾക്കും സഭയ്ക്കെതിരായി വരുന്ന ആരോപണങ്ങൾക്കും ശരിയായ ഉത്തരം കൊടുത്തു്, ഇന്നു നമ്മുടെ വിശ്വാസം സജീവമായി കാത്തുകൊണ്ടുപോകുവാൻ സാധിക്കൂ.

യുവജനങ്ങൾക്കും പ്രായമായവർക്കും മതകാര്യങ്ങളെപ്പററി കൂടുതൽ പഠിക്കുന്നതിനു്, ഏററവും പററിയ മാർഗ്ഗമാണു് അദ്ധ്യയനമണ്ഡലങ്ങൾ (Study Circles) ഈ അദ്ധ്യയനമണ്ഡലങ്ങളിൽ, വാദപ്രതിവാദങ്ങൾ മുഖേന, ചോദ്യോത്തരങ്ങൾ വഴിയോ മതതത്വങ്ങൾ പ്രത്യേകിച്ചു് ഇന്നത്തെ ധാർമ്മികപ്രശ്നങ്ങൾ ഒരു വൈദികൻെറ സാന്നിദ്ധ്യത്തിലോ, അഥവാ അതു ലഭ്യമല്ലെങ്കിൽ, മതപണ്ഡിതനായ വേറൊരാളിൻെറയോ സമക്ഷത്തിൽ വിശദീകരിക്കപ്പെടണം. ആർക്കു ഇതേറെടുത്തു് വിജയപ്രദമായി നടത്തുവാൻ സാധിക്കും? മിക്ക ഇടവകകളിലും, സൊഡാലിററി, സി. എ. സി, ഫ്രാൻസിസ്കൻ മൂന്നാംസഭ തുടങ്ങിയ ഭക്തസംഘങ്ങൾ ഉണ്ടല്ലോ. ഇവയിലെ അംഗങ്ങൾ സഹകരിച്ചാൽ അവരുടെ ആഭിമുഖ്യത്തിൽ അദ്ധ്യയനമണ്ഡലങ്ങൾ നടത്തപ്പെടാം. അവരങ്ങിനെ ചെയ്താൽ, അതു് തങ്ങളുടെ കത്തോലിക്കാസഹോദരന്മാർക്കും സഭയ്ക്കും വേണ്ടിയുള്ള ഒരു മഹത്തായ സേവനമായിരിക്കും. സ്ഥലത്തെ ആളുകളുടെ സമയവും സൗകര്യവുമനുസരിച്ചു്, ആഴ്ചയിലൊരിക്കലെങ്കിലും, ഒരു നിശ്ചിതസമയത്തു് അദ്ധ്യയനമണ്ഡലങ്ങൾ നടത്തപ്പെടണം. കത്തോലിക്കാജനസംഖ്യ അനുസരിച്ചു് ഇടവകയുടെ വിവിധഭാഗങ്ങളിൽ അതുണ്ടായിരിക്കണം. ഇങ്ങനെ വയോജനമതപഠനം പ്രായോഗികമാക്കാം.

കുട്ടികളുടെ കാര്യംകൂടി ഒന്നു നോക്കാം. ഉത്തമകത്തോലിക്കാമാതാപിതാക്കന്മാർക്കറിയാം, തങ്ങളുടെ മക്കൾക്കു ശരിയായ മതപഠനം ലഭിക്കേണ്ടതാണെന്നു്. അതിനാൽ കുട്ടികൾ കത്തോലിക്കാസ്കൂളുകളിൽ അയക്കപ്പെടുന്നു. എന്നാൽ മതബോധനസംബന്ധമായ എല്ലാ ഭാരവും അദ്ധ്യാപകന്മാരുടെ തലയിൽ വയ്ക്കുന്നതു് തൃപ്തികരമല്ല. മതബോധനമെന്ന ആ കൃത്യത്തിൻെറ മാഹാത്മ്യം നല്ലവണ്ണം മനസ്സിലാക്കി എല്ലാ അദ്ധ്യാപകന്മാരും മതശിക്ഷണം വേണ്ടപോലെ നിർവഹിച്ചെന്നുവരികയില്ല. അതുമല്ല, സാധാരണ കുട്ടികളെ സംബന്ധിച്ചിടത്തോളം വേദപാഠക്ലാസ്സ് അത്ര രസമുള്ള ഒന്നല്ല. അതിനാൽ കത്തോലിക്കാവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളെല്ലാം വേദപാഠത്തിനു മിടുക്കന്മാരാണെന്നു വിചാരിക്കരുതു്. തൽക്കാരണത്താൽ മാതാപിതാക്കന്മാരും അവരാൽ കഴിവതു ചെയ്യണം. അവർ തങ്ങളുടെ കുട്ടികൾക്കു വല്ലപ്പോഴുമൊക്കെ മതകാര്യങ്ങളെപ്പററി

(ശേഷം 4-ാംപേജിൽ)



വിശുദ്ധ ഗീവർഗ്ഗീസ് സഹദാ
(തിരുനാൾ— ഏപ്രിൽ 23)

# സ്റ്റാലിനിസം ശവപ്പെട്ടിയിൽ

(വർക്കീസ് മേച്ചേരി)

(തുടർച്ച)

റഷ്യയിലെ അടിമക്യാമ്പുകളെ സംബന്ധിച്ച് ജനറൽ കമ്പാസിനോ പറയുന്നതു പ്രത്യേകം ശ്രദ്ധാർഹമാണ്. 1936-39 എന്നീ കൊല്ലങ്ങളിൽ സ്പെയിനിലുണ്ടായ ആഭ്യന്തരകലാപത്തിൽ 139000 കത്തോലിക്കരുടെ കഴുത്തറുത്ത കമ്മ്യൂണിസ്റ്റു കക്ഷിയുടെ നേതാവായിരുന്നു അദ്ദേഹം. പക്ഷെ ആ വിപ്ലവത്തിൽ കമ്മ്യൂണിസ്റ്റുകൾ പരാജിതരായി. അപ്പോൾ അദ്ദേഹം സോവ്യറ്റുറഷ്യയിലേക്കു ഒളിച്ചോടിപ്പോയി. കുറെക്കാലം റഷ്യയിൽ താമസിച്ചു. അവിടത്തെ സ്ഥിതിഗതികളെ നന്നായി പഠിച്ചു അവസാനം അദ്ദേഹം സ്പെയിനിലേക്കു മടങ്ങി. അദ്ദേഹം സോവ്യറ്റു റഷ്യയിലെ സ്ഥിതിഗതികളെക്കുറിച്ചു Life and Death in U. S. S. R. എന്ന ഒരു പുസ്തകമെഴുതി. അതിൽ അടിമവേലക്കാരെപ്പററി പറയുന്നതിങ്ങനെയാണ്: "1949-ൽ എന്റെ കണ്ണിൽകണ്ട നഗ്നസത്യങ്ങളാണ് ഞാനിക്കുറിക്കുന്നതു്. 230 ലക്ഷം അടിമവേലക്കാർ സോവ്യറ്റു റഷ്യയിലുണ്ട്. അർദ്ധപട്ടിണികിടന്നു കഠിനവേല ചെയ്യുന്ന ഈ മനുഷ്യസഹോദരങ്ങളെ വീണ്ടെടുക്കുവാനുള്ള ധാർമ്മികചുമതല ലോകം മറന്നുകളയരുതു്. ഈ കണക്കു എവിടെ വേണമെങ്കിലും തെളിയിക്കുവാൻ ഞാൻ തയ്യാറാണ്. സഃ സ്റ്റാലിനെ ഞാൻ വെല്ലുവിളിക്കുന്നു."

തൊഴിലാളിസംഘം കെട്ടിപ്പടുക്കാൻ ഉടലെടുത്ത കമ്മ്യൂണിസത്തിന്റെ "താക്കോൽക്കാരൻ" തന്റെ നയപരിപാടികളെ വിജയിപ്പിക്കുവാൻ സകല ജനകീയാധികാരങ്ങളും മാനവസ്വാതന്ത്ര്യങ്ങളും ചുട്ടു ചാമ്പലാക്കി. തൊഴിലാളികൾക്കു മിണ്ടാൻ പാടില്ല. ഫാക്ടറികളിലെ യൂണിയനുകളെല്ലാം സ്റ്റാലിന്റെ നിയന്ത്രണത്തിലാക്കി. ട്രേഡ്‌യൂണിയനവകാശങ്ങൾ നിഷേധിച്ചു. അവരെ നയിച്ചിരുന്ന കമ്മ്യൂണിസ്റ്റുമേധാവികളുടെ ജീവിതനിലവാരവും തൊഴിലാളികളുടെ (കർഷകരുടേയും) ജീവിതനിലവാരവും തട്ടിച്ചുനോക്കിയാൽ അവ തമ്മിൽ അജഗജാന്തരമുണ്ടായിരുന്നു. അതിനെ സംബന്ധിച്ച് ജനറൽ കമ്പാസിനോ തന്നെ എഴുതിയ ദൃക്‌സാക്ഷിവിവരണം ഇപ്രകാരമാണ്: "ഏദയമേടകമായ കാഴ്ച ഞാൻ ലനിൻഗ്രാഡിൽ കണ്ടു. ഇടിഞ്ഞുപൊളിഞ്ഞ ചെററക്കുടിലുകൾ; അന്ധിക്കൂടം പോലുള്ള ചെററക്കുടിലുകൾ! അതാണ് റഷ്യൻതൊഴിലാളികളുടെ നിത്യവസതികൾ... സ്റ്റേഷനിൽ കണ്ട കാഴ്ച അതിദയനീയം തന്നെ. കീറിപ്പഴകിയ വസ്ത്രങ്ങളുടുത്തു ഒട്ടിയ വയറുകളോടുകൂടിയ കുറെ മനുഷ്യക്കോലങ്ങൾ!....... ഫ്റിൻസിലെ ഒരു വിദ്യാലയത്തിൽ ഞാൻ പോയി. അവിടെ പഠിച്ചുകൊണ്ടിരുന്ന 6000 വിദ്യാർത്ഥികളിൽ 5994 പേരും ഉയർന്ന കമ്മ്യൂണിസ്റ്റുകാരുടെ മക്കളാണ്. തൊഴിലാളിവർഗ്ഗത്തിൽ നിന്നു 6 പേർ മാത്രം!" ഈ വസ്തുതകൾ നിരത്തിവച്ചുകൊണ്ടാണ് ജനറൽ കമ്പാസിനോ സ്റ്റാലിനെ വെല്ലുവിളിക്കയുണ്ടായതു്.

തന്റെ ഏകഛത്രാധിപത്യം അരക്കിട്ടുറപ്പിക്കുവാൻ സ്റ്റാലിൻ യുദ്ധസാമഗ്രികൾ വർദ്ധിപ്പിച്ചു. പട്ടാളക്കാരെ കൂട്ടി. രാജ്യത്തിന്റെ ബഹുഭൂരിപക്ഷം വരുമാനവും അതിനായി ചിലവഴിച്ചു.

രാജ്യങ്ങൾ വെട്ടിപ്പിടിക്കുവാൻ ആ ഏകാധിപതി തന്റെ പട്ടാളത്തെ വിനിയോഗിക്കുകതന്നെ ചെയ്തു. കഴിഞ്ഞ ലോകമഹായുദ്ധകാലത്തു് സ്റ്റാലിൻ വെട്ടിപ്പിടിച്ച രാജ്യങ്ങൾ എത്രയാണ്! കിഴക്കൻ പോളണ്ട്, കി. ഏഷ്യ, എസ്റ്റോണിയാ, ലാററ്വിയ, ലിത്വാനിയ, ഫിൻലണ്ടിന്റെയും ചെക്കോസ്ലോവാക്യായുടേയും ഓരോ ഭാഗങ്ങൾ, കുറാൽദ്വീപുകൾ, സഖലീൻദ്വീപുകൾ ഇവയെല്ലാം റഷ്യൻമേധാവിത്വത്തോടു ലയിപ്പിച്ചു. ചെമ്പടയുടെ സമ്മർദ്ദത്താൽ അധീനപ്പെടുത്തിയ രാജ്യങ്ങൾ വേറെയുമുണ്ട്. ഹങ്കറി, റുമേനിയ, ബൾഗേറിയ, ചെക്കോസ്ലോവാക്യ എന്നീ സ്ഥലങ്ങളാണവ. 17 മുതൽ 37 ശതമാനം വരെമാത്രം ഭൂരിപക്ഷമുണ്ടായിരുന്ന അവിടങ്ങളിലെ കമ്മ്യൂണിസ്റ്റുപാർട്ടിയെ അവിടങ്ങളിലെ സർക്കാരായി അവരോധിച്ചു. ചൈനയിലേയും കഥ വിസ്തരിക്കാവതല്ല. സ്റ്റാലിനെതിരായി അന്നു ചിന്തിക്കാനോ സംസാരിക്കാനോ എഴുതാനോ പാടില്ല. മാത്രമല്ല, ചെറുതെയിരിക്കുവാനും അനുവദിച്ചിട്ടില്ല. അദ്ദേഹത്തെ പാടിപ്പുകഴ്ത്തണം. പ്രസംഗപീഠങ്ങളും, കലാവേദികളും സാഹിത്യപ്രസ്ഥാനങ്ങളുമെല്ലാം ആ നേതാജിയെ പാടിപ്പുകഴ്ത്തണം!

കോൾച്ചേവെന്ന ഒരു റഷ്യൻ സാഹിത്യകാരന്റെ ഒരു കവിത ഇങ്ങനെയാണ് രചിക്കപ്പെട്ടിരിക്കുന്നതു്:- "ബുദ്ധിയന്നി ചിരിക്കുമ്പോൾ ഡോൺനദിയിലെ മഞ്ഞുകട്ടകൾ ഉരുകിയൊലിക്കുന്നു. വൊറോഷിലോവ് ചിരിക്കുമ്പോൾ സൂര്യൻ പ്രകാശിക്കുവാൻ തുടങ്ങുന്നു." സ്റ്റാലിൻ ചിരിക്കുമ്പോൾ എന്തിനോടു് ഉപമിക്കാൻ കവി ധൈര്യപ്പെടും? "സ്റ്റാലിൻ ചിരിക്കുമ്പോൾ അതു് ഉപമകൾക്കെല്ലാം അതീതമാണ്." "എല്ലാക്കാലത്തിലും എല്ലാ യുഗത്തിലും എല്ലാ ജാതിയിലും വെച്ചു ഏററവും മഹാനായ മനുഷ്യൻ" എന്നാണ് കിറോഷവെന്ന സഖാവ് സ്റ്റാലിനെക്കുറിച്ചു പറയുന്നതു്.

അയാക്‌ബെർജൻ എന്ന റഷ്യൻ സാഹിത്യകാരന്റെ മറെറാരു സ്തുതിഗീതം ഇതാണ്: "സ്റ്റാലിൻ കല്പിച്ചു: അപ്പോൾ അവന്റെ ശത്രുക്കൾക്കായ് സൂര്യൻ അസ്തമിച്ചു. വീണ്ടും കല്പിച്ചു; അവന്റെ മിത്രങ്ങൾക്കായ് സൂര്യൻ ഉദിച്ചു, കല്ലിനോടു വെള്ളമാകാൻ കല്പിച്ചാൽ അതങ്ങിനെയായിത്തീരും." സോവ്യറ്റുസംഘത്തിലെ വ്യക്തിപൂജയുടെ പോക്കു്! "ആരാധ്യനായ" ഈ സ്റ്റാലിനും അദ്ദേഹത്തിന്റെ "ഇസ"വുമാണ് ഇന്നു ശവപ്പെട്ടിയിൽ ആണിവച്ചു അടക്കപ്പെട്ടിരിക്കുന്നതു്! സ്റ്റാലിനിസത്തെ "ഫറോവൻ" ചൊല്ലുന്ന ആ "കമ്മ്യൂണിസ്റ്റു" വൻതോക്കുകൾ തന്നെ സ്റ്റാലിനെക്കുറിച്ചു അന്നു പറഞ്ഞിട്ടുള്ളതു് എന്തായിരുന്നെന്നു നോക്കാൻ ബഹുരസമാണ്. സ്റ്റാലിന്റെ 70-ാമത്തെ ജന്മദിനത്തിൽ "മാനവസമുദായത്തിന്റെ നേതാവേ" എന്നു സ്റ്റാലിനെ പ്രശംസിച്ചെഴുതിയ മഹാനാണ് മലങ്കോവ്. "സ്റ്റാലിനും സ്റ്റാലിന്റെ മഹത്തായ നേതൃത്വവും" എന്നു സമർത്ഥിച്ചുകൊണ്ട് മൊളോട്ടോവും ആ ഏകഛത്രാധിപതിയെ അന്നു പുകഴ്ത്തി. സഃ മിക്കോയനും അന്നു പ്രശംസാഗാനത്തിൽ പിറകോട്ടു പോയില്ല. "സ്റ്റാലിൻ സജീവവും സമർത്ഥവുമായ പങ്കുവഹിക്കാത്ത ഒരൊററ പ്രവൃത്തിയെങ്കിലും സാമ്പത്തികമോ രാഷ്ട്രീയമോ, സാംസ്കാരികമോ ആയ രംഗങ്ങളിൽ ഇന്നു സോവ്യറ്റുറഷ്യയിലില്ല" ഇതൊക്കെ അവരന്നു പറഞ്ഞില്ലെങ്കിൽ അവർക്കു ജീവിക്കുക സാദ്ധ്യമല്ല. സ്റ്റാലിന്റെ മരണാനന്തരം അവരിപ്പോൾ സ്റ്റാലിനെ പഴിക്കുന്നു. ഇതു് രാഷ്ട്രീയത്തിലെ ഒരു തന്ത്രമാണത്രെ. കൂട്ടുത്തരവാദിത്വമുള്ള ഏകാധിപത്യമാണിന്നവർ ആസൂത്രണം ചെയ്തിട്ടുള്ളതെന്നു പറയുന്നു. സ്റ്റാലിന്റെ കാലത്തു ഒരാളിന്റെ ഏകാധിപത്യമായിരുന്നു നടന്നിരുന്നതു്. സ്റ്റാലിൻ, മാർക്സ്, ലെനിൻ എന്നിവരുടെ തത്വശാസ്ത്രത്തെയാണ് നിഷ്ഠയായി പിന്തുടർന്നിരുന്നതു്.

സ്റ്റാലിന്റെ സാമ്പത്തികസിദ്ധാന്തങ്ങളും വിദേശനയവും ചരിത്രവീക്ഷണവുമെല്ലാം തെററായിരുന്നുവെന്നു് മോസ്കോകോൺഗ്രസിൽ ക്രൂഷ്ചേവ്, മലങ്കോവ്, മിക്കോയൻ പ്രഭൃതികൾ സ്ഥാപിച്ചു. സ്റ്റാലിന്റെ ഭരണത്തിൽ ഈ വകുപ്പുകളുടെയൊക്കെ നേതൃത്വം വഹിച്ചിരുന്നവരാണിന്നി നേതാക്കന്മാരെന്ന വസ്തുത വിസ്മരിക്കാവതല്ല. അന്നെന്തുകൊണ്ട് ഈ വീക്ഷണഗതി ഇവർ പുറത്തുവിട്ടില്ലായെന്നതു അർത്ഥഗർഭമായ ഒരു പ്രശ്നമാണ്. കമ്മ്യൂണിസ്റ്റുഭരണത്തിന്റെ ഉള്ളുകള്ളികളിലേക്കു വെളിച്ചംവീശുന്ന ഒരു പ്രശ്നമാണതു്. സ്റ്റാലിന്റെ നയം അന്താരാഷ്ട്രരംഗത്തു് വലിയ വെറുപ്പിനു കാരണമായിട്ടുള്ളതാണ്. അങ്ങനെയുള്ള ഒരു നയത്തിൽ തങ്ങൾക്കു പങ്കില്ലെന്നു ബാഹ്യലോകത്തെ ബോദ്ധ്യപ്പെടുത്തുവാനുംകൂടിയാണ് കമ്മ്യൂണിസ്റ്റുനേതാക്കന്മാർ ഇങ്ങനെയൊരടവു പ്രയോഗിക്കുന്നതെന്നും വിചാരിക്കുന്നതിൽ തെററില്ല.

മറെറാരു കാരണംകൂടിയുണ്ട്. സ്റ്റാലിനെപ്പോലെ സർവ്വാധിപത്യം കൈയടക്കത്തക്ക ഒരു ഏകവ്യക്തി ഇപ്പോൾ റഷ്യയിലില്ല എന്നതാണതു്. അതുകൊണ്ട് വ്യക്തിപൂജാസമ്പ്രദായത്തിന്റെ സ്ഥാനത്തു് ഇന്നവർ കൂട്ടുനേതൃത്വസമ്പ്രദായത്തിന്റെ മേന്മ പാടിപ്പുകഴ്ത്തുകയാണ്. പക്ഷെ റഷ്യയുടെ ഈ പശ്ചാത്താപം ആത്മാർത്ഥമാണെന്നു തെളിയിക്കണം. സ്റ്റാലിന്റെ ദുഷിച്ച വിദേശനയത്തിന്റെ ഫലമാണല്ലോ കോടിക്കണക്കിനു ജനങ്ങളെ കമ്മ്യൂണിസ്റ്റാധിപത്യത്തിൽ കൊണ്ടുവന്നിട്ടുള്ളതു്. ഈ രാജ്യങ്ങളിൽനിന്നു തങ്ങളുടെ കൈ വലിക്കുവാൻ ഈ സ്റ്റാലിൻവിരുദ്ധന്മാർ തയ്യാറാകുമോ? സ്റ്റാലിൻ സൃഷ്ടിച്ചുണ്ടാക്കിയ അടിമക്യാമ്പുകൾ അടച്ചുപൂട്ടുവാൻ ഇവർ ഉദ്ദേശിക്കുന്നുണ്ടോ? അങ്ങനെ സ്റ്റാലിൻചെയ്ത ഓരോ ദുഷിച്ച കാര്യങ്ങളും അവസാനിപ്പിക്കുവാൻ തയ്യാറാണോ?

ഒരു കാര്യം വ്യക്തമാണ്. സ്റ്റാലിനിസത്തിന്റെ പരാജയം കമ്മ്യൂണിസത്തിന്റെ പരാജയമാണ്. ഇപ്പോൾ സ്റ്റാലിനിസം ശവപ്പെട്ടിയിലടച്ചു് പകരം ലെനിന്റെ "സമാധാന"തത്വത്തിന്റെ അടിസ്ഥാനത്തിലും പഞ്ചശീലങ്ങളുടെ പശ്ചാത്തലത്തിലും നയരൂപീകരണം പ്രഖ്യാപിച്ചിരിക്കുകയാണത്രെ. അതിൽ എന്തു മാത്രം ആത്മാർത്ഥതയുണ്ടെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.


## വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ

ഈ കോൺഗ്രിഗേഷനിൽ ചേർന്ന് വൈദികരായി മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ കോൺഗ്രിഗേഷൻ വക പെററിസെമ്മിനാരിയിൽ ചേരുവാനുള്ള അപേക്ഷകൾ താഴെക്കാണുന്ന വിലാസത്തിൽ അയക്കുവിൻ. സ്കൂൾഫൈനലിൽ കുറയാത്ത പഠനം, സൽസ്വഭാവം, ആരോഗ്യം ഇവ അപേക്ഷകർക്ക് അനുപേക്ഷണീയം. സ്കൂൾഫൈനൽ യൂണിവേഴ്സിറ്റി പരീക്ഷകൾക്കു ചേർന്നിരിക്കുന്നവർക്കും ഇപ്പോൾതന്നെ അപേക്ഷകൾ അയക്കാവുന്നതാണ്.

Rector, St. Vincent's Seminary, Angamaly


ആഖ്യായിക

## ബറാബ്ബാസ്



### അദ്ധ്യായം 14 [തുടർച്ച]

### "മിറിയാം; മിറിയാം"

[വി. സി. ജോർജ്ജ് ബി. എ. എൽ. ററി.]

ഭടന്മാരിൽ രണ്ടുപേർ നഥാനിയേൽറാബിയുടെ ഓരോ കൈക്കും പിടിച്ച് ഭുജത്തിലെ മാംസപേശികളെ അവരുടെ ശക്തിമുഴുവനുമുപയോഗിച്ചമർത്തി ഞെരിക്കുകയും, റാബി ദുസ്സഹമായ വേദനനിമിത്തം പൊട്ടിക്കരയുകയുമായിരുന്ന അനന്തരരംഗം.

ശതാധിപൻ ഉച്ചത്തിൽ ചിരിച്ചു "നിങ്ങളുടെ പേരു നഥാനിയേൽറാബിയോ മറെറന്തെങ്കിലുമോ ആകട്ടെ. വേദന സംബന്ധിച്ചിടത്തോളം നിങ്ങൾ ആ ശുദ്ധവേദിയാണെന്നു തോന്നുന്നു." ആ സൈനികാധികാരി പുച്ഛരസത്തിൽ സംസാരിച്ചു. "മക്കടമുഷ്ടിക്കാരുടെ വായ്‌പൊളിപ്പിക്കുവാൻ പററിയ മാറുപായങ്ങളും ഞങ്ങൾക്കറിയാം" അദ്ദേഹം തുടർന്നഭിപ്രായപ്പെട്ടു.

"എനിക്കൊന്നും അറിഞ്ഞുകൂടാ. ബറാബ്ബാസ് എവിടെ പോയെന്നു ഞാനറിഞ്ഞില്ലാ. ഞാൻ ഈ വൈകുന്നേരം മാത്രമാണിവിടെ വന്നതു്. അതുകൊണ്ട് എന്റെ കൈകളുടെ കെട്ടഴിക്കുകയാണാവശ്യം" റാബി ശതാധിപനോടു അറിയിച്ചു.

ശതാധിപൻ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി; "ഇയാളൊരു പ്രത്യേകജാതി ജന്തുവാണെന്നു തോന്നുന്നു. അപ്പോൾ നിങ്ങൾ ജറുസലേമിൽനിന്നു വന്ന ഒരു പുരോഹിതനാണെന്നാണോ വാദം?" അദ്ദേഹം ചോദിച്ചു.

"അതെ, ഒന്നാംഗണത്തിൽപെട്ട ഒരു പുരോഹിതൻ; അതിന്റെ സാരം അങ്ങു ഗ്രഹിച്ചിട്ടുണ്ടെയെന്നു നിശ്ചയമില്ലാ."

"ഹാ, അങ്ങനെയോ? എന്നാൽ ഞങ്ങൾക്കു ഒരു വലിയ പുള്ളിയെതന്നെയാണല്ലോ ലഭിച്ചതു്? അപ്പോൾ നിങ്ങൾ പെരുങ്കള്ളനും കൊലപാതകിയുമായ ബറാബ്ബാസിനെ കാണുവാനായി ഇവിടെ വന്നു. നിങ്ങൾക്കു ചേർന്ന ഒന്നാംതരം ചങ്ങാതി! ഏതായാലും ബറാബ്ബാസ് ഓടിക്കളഞ്ഞ സ്ഥിതിക്കു നിങ്ങളെ കിട്ടിയതു ചില്ലറക്കാര്യമല്ലാ. ജറുസലേമിലേക്കു പോകുവാൻ നിങ്ങളുടെകൂടെ ഞാനുമുണ്ട്. ഞങ്ങൾക്കു ബറാബ്ബാസിനെ ലഭിച്ചില്ലെങ്കിലും അയാളുടെ കൂട്ടുകാരിൽപ്പെട്ടതെന്നു തോന്നിയ ഒരാളെ, ഒന്നാംഗണത്തിൽ പെട്ട ഒരു അഭിവന്ദ്യപുരോഹിതനെ, റാബി നഥാനിയേലിനെതന്നെ കിട്ടിയെന്നു ഞാൻ പ്രൊക്കുറേറററോടു പറയുമ്പോൾ തീർച്ചയായും അദ്ദേഹത്തിന്റെ കണ്ണു ഈറനാകാതെയിരിക്കുകയില്ലാ!"

"ശതാധിപാ, എന്നെ ബറാബ്ബാസിന്റെ ഒരു കൂട്ടുകാരനായി കരുതുന്നതിനെ ഞാൻ നിരോധിക്കുന്നു. നിങ്ങളുടെ അപവാദസംരംഭം അവസാനിപ്പിക്കാത്തപക്ഷം നിങ്ങൾക്കു തക്കസമ്മാനം ലഭിക്കാതിരിക്കയില്ല."

"താൻ നിരോധിക്കുന്നുവെന്നോ? തന്റെ നിരോധനം!" ആക്ഷേപസൂചകമായ ഈ വാക്കുകളോടുകൂടി ശതാധിപൻ റാബിയെ സമീപിച്ചു. റാബിയെ സ്വല്പം നേരം തുറിച്ചുനോക്കിയശേഷം അയാൾ അദ്ദേഹത്തിന്റെ മുഖത്തു തുപ്പി; "എടോ, ഇസ്രായേൽപട്ടി, താൻ എന്തുകാര്യത്തിനായിട്ടാണ് ബറാബ്ബാസിനെ കാണുവാനിവിടെ വന്നതെന്നെന്നോടു പറയൂ" എന്നു ആജ്ഞാപിച്ചു.

"അയാളുടെ ജീവിതരീതി നന്നാക്കുവാനയാളോടുപദേശിക്കുന്നതിനായിട്ടു്." ഈ സമാധാനമേ റാബിയുടെ നാവിൽ തോന്നിയുള്ളൂ. കൂടുതൽ അപമാനകരമായ പെരുമാററത്തിൽനിന്നു രക്ഷപെടുവാൻ മാത്രമായിരുന്നു റാബിയുടെ ചിന്ത. ശതാധിപൻ ചിരിച്ചു മണ്ണു കപ്പുന്ന പാകത്തിലായി.

"അങ്ങനെയാണോ പറയുന്നതു്? താൻ ചക്കരവാക്കുകൾകൊണ്ടു അയാളുടെ മാനസാന്തരം സാധിക്കുവാൻ പണിപ്പെട്ടു! എന്റെ റാബി, ഞാൻ ഒരു സാധാരണഭടനാണെങ്കിലും ഒരു മരത്തലയനാണെന്നങ്ങു ചിന്തിക്കരുതെ. എന്നെ അപമാനിക്കുന്നതിലേക്കു അതിൽപരം ഒന്നും ചെയ്യുവാനില്ല. ഇനി തന്റെ കണക്കായി ചെലവാക്കുവാൻ അല്പസമയമേയുള്ളൂ. താൻ ഞങ്ങളുടെകൂടെ വരികയാണല്ലോ. തന്റെ തമാശകൾ പ്രൊക്കുറേറററിനോടു പറഞ്ഞോളൂ. തനിക്കിവിടെ എന്തു ജോലിയിൽ ഏർപ്പെട്ടിരുന്നുവെന്നു അദ്ദേഹം തന്നെ കൊണ്ടു പറയിച്ചോളും."

"എന്നെ ബന്ധവസ്സിൽ വെക്കുവാൻ നിങ്ങൾക്കധികാരമില്ല." റാബി നഥാനിയേൽ ഇത്രയും പറഞ്ഞുകഴിയുന്നതിനുമുമ്പ് ഭടന്മാർ അദ്ദേഹത്തിന്റെ കൈയിൽ പിടിച്ചു വലിക്കുകയും വേദനസഹിക്കുവാൻ സാധിക്കാതെ അദ്ദേഹം ആർത്തരോദനത്തോടുകൂടി നിലംപതിക്കുകയും ചെയ്തു.

ശതാധിപൻ വീണ്ടും റാബിയെ സമീപിച്ചു് കാർക്കശ്യപൂർവ്വം പറഞ്ഞു: "എനിക്കധികാരം ഉണ്ടോ? പക്ഷെ ഇല്ലായിരിക്കാം. എന്നാൽ ആവശ്യമായ ബലമുണ്ട്. കർവന്മാരാണോ, എനിക്കഹിതമായ ഒററവാക്കു താൻ ശബ്ദിച്ചുപോയാൽ തനിക്കവശേഷിച്ചിട്ടുള്ള അല്പം ബോധം അസ്തമിക്കുന്നതുവരെ ഞാൻ ചാട്ടകൊണ്ടു തന്നെ

അടിപ്പിക്കുകതന്നെ ചെയ്യും. ഇനി നടക്കാം. ഇയാളെ കൊണ്ടുപോയി സാമാനക്കുതിരകളിൽ ഒന്നിനോടു ചേർത്തു ബന്ധിക്കൂ. വലിയ ഭയമൊന്നും ആവശ്യമില്ല. റോമന്മാരുടെ തടവുകാരനായാലുള്ള അനുഭവം യഹോവയുടെ പരിരക്ഷകെട്ട ഈ ദാസൻ അല്പം അറിഞ്ഞുകൊള്ളട്ടെ.”

റാബി നഥാനിയേലിന്റെ ഉരത്തിനുപിടിച്ചു തള്ളിത്തത്തിച്ചു ഇടുങ്ങിയ ഒരു വാരത്തിൽക്കൂടി മുറിയിൽനിന്നു ഭടന്മാർ അദ്ദേഹത്തെ തെരുവിലിറക്കി. സ്വന്തം വീടിനു മുൻവശത്തെ തെരുവിൽ, വിലങ്ങുധരിച്ചു് ഭടന്മാരാൽ ചുററപ്പെട്ടു് മിറിയാം ചുരുണ്ടുകൂടി കിടക്കുന്നുണ്ടായിരുന്നു. അവളുടെ മുഖം ശവത്തിന്റേതുപോലെ വിളറിയും വായ് വേദനകൊണ്ടു് വക്രീകൃതമായും കാണപ്പെട്ടു. അവളുടെ വേർവിട്ട ചുണ്ടുകൾക്കിടയിൽക്കൂടി ചെറിയ കൂർത്ത പല്ലുകൾ ദൃശ്യമായി. ആ സ്ത്രീയുടെ വലിയ കരിങ്കണ്ണുകളിൽ അദമ്യമായ വിദ്വേഷം തിളങ്ങി.

“എന്തായി?” ശതാധിപൻ അവിടെയുണ്ടായിരുന്ന ഭടന്മാരിൽ ഒരുവനോടു ചോദിച്ചു.

“ഇവൾ യാതൊന്നും സംസാരിക്കുന്നില്ല” കോപാന്ധനായ ഭടൻ മറുപടിപറഞ്ഞു. അതോടുകൂടി കമിഴ്ന്നുകിടന്ന മിറിയാമിന്റെ വാരിയെല്ലു ലക്ഷ്യമാക്കി ഒരു ക്രൂരൻതൊഴിയും അയാൾ കൊടുത്തു. ഇതിന്റെ ഫലം അവൾ ബോധരഹിതയാകുക യായിരുന്നു.

“അവളുടെ ഉള്ളങ്കാലിൽ കിക്കിളിപ്പൂട്ടിയോ?” ശതാധിപൻ ചോദിച്ചു.

ഉത്തരം പറയുന്നതിനുപകരം ഭടൻ സ്ത്രീയുടെ പാദങ്ങൾ ചൂണ്ടിക്കാണിച്ചു. അവ നീരുകെട്ടി വീങ്ങി രക്തമൊലിപ്പിച്ചുകൊണ്ടിരുന്നു.

“വേദന അറിയുന്ന ഭാവം അവൾ കാണിച്ചേയില്ല” ഭടൻ പറഞ്ഞു.

“യഹൂവേശ്ശത്തിന്റെ ശാപം പിടിച്ച നിർബന്ധബുദ്ധിതന്നെ,” ശതാധിപൻ താണസ്വരത്തിൽ അഭിപ്രായപ്പെട്ടു. അപ്പോഴേക്കും ബറാബാസിനെ അന്വേഷിച്ചുപോയ ഭടസംഘം മടങ്ങിയെത്തി. അയാളെപ്പററി യാതൊരു വിവരവും അവർക്കു ലഭിച്ചിരുന്നില്ല. കുപിതനായ ശതാധിപൻ തന്റെ കീഴുദ്യോഗസ്ഥനായിരുന്ന ദശാധിപനെ അത്യധികം പഴിച്ചു. അനന്തരം മററുള്ള ഭടന്മാർക്കാജ്ഞനൽകി: “ഇതിന്റെ കഥ കഴിയട്ടെ. ഈ മാളികയിലെ ഒററ വാരിപോലും ശേഷിക്കരുതു്.” ശതാധിപന്റെ ഉദ്ദേശ്യം പെട്ടെന്നു സുജ്ഞാതമായി. പന്തക്കാർ മിറിയാമിന്റെ ചെറുഗൃഹത്തിനു പല സ്ഥലത്തായി തീകൊളുത്തി. ഏതാനും ക്ഷണംകൊണ്ടു് അഗ്നിപടലം ആകാശത്തിൽ ഉയർന്നു. അവിടെയുമിവിടെയും പൊട്ടിത്തെറിക്കലും ആളിക്കത്തലും. നിലംചേർന്നു ചുരുണ്ടുകിടന്നിരുന്ന മിറിയാം തീവ്രവേദനേ സൂചിപ്പിച്ചുകൊണ്ടു് കത്തിക്കാളുന്ന സ്വഭവനത്തിന്റെനേരെ ദൃഷ്ടിതിരിച്ചു. പുരപ്പുറത്തെ വിടവുകളിൽനിന്നോ ലക്കില്ലാതെ ഏതാനും പ്രാവുകൾ പറന്നു. പുരയോടുചേർത്തു കെട്ടിയിരുന്ന ആട്ടിൻകൂടിനു തീപിടിച്ചതോടുകൂടി അതിലുണ്ടായിരുന്ന ആടുകളും കുഞ്ഞുങ്ങളും ഉച്ചത്തിൽ അലറി. മിറിയാം വാവിട്ടുകരഞ്ഞു്, രക്തമൊലിച്ചിരുന്ന അവളുടെ പാദങ്ങൾ ഉയർന്നു പിടച്ചെഴുന്നേററു് വിലങ്ങിൽ കുടുങ്ങിയ അവളുടെ കരങ്ങൾ ഉയർത്തി, ദുഃഖസ്വരത്തിൽ ദീർഘശ്വാസംവലിച്ചു് അഗ്നിക്കിരയായ വസ്തുക്കളിലേക്കു കണ്ണോടിച്ചു്, “എന്റെ ആടുകൾ, അയ്യോ എന്റെ ആടുകൾ” എന്നിങ്ങനെ നിലവിളിച്ചു.

“അവളെന്താവശ്യപ്പെടുന്നു?” ശതാധിപൻ റാബിയോടു ചോദിച്ചു.

അഗ്നിയുണ്ടാക്കിയ പടപടധ്വനിക്കുമിടെ കേൾക്കത്തക്കവണ്ണം ഉച്ചത്തിൽ റാബി സമാധാനം നൽകി: “അവരുടെ ആടുകളെ.”

ശതാധിപൻ ആനന്ദലഹരിയിൽ ചിരിച്ചു: “പോയി അവയെ എടുക്കൂ” എന്നു് മിറിയാമിനോടുപദേശിച്ചു. ആ ഉദ്യോഗസ്ഥൻ പറഞ്ഞതു് മനസ്സിലായി എന്നു തോന്നുമാറു് ആ സ്ത്രീ എരിഞ്ഞുകൊണ്ടിരുന്ന ആട്ടിൻകൂട്ടിലേക്കു വിലങ്ങുള്ള കൈകളോടുകൂടി നീങ്ങുകയും അങ്ങനെ അഗ്നിശിഖകൾക്കിടയിൽ മറയുകയുംചെയ്തു. സാധാരണമായി അനുകമ്പാരഹിതനെന്നറിയപ്പെട്ട നഥാനിയേൽറാബിക്കു ആ സ്ത്രീയുടെ പ്രസ്തുത ഉദ്യമം തടയണമെന്നാഗ്രഹംതോന്നി. ശതാധിപനാകട്ടെ, ആഹ്ളാദപ്പരപ്പിൽ വിഹരിക്കുകയായിരുന്നു. വീടും ആട്ടിൻകൂടുമെല്ലാം കത്തി തറയിൽവീണു, അവയുടെ സ്ഥാനത്തു് ചാരവും കരിയും തീയും പുകയും മാത്രം അവശേഷിച്ചപ്പോൾ ആ സേനാനായകൻ ഹർഷപ്രധാനമായ ഒരു മനോഹരനാടകം സന്ദർശിച്ച ആളെപ്പോലെ കൈകൾ രണ്ടും കൂട്ടിക്കൊട്ടിച്ചിരിക്കുകയായിരുന്നു. ആ കൈകൾ പെട്ടെന്നു് അയാളുടെ കണ്ഠത്തിങ്കലേക്കയന്നു; ഇടിവെട്ടേററവിധം ശതാധിപൻ ധടുതി നിലംപതിച്ചു. ഒരു ഘർഘരരവവും കുറുത്തിരുണ്ട കുറേ രക്തവും അയാളുടെ വായിൽനിന്നു് പുറപ്പെട്ടു. ഒരു അസ്ത്രം അയാളുടെ തൊണ്ടയിൽ ഉളച്ചു് മറുവശത്തു് ഏതാനുംഭാഗം കാണത്തക്കവണ്ണം കയറിയിരുന്നു. ഭടന്മാർ അലറി ഒച്ചപ്പാടുണ്ടാക്കി. ശതാധിപൻ പഴിച്ച ദശാധിപൻ നേതൃത്വം സ്വീകരിച്ചു് അവിടെ സമാധാനം പുനഃസ്ഥാപിച്ചു. ഒളിയമ്പെയ്തവനെ തേടിപ്പിടിക്കുവാൻ ഭടന്മാരിൽ അർദ്ധഭാഗം നിയുക്തരായി. ബാക്കിയുണ്ടായിരുന്നവർ കൂടുതൽ അപകടമൊഴിക്കുവാൻ കത്തിയെരിഞ്ഞ കെട്ടിടമുണ്ടാക്കിയ പ്രകാശത്തിൽനിന്നു് പിന്മാറുകയുംചെയ്തു. തെരുവിൽ, നശിച്ച കെട്ടിടത്തിന്റെ മുൻവശത്തു്, അഗ്നിയുടെ പ്രകാശം വ്യാപിച്ച സ്ഥലത്തു്, ശതാധിപൻ മൃതിയെ അഭിമുഖീകരിച്ചുകിടന്നു. അയാളുടെ യൗവനം മൃതിക്കെതിരായി നടത്തിയ സമരം നിഷ്ഫലമായി. ശരപാതം തെല്ലും ലക്ഷ്യംപിഴയ്ക്കാത്തതായിരുന്നു.

മരണവക്ത്രത്തിൽപ്പെട്ടുഴലുന്ന ശതാധിപനുസമീപം ആകാശവീക്ഷണംചെയ്തുകൊണ്ടു് വെറും തറയിൽ ഇരിക്കുകയായിരുന്നു നഥാനിയേൽറാബി. ആ ദിവസത്തിലെ ഭയാനകസംഭവങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ മേഘപടലങ്ങൾ നിറച്ചിരുന്നു. ആ വക സംഭവങ്ങൾ അയഥാർത്ഥങ്ങളാണെന്നും താനേതോ ദുഃസ്വപ്നത്തിനധീനനാണെന്നും അതിൽനിന്നുടൻതന്നെ വിമോചനം ലഭിച്ചേക്കുമെന്നും അദ്ദേഹം ചിന്തിക്കാതിരുന്നില്ല. അനലൻ മെല്ലെമെല്ലെ എരിഞ്ഞു താനെ അവസാനിച്ചു. ആട്ടിൻകൂട്ടിലെ ജന്തുക്കളുടെ ശബ്ദം കെട്ടിടം നുറുങ്ങി വീണതോടുകൂടി കേൾക്കാതായതാണു്. അഗ്നി അതിന്റെ കഠോരകൃത്യം നിർവ്വഹിച്ചുകഴിഞ്ഞു. കുറേകഴിഞ്ഞു്—കഴിഞ്ഞതു് മണിക്കൂറുകളോ നിമിഷങ്ങളോ യെന്നു പറയുവാൻ റാബിക്കു സാധിക്കയില്ലായിരുന്നു — ശതാധിപന്റെ ഘാതകനെ അന്വേഷിച്ചു പുറപ്പെട്ട ഭടന്മാർ മടങ്ങിയെത്തി. അവർക്കു യാതൊരു വിവരവും ലഭിച്ചില്ല. അടുത്തുണ്ടായിരുന്ന കെട്ടിടങ്ങൾക്കുകൂടേയും തീവച്ചാലോയെന്നു ഒരു ഭടൻ ആലോചിച്ചു. ദശാധിപൻ അയാളുടെ നരച്ചുതല കുലുക്കി വിസമ്മതം പ്രകടിപ്പിച്ചു.

“ഈ രാത്രിയിലെ ജോലി വേണ്ടവോളമായി, നമുക്കിപ്പോൾ പോകാം” എന്നായിരുന്നു അയാളുടെ തീരുമാനം. ഒരു കോവണി ശവമഞ്ചമായിസ്വീകരിച്ചു് ഭടന്മാർ ശതാധിപന്റെ ശരീരം അതിന്മേൽ ബന്ധിച്ചു. പുരോഹിതന്റെ കാര്യം എങ്ങനെയെന്നു ഒരു ഭടൻ ചോദിച്ചതിനു് “അദ്ദേഹത്തെ ഒരു കുതിരപ്പുറത്താക്കൂ” എന്നു് ദശാധിപൻ സമാധാനംനൽകി. ഒരു മൃതനേയും ഒരു ബന്ധിതനേയും ഭടന്മാർ കൂടെക്കൊണ്ടുപോയി. അവരുടെ പിമ്പിലുണ്ടായിരുന്ന കൊള്ളികളെല്ലാം ചാമ്പലായി. അവയുടെ സ്ഥാനം തമോമയമായിത്തീർന്നിരുന്നു.

പ്രസ്തുത ഭീകരസംഭവങ്ങളുടെ രംഗത്തുനിന്നു് വളരെ അകലെയല്ലാതെ ഒരു കുന്നിന്റെ ചരിവിൽ തന്റെ പാർശ്വത്തിൽ എസ്രാമുമായി ബറാബാസ് കിടന്നിരുന്നു. ഭടന്മാർ പന്തങ്ങളുമായി കടന്നുപോകുന്നതയാൾ കണ്ടു. മിന്നുന്ന ഒരു സർപ്പം മന്ദമായി ഇഴഞ്ഞു് താഴ്‌വരയിലെ വഴിയിൽക്കൂടി നീങ്ങി വിദൂരതയിലെത്തുന്നതുപോലെ.

ചൂടു ധാരാളമുണ്ടായിരുന്ന രാത്രിയായിരുന്നിട്ടും കിടുകിടാവിറയ്ക്കുന്ന പല്ലുകളുമായി, “അവളുടെ കഥ കഴിഞ്ഞു” എന്നു് ബറാബാസ് അനുസ്മരിച്ചു.

“അവൾ പ്രതികൃതയാകുകയും ചെയ്തു” എസ്രാം പറഞ്ഞു.

“ഇല്ല, ഇല്ല. അവൾ പ്രതികൃതയായിട്ടില്ല അവളെ അഗ്നിയിലേക്കോടിച്ച ആ പട്ടിയെപ്പോലെ സകല റോമന്മാരും ചത്തൊടുങ്ങുന്നതുവരെ അവൾ പ്രതികൃതയാകുകയില്ലതാനും. മിറിയാം, ഇല്ല, അതിനുമുമ്പു് ഒരിക്കലും നീ പ്രതികൃതയാകുകയില്ല” ബറാബാസ് പ്രസ്താവിച്ചു. അനന്തരം എസ്രാംപോലും കേൾക്കുവാൻ കഴിയാതിരുന്ന താണസ്വരത്തിൽ അയാൾ തുടർന്നു: “പ്രതികാരം ഞാൻ ചെയ്യുന്നില്ലെങ്കിൽ മററാളുകൾ ചെയ്യും, തീർച്ചയാണു്. പ്രതികർത്താക്കൾ ഉണ്ടായേ കഴിയൂ.”

മേഘരഹിതമായ ആകാശത്തിൽനിന്നു താരഗണം ഇവരുടെനേരെ മന്ദഹാസംതൂകി. പുഷ്പിച്ചുവരുന്ന മരനിരയിലെ സൗരഭ്യം കലർന്ന ധൂമഗന്ധം താഴ്‌വരയിൽ നിന്നുയർന്നു.

“ബറാബാസ്, നമുക്കിവിടെനിന്നു പോകാം. അവർ ഉടൻതന്നെ നമ്മുടെ പിമ്പിൽ എത്തിയേക്കും” എസ്രാം അഭിപ്രായപ്പെട്ടു. ബറാബാസ് ഉത്തരം പറഞ്ഞില്ല. പുകഞ്ഞെരിയുന്ന അയാളുടെ കണ്ണുകളിൽനിന്നു് നാകമുരുക്കിയൊഴിച്ചവിധം ബാഷ്പകണങ്ങൾ വീണു. “മിറിയാം, മിറിയാം......” അയാൾ ഉരുവിട്ടു.

(തുടരും)

# ജീവോൽപത്തി

(ജി. കന്നംകോട്ടു ബി. എ.)

ഭൗതികവാദികളുടെ മസ്തിഷ്കത്തിനു് ചൂടുപിടിപ്പിക്കുന്ന ഒരു മഹാപ്രശ്നമാണു് ഭൂമിയിലെ ജീവോല്പത്തി. നാം അധിവസിക്കുന്ന പ്രപഞ്ചത്തിനും അതിലെ സകല ചരാചരങ്ങൾക്കും ഒരു സ്രഷ്ടാവു് ഇല്ലെന്നു വന്നാൽ പ്രകൃതിയിൽ നിർജ്ജീവവസ്തുവിൽനിന്നും ജീവൻ താനെ ഉണ്ടായെന്നു് സമ്മതിക്കേണ്ടിവരും. ഒരു അചേതന വസ്തുവിനു് സ്വയം ജീവൻ പ്രാപിക്കാമോയെന്നു് പേരെടുത്ത പല ശാസ്ത്രജ്ഞന്മാരും ഇതിനകം പരീക്ഷണം നടത്തിയിട്ടുണ്ടു്. എന്നാൽ ഇതുവരെയും ആരും അങ്ങനെ സ്ഥാപിച്ചിട്ടില്ല. “ഹേക്കൽ” (Haeckel), ഹക്സിലി (Huxley) എന്നീ ശാസ്ത്രജ്ഞന്മാർ ചില സിദ്ധാന്തങ്ങളുമായി മുമ്പോട്ടു വന്നെങ്കിലും അവസാനം അവ അയഥാർത്ഥങ്ങളാണെന്നു് മററുള്ളവർ തെളിയിച്ചു. ഒരു ജർമ്മൻകാരനായിരുന്ന “ഹേക്കൽ” നിർജ്ജീവവസ്തുവിനും ജീവവസ്തുവിനും മദ്ധ്യസ്ഥിതവും രണ്ടിനെയുംയോജിപ്പിക്കുന്നതുമായ ഒരു വസ്തു സമുദ്രത്തിലുണ്ടെന്നു് വാദിക്കുകയും അതിനു് “മോണേറാ” (Monera) എന്ന സംജ്ഞ നൽകുകയും ചെയ്തു. അതിനുശേഷം ഹക്സിലി എന്ന ഇംഗ്ലീഷ് ശാസ്ത്രജ്ഞൻ ഒരു ശതാബ്ദത്തിനു മുൻപു് പല ഗവേഷണങ്ങൾക്കു ശേഷം “ഹേക്കലിന്റെ” സിദ്ധാന്തത്തെ സ്ഥിരീകരിക്കുവാൻ ശ്രമിച്ചു. അററ്ലാൻറിക്ക് മഹാസമുദ്രത്തിൽ ജലനിരപ്പിൽനിന്നും പത്തുപതിനായിരം അടി താഴെ ഏതോ സ്നിഗ്ദ്ധമായ ഒരു സാധനം അദ്ദേഹം കണ്ടുപിടിച്ചുവത്രെ. ഹേക്കലിന്റെ “മോണേറാ”യോടു് സമാനമായ ഈ സാധനത്തിനു് അഗാധജീവൻ (Deep life) എന്നർത്ഥം വരത്തക്കവിധം “ബിയാത്തിബിയസ് ഹേക്കേലിയി” (Biathybius Haeckelii) എന്നൊരു ശാസ്ത്രീയസംജ്ഞയും അദ്ദേഹം നൽകി. ഹക്സിലി വിചാരിച്ചതു് ഇതു് സ്വയം ജീവോല്പാദനശക്തിയുള്ള ഏതോ പ്രാഥമികപദാർത്ഥമാണെന്നാണു് (Primogenial Matter) എന്നാൽ സമുദ്രത്തിനടിയിൽ കണ്ട ആ സാന്ദ്രവസ്തു വെറും ചുണ്ണാമ്പുകല്ലിന്റെ വകഭേദമാണെന്നു് രസതന്ത്രജ്ഞന്മാർ പരീക്ഷണംകൊണ്ടു് സമർത്ഥിച്ചതോടുകൂടി ഹക്സിലിക്കു് തന്റെ അബദ്ധം സമ്മതിക്കാതെ തരമില്ലാതെ വന്നു. കഴിഞ്ഞ നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന മഹാനായ ഫ്രഞ്ചുകത്തോലിക്കാശാസ്ത്രജ്ഞനാണു് ഹക്സിലിയുടെയും കൂട്ടാളികളുടേയും അബദ്ധസിദ്ധാന്തങ്ങൾക്കു് അവസാനമായ ഒരു വിരാമമിട്ടതു്. തീവ്രമായ പഠനത്തിന്റെയും, ശാസ്ത്രീയമായ ഗവേഷണത്തിന്റെയുംശേഷം അദ്ദേഹം കണ്ടുപിടിച്ചു “ജീവൻ ജീവനിൽനിന്നും പുറപ്പെടുന്നു”വെന്നു് (A living being comes from another living being) സൂക്ഷ്മാണുതുല്യമായ ജീവികൾ പോലും താനെ ഉല്പാദിക്കപ്പെടുന്നില്ല. പ്രത്യുത അവയോരോന്നും വേറൊന്നിൽനിന്നും ജന്മമെടുക്കുന്നു. സസ്യശാസ്ത്രത്തിലെ മൂലപ്രമാണം അതാണു്.

ജീവനുള്ളവയെ ജീവനില്ലാത്തവയിൽനിന്നും എങ്ങിനെ തിരിച്ചറിയാം? ഒന്നാമതായി ഒരു ജീവവസ്തുവിന്റെ ആന്തരികഘടന നിർജ്ജീവവസ്തുവിന്റേതിൽനിന്നും വളരെ വിഭിന്നമാണു്. അത്ഭുതകരമായ ഒരു സങ്കീർണ്ണത അതിന്റെ ഘടനയിൽ നമുക്കു കാണുവാൻ കഴിയും. ഒരു നിസ്സാര ജീവാണുവിൽ കാണുന്ന ഘടനാവിശേഷം ആധുനികമനുഷ്യന്റെ ഏററവും വലിയ കണ്ടുപിടുത്തത്തെപ്പോലും അമ്പരപ്പിക്കുന്നതാണു്. ഒരു യന്ത്രത്തിനു് സമർത്ഥനായ ഒരു നിർമ്മാതാവു് ആവശ്യമെങ്കിൽ അനന്തപ്രഭാവത്തോടുകൂടിയ ഒരു വിശ്വശില്പിയുടെ ആസ്തിക്യത്തെയാണു് ഓരോ ജീവിയുടെയും ശരീരഘടന വിളിച്ചറിയിക്കുന്നതു്. എന്താണു് ജീവൻ? “ആന്തരികപ്രവൃത്തിയുടെ ഒരു തത്വം അഥവാ പ്രമാണം (A principle of internal



activity) എന്നാണ് തത്വശാസ്ത്രജ്ഞന്മാർ ജീവനെ നിർവചിച്ചിരിക്കുന്നത്. ഈ നിർവചനപ്രകാരം ചേതനവസ്തുവിനെ അചേതനവസ്തുവിൽനിന്നും തിരിച്ചറിയുവാൻ അതിനു് ആന്തരികപ്രവൃത്തി (ചലനം) ഉണ്ടോയെന്നു നോക്കിയാൽ മതി. കൂടാതെ ഈ ചലനത്തോടനുബന്ധിച്ച് സ്വയം പരിപൂർണ്ണതയും, നിലനില്പിനും വേണ്ടിയുള്ള ഒരു പ്രവണത സകല ജീവജാലങ്ങളിലും നമുക്ക് കാണുവാൻ കഴിയും. ഒരു വസ്തുവിനു ജീവനുണ്ടെന്നുള്ളതിൻെറ ബാഹ്യലക്ഷണങ്ങളാണ് അതിൻെറ ചലനം, വളർച്ച, സന്താനോല്പാദനം മുതലായവ.

ചലിക്കുന്നതിനെല്ലാം ജീവനുണ്ടെന്നു് അർത്ഥമാക്കേണ്ടതില്ല. ഒരു ഘടികാരത്തിൻെറ ചക്രങ്ങൾ ചലിക്കുന്നവയാണ്. മോട്ടോർ, വിമാനം മുതലായ വാഹനങ്ങൾക്ക് ഒരു സ്ഥലത്തുനിന്നും മററൊരു സ്ഥലത്തേക്ക് ചരിക്കുവാൻ സാധിക്കും. പക്ഷേ എന്തുകൊണ്ട് അവയ്ക്ക് ജീവനില്ലെന്നു നാം പറയുന്നു? കാരണം അവയിലൊന്നിനു് അതുപോലെ വേറൊന്നിനെ ഉല്പാദിപ്പിക്കുവാൻ കഴിവില്ലായെന്നുള്ളതാണ്. വളർച്ചയാണ് ജീവികളെ ജീവനില്ലാത്തവയിൽനിന്നും വേർതിരിക്കുന്ന വേറൊരു ലക്ഷണം. ഇവിടെയും വളർച്ച അതിൻെറ യഥാർത്ഥ അർത്ഥത്തിൽ മനസ്സിലാക്കണം. ലവണ പദാർത്ഥങ്ങളുടെ സ്ഫടികക്കല്ലുകൾ (Crystals) പരിപൂർണ്ണമായ അവയുടെ ദ്രാവകങ്ങളിൽ വേണ്ടവിധം കുറെനാൾ സൂക്ഷിച്ചാൽ അവ വളരുമെന്നു് നാം സയൻസ്ക്ലാസ്സുകളിൽ പഠിച്ചിട്ടുണ്ട്. എന്നാൽ അത്തരം വളർച്ച ജീവനെ സൂചിപ്പിക്കുന്നില്ല. യഥാർത്ഥ ജീവവസ്തു വളരുന്നതു് പുറമേനിന്നു ഭക്ഷണസാധനങ്ങൾ സ്വീകരിച്ച് അവയെ ദഹിപ്പിച്ച് സ്വശരീരത്തിൻെറ അംശമായി പകത്തിക്കൊണ്ടാണ്. എന്നാൽ മേല്പറഞ്ഞ ലവണപദാർത്ഥങ്ങളുടെ വളർച്ച വെറും കൃത്രിമമാണ്. അതു് വെറും കല്ലുകൾ ഒന്നിനു മുകളിൽ വേറൊന്നു അടുക്കി ഭിത്തിപണിയുംപോലെയാണ്.

സന്താനോല്പാദനം ജീവൻെറ പരമപ്രധാനമായലക്ഷണമാണ്. ജീവവസ്തുക്കളിൽ മാത്രമേ അത്ഭുതകരമായ ഈ ശക്തിവിശേഷം കാണുകയുള്ളു. അചേതനവസ്തുക്കളിൽ ബാഹ്യമായ ചലനം കണ്ടെന്നു വരാം. പക്ഷേ ഒരിക്കലും അവ വേറൊന്നിനു് ജീവൻ കൊടുത്തുവെന്നു വരികയില്ല. എല്ലാവിധ ജന്തുക്കൾക്കും, സസ്യങ്ങൾക്കും അതതിൻെറ വർഗ്ഗഗുണം നിലനിർത്തി മററുള്ളവയ്ക്കു ജന്മം കൊടുക്കുവാനുള്ള കഴിവുണ്ട്. അഗസ്റ്റിനോസിൻെറ വൈദികഗണത്തിൽപെട്ട ഗ്രിഗറി മെൻഡൽ (Gregory Mendal) എന്ന ശാസ്ത്രജ്ഞൻ ഈ സംഗതിയെപ്പററി വിപുലമായ പരീക്ഷണങ്ങൾ നടത്തി വിശ്വപ്രഖ്യാതമായ "വംശപാരമ്പര്യനിയമങ്ങൾ" (Laws of heredity) എഴുതിയുണ്ടാക്കി.

ദൈവമില്ലെന്നു് ജല്പിക്കുന്നവർ ജീവൻ പരീക്ഷണക്കുഴലിൽ (Test tube) ശാസ്ത്രീയമായി ഉല്പാദിപ്പിക്കുവാൻ സാധിക്കുമെന്നു് സ്വപ്നം കാണുന്നു. പല ശാസ്ത്രജ്ഞന്മാരും അതിനുവേണ്ടി പരിശ്രമിച്ചുനോക്കിയിട്ടുണ്ട്, ചിലർ ഇപ്പോഴും പരിശ്രമിച്ചുകൊണ്ടാണിരിക്കുന്നതു്. നാളിതുവരെ ഫലം നാസ്തിതന്നെ. പരാക്രമശാലികൾ വിഷമമേറിയവ ചെയ്യുവാൻ പരിശ്രമിച്ചെന്നു വരും. പക്ഷേ തത്വപരമായി അസാദ്ധ്യമായതിനുവേണ്ടി സ്ഥിരബുദ്ധിയില്ലാത്തവരേ പരിശ്രമിക്കുകയുള്ളു.

നാം അധിവസിക്കുന്ന പ്രപഞ്ചം നാനാവിധ അത്ഭുതജീവികളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. എവിടെനിന്നു് എങ്ങിനെ ജീവൻ ഭൂമുഖത്തുണ്ടായി? വെറും അചേതന പദാർത്ഥത്തിൽനിന്നും ജീവൻ സ്വയം രൂപമെടുത്തതാണോ? ശാസ്ത്രം അതല്ലെന്നു് തെളിയിക്കുന്നു. വിശ്വാസം അതിനെ സ്ഥിരീകരിക്കുന്നു. അപ്പോൾ ജീവോല്പത്തിക്ക് ഒരു കാരണമേ ഉള്ളു—ദൈവമാണ് ജീവൻെറ ഉല്പത്തിസ്ഥാനം.

—o—

ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V. PRODUCTS, IRINJALAKUDA

(1-ാംപേജ് തുടർച്ച)

അറിയാവുന്നതു പറഞ്ഞുകൊടുക്കണം. വീട്ടിലിരിക്കുന്ന വൃദ്ധന്മാർക്കും വൃദ്ധകൾക്കും കൊച്ചുകുട്ടികളോട് ഇതേപ്പററിയൊക്കെ സംസാരിക്കുവാൻ കൂടുതൽ സൗകര്യവും സമയവും ലഭിക്കും. പള്ളിക്കൂടങ്ങളിൽ മതശിക്ഷണം പ്രമാനം ചെയ്യുന്ന അദ്ധ്യാപകന്മാരും ഒരു കാര്യം മറക്കരുതു്. മതബോധനം ഒരു മഹാ പ്രേഷിതവേലയാണ്. ഇതു് ആത്മാർത്ഥമായി അവർ നിർവ്വഹിച്ചെങ്കിലേ കുട്ടികളുടെ ക്രിസ്തീയ ജീവിതത്തിൻെറ അടിസ്ഥാനം ശരിക്കിടപ്പെടുകയുള്ളു.

മതപഠനത്തിനു് വേറൊരു മാർഗ്ഗംകൂടിയുണ്ട്. അതാണ് വായന. ഇതു് എല്ലാവർക്കും പററിയതാണ്. മതപരമായപുസ്തകങ്ങളും മാസികകളും വാരികകളും നമുക്കുണ്ട്. എന്നാൽ ലഘുഗ്രന്ഥങ്ങൾ (Pamphlets) മലയാളത്തിൽ താരതമ്യേന വളരെ കുറവാണ്. ഈ ലഘുപത്രികകളിൽ, തെററിധരിക്കപ്പെടുന്നതോ സംശയകാരണമോ ആയ ഏതെങ്കിലും മതതത്വമോ, മറേറതെങ്കിലും ധാർമ്മികപ്രശ്നമോ, ചുരുങ്ങിയ പേജുകളിൽ ആകർഷണീയമായവിധത്തിൽ വിവരിച്ച് സഭയുടെ നില വിശദമാക്കപ്പെടണം. വലിയ പുസ്തകങ്ങൾ വായിച്ച് കാര്യം ഗ്രഹിക്കുവാൻ സമയമോ സൗകര്യമോ ഇല്ലാത്തവരെ സംബന്ധിച്ചിടത്തോളം അവ വളരെ ഉപകാരപ്രദമാണ്. നിസ്സാരവിലയ്ക്കു ലഭിക്കാവുന്നതും ഏതാനും മിനിട്ടുകൾക്കുള്ളിൽ വായിച്ചുതീർക്കാവുന്നതുമായ ഈ ലഘുഗ്രന്ഥങ്ങൾ ആകർഷണീയമായവിധത്തിൽ എഴുതി പ്രസിദ്ധപ്പെടുത്തുന്നതിനുകഴിവുള്ളവർ പരിശ്രമിക്കട്ടെ.

ഇങ്ങനെ കത്തോലിക്കർ മതപരമായ അറിവ് കൂടുതൽ കൂടുതൽ സമ്പാദിക്കണം. എങ്കിലേ ഇന്നത്തെ അന്തരീക്ഷത്തിൽ ക്രൈസ്തവതത്വങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് ജീവിക്കുവാൻ നമുക്ക സാധിക്കൂ. മിശിഹാ പറഞ്ഞു: "ഞാൻ വഴിയും, ജീവനും, സത്യവുമാകുന്നു" എന്നു്. മിശിഹായുടെ വഴി അറിഞ്ഞെങ്കിലേ, മിശിഹാ പഠിപ്പിച്ച സത്യം ഗ്രഹിച്ചെങ്കിലേ മിശിഹായോടുകൂടി ജീവിക്കുവാൻ സാധിക്കൂ.

ആത്മകഥാകഥനം

# കത്തോലിക്കാസഭ എത്ര നല്ലതു്!

[മികച്ച ഒരു യാക്കോബായ തറവാട്ടിൽ ജനിച്ചുവളർന്ന ഒരു യുവതിയാണു കുഞ്ഞമ്മ. പാലോടെടത്തു നുകന്ന യാക്കോബായവിശ്വാസം താരുണ്യത്തിൻെറ തണലിൽ വന്നപ്പോൾ പറഞ്ഞുപേക്ഷിക്കേണ്ടിവന്നു. കയ്പ്പോട്ടും കണ്ണീരോട്ടുംകൂടിയായിരുന്നു ആ സംഭവമുണ്ടായതു്. അപ്പൻ മരിച്ചു. അമ്മ അന്യത്ര വിവാഹിതയുമായി. വിവാഹത്താൽ ഒരു കത്തോലിക്കാ പുരുഷനുമായി സംബന്ധയായ അവൾ ലളിതമായ ഭാഷയിൽ സ്വാനുഭവം വിവരിക്കയാണ് ഒരു സ്നേഹിതയോട്.]

അപ്പനും അമ്മയുമില്ലാത്ത ഒരു യുവതിയെന്ന നിലയിൽ ഒരു നിരാലംബത്വം എന്നെബാധിച്ചതുപോലെ തോന്നി. ദൈവകൃപയാലും സ്വപിതൃവ്യൻെറ സ്നേഹോദാരമായ സൗമനസ്യത്താലും സ്കൂൾഫൈനൽവരെ പഠിക്കാനും ടീച്ചേഴ്സ് ട്രെയിനിംഗു പാസ്സാകാനും എനിക്കു കഴിഞ്ഞു. ഇനിയും എൻെറ വിവാഹം നടക്കണം. എൻെറ പിതാവിൻെറ ഏകപുത്രിയാണു ഞാൻ. അങ്ങനെ അദ്ദേഹത്തിൻെറ സ്വത്തിൻെറ ഏകാവകാശിയും. എനിക്കു പിതൃസഹോദരങ്ങൾ പലരുണ്ടെങ്കിലും എൻെറ സംരക്ഷണം ഏററിരുന്നതു് പിതാവിൻെറ നേരേ അനുജനായിരുന്നു. എൻെറ വിവാഹശേഷം പിതൃസ്വത്തു് അദ്ദേഹത്തിനു മുതലുകൂട്ടാമെന്നു വ്യവസ്ഥയുമുണ്ടായിരുന്നു.

പല സ്ഥലത്തുനിന്നും വിവാഹാലോചനകൾ പൊന്തിവന്നു. മാതാപിതാക്കളും ഏകോദരസഹോദരങ്ങളുമായി വേറാരും ഇല്ലാത്ത ഒരു മുററിയ തരുണിയുടെ വിവാഹാലോചനകളെക്കുറിച്ച് ഏതാണ്ടു സങ്കല്പിക്കാമെങ്കിൽ പ്രിയ വായനക്കാർ അങ്ങനെ ചെയ്യുക. പല യുവാക്കളും എന്നെ വന്നുകണ്ടു. പഠിത്തക്കാരും പണക്കാരും ശമ്പളക്കാരും അങ്ങനെ പലരും. യാക്കോബായസഭയിലെ ഒരു വൈദികപുത്രനുവേണ്ടി ചിലർ എന്നെ വന്നുകണ്ടു. ആ ആലോചന വളരെ പുരോഗമിച്ചു. ഞങ്ങൾ മലങ്കരസുറിയാനി ഓർത്തഡോക്സ് സഭയിലെ ഒരു പ്രബല കുടുംബമാണ്. അന്ത്യോഖ്യാബന്ധത്തിൽ കഴിഞ്ഞുകൂടുന്ന ഒരു വൈദികൻെറ മകനുമായി വിവാഹം നടക്കുന്നതിനു വലിയ പ്രതിബന്ധമില്ലെങ്കിലും രഹസ്യത്തിൽ ഒരു മാമ്മോദീസായും മൂറോനും സ്വീകരിക്കണമത്രേ. പാത്രിയർക്കിസുപക്ഷക്കാരുടെ ദൃഷ്ടിയിൽ ഓർത്തഡോക്സുകാർക്ക് ഏതാണ്ടു പോരായ്മ ഉണ്ടുപോലും. വാശിയേറിയ കാതോലിക്കാ പക്ഷക്കാരായ എൻെറ ബന്ധുജനങ്ങൾക്കു ഇതു് ഒട്ടുംതന്നെ ഇഷ്ടമായില്ല. അങ്ങനെ ആ ആലോചന അലസിപ്പോയി. അനുദിനം വിശ്വാസം മാറുന്ന പ്രോട്ടസ്റ്റൻറുവിഭാഗത്തിലേക്കു തിരിഞ്ഞു എൻെറ ബന്ധുക്കൾ.

എനിക്കാണെങ്കിൽ പ്രോട്ടസ്റ്റൻറുകാരുടെ നവീനഉപദേശങ്ങൾ പാരമ്പര്യങ്ങൾക്കോ സഭാതത്വങ്ങൾക്കോ ചേർന്നതല്ല എന്നു്. എൻെറ രുചിക്കും അതു പററിയതല്ല. എൻെറ നിസ്സഹായതയിൽ കരയാനല്ലാതെ മറെറാന്നും എനിക്കു കഴിഞ്ഞില്ല.

അവിസ്മരണീയനായ മാർ ഈവാനിയോസു തിരുമേനി ബഥനിപ്രസ്ഥാനം സമാരംഭിക്കുന്നതിനും അദ്ദേഹം വൈദികശ്രേഷ്ഠനാകുന്നതിനും മുമ്പുമുതലേ ഞങ്ങളുടെ കുടുംബവുമായി പരിചയമാണ് ബഥനിസ്ഥാപനത്തിനും ബഥനിയുടെ അഭിവൃദ്ധിക്കും എൻെറ കുടുംബക്കാർ നിർല്ലോഭം സഹായിച്ചിട്ടുണ്ട്. ബഥനിയിലെ ആരാധനാരീതിയും "ഹാശാ" ആഴ്ചയിലെ കർമ്മങ്ങളും ഞങ്ങൾക്കെല്ലാവർക്കും പ്രിയംകരങ്ങളായിരുന്നു.

എല്ലാവരും ബഥനിയെ അതിമാത്രം സ്നേഹിച്ചു. നേർച്ചകാഴ്ചകൾ ബഥനിയുടെ നാമത്തിൽ അർപ്പിക്കുകയും വിശേഷാനുഗ്രഹങ്ങൾ പ്രാപിക്കയും ചെയ്യുക ഒട്ടും കുറവായിരുന്നില്ല. അങ്ങിനെ അനുദിനം അഭിവൃദ്ധിപ്രാപിച്ചുവന്ന ബഥനിയേയും കേരളസുറിയാനിക്കാരേയും തീരാത്ത ദുഃഖത്തിൽ ആഴ്ത്തിയ ഒരു സംഭവമായിരുന്നു ബഥനിത്തിരുമേനികളുടെ പുനരൈക്യം. മദ്ധ്യാഹ്നം അർദ്ധരാത്രിയായപോലെ ഒരു അനുഭവം കേരളയാക്കോബായസഭയിൽ ആവിർഭവിച്ചു. സ്നേഹിതന്മാരെല്ലാം ശത്രുക്കളായി തിരുമേനിമാർക്കു്. കല്ലേറും കൂക്കുവിളികളും എല്ലായിടത്തും. ബഥനിയുടെ നാമ്പു കരിഞ്ഞുണങ്ങി. കാടുവെട്ടിക്കളഞ്ഞു ആശ്രമം കെട്ടിയ സ്ഥലം വീണ്ടും കാടായി മാറുകയാണ്. തിരുമേനിമാരുടെ അപദാനങ്ങൾ അപമാനങ്ങളായി പറഞ്ഞുപരത്തി. ഈ വിവരങ്ങളെല്ലാം കുഞ്ഞുങ്ങളായ ഞങ്ങളും പഠിച്ചു. കഴിഞ്ഞകാലംവരെയും ഞങ്ങൾ ബഥനിയിൽ (പെരുനാട്ടിലെ മുണ്ടൻമലയിലുള്ള) ഹാശാ ആഴ്ചയിലെ കർമ്മങ്ങളിൽ സംബന്ധിക്കുവാൻ പോയിരുന്നു. പരിചയമുള്ള പ്രായമുള്ളവർ പറയും "ഇപ്പോഴെന്തിരിക്കുന്നു. എം. എ. അച്ചൻെറ കാലമായിരുന്നു ബഥനിയുടെ കാലം. അക്കാലം ഇനി വരികില്ല." ആമകെട്ടാലും ഓട്ടി കുറേക്കാലത്തേക്കുകൂടി കിടക്കും.

ബഥനിയുടെ സ്മരണയിലും യാക്കോബായപരിചയത്തിലും ഇതരചുററുപാടിലും നിർല്ലീനയായ എനിക്കു് ഒടുവിൽ വിവാഹം പറഞ്ഞൊത്തതു് കത്തോലിക്കാസഭയിലെ ഒരു യുവാവുമായിട്ടാണ്. പരമാർത്ഥത്തിൽ എൻെറ ഗതികേടിനെക്കുറിച്ചു ഞാൻ പശ്ചാകുലയായി. വിവാഹം കൂടാതിരുന്നാലോ എന്നുപോലും ഞാൻ ഓർത്തു. ബഥനിയിൽ ഇപ്പോൾ കുറച്ചു വനിതകൾ കന്യകമാരായി വസിക്കുന്നുണ്ട്. അവരോടുകൂടി പോയി താമസിച്ചാലോ. കത്തോലിക്കർ ഏതു തരക്കാരാണ്. അവരെക്കുറിച്ചു എന്തെന്തു അപഖ്യാതികൾ കേൾക്കുന്നു. ഈ റീത്തുകാരും അത്ര മെച്ചപ്പെട്ടവരൊന്നുമല്ല. ബഥനിയെ നട്ടുനനച്ചുവളർത്തിയ മാർ ഈവാനിയോസ് തിരുമേനിയും കത്തോലിക്കനായില്ലേ? കഷ്ടം! പണക്കൊതി, അധികാരഭ്രാന്തു്, അവിശ്വസ്തത മുതലായ കാരണങ്ങളാണ് അതേക്കുറിച്ചു യാക്കോബായക്കാർ പറഞ്ഞു ഞാൻ കേട്ടിരുന്നതു്. എല്ലാംകൊണ്ടും ഞാൻ വിഷമത്തിലായി. എന്തു ചെയ്യണമെന്നുതന്നെ എനിക്കറിഞ്ഞുകൂടായിരുന്നു. എൻെറ മാതാപിതാക്കളില്ലായ്കയാണ് ഈ അനർത്ഥങ്ങൾക്കും കഷ്ടതകൾക്കുമെല്ലാം കാരണമെന്നു ഞാനോർത്തു. ആരുമില്ലാത്തവർക്കു ദൈവം തുണ.

ഞാൻ പ്രാർത്ഥിച്ചു. നടക്കുമ്പോഴും കിടക്കുമ്പോഴും ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും ഞാൻ പ്രാർത്ഥിച്ചു, കഷ്ടതകൾ സഹിക്കാനുള്ള കരൾക്കരുത്തിനായി. ചുരുക്കിപ്പറയാം. എൻെറ വിവാഹം നടന്നു. കത്തോലിക്കാസഭയിലെ ഒരു വൈദികശ്രേഷ്ഠൻ എൻെറ വിവാഹം ആശീർവദിച്ചു. ദൈവത്തിനു സ്തോത്രം. ഇന്നു കത്തോലിക്കാസഭ എന്താണെന്നും എന്തല്ലെന്നും എനിക്കു വെളിവായി. അന്ധകാരത്തിലുഴലുന്ന ആത്മാക്കളുടെ പ്രകാശപൂരിതമായ വിശ്രമമാണ് കത്തോലിക്കാസഭ. വൈരികൾ അതിൻെറമേൽ വാരിയെറിഞ്ഞ ചെളികൊണ്ട് അതിൻെറ ശോഭ കണ്ടറിവാൻ കഴിയാതെ ചിലർ വിഷമിക്കുന്നുണ്ടെന്നതു പരമാർത്ഥം. വിശക്കുന്നവർക്കു ഭക്ഷണവും ദാഹിക്കുന്നവർക്കു പാനീയവും വഴിതെററിപ്പോയവർക്കു വന്നുവസിക്കാവുന്ന സങ്കേതവും സ്വർഗ്ഗരാജ്യത്തിലേക്കുള്ള ഇടുങ്ങിയ പാതയും പത്രോസാകുന്ന ഇളകാത്ത കല്ലിന്മേൽ കെട്ടപ്പെട്ട സൗധവും നരകവാതിലുകൾ ബലംചെയ്യാത്ത ഉറച്ച കോട്ടയും സകല ജാതികളേയും ഭാഷക്കാരേയും വേഷക്കാരേയും ആചാരക്കാരേയും സംവഹിക്കുന്ന ഉടയാത്ത കപ്പലും കത്തോലിക്കാതിരുസ്സഭയാണെന്നു എനിക്കിതാ ഉറപ്പായിരിക്കുന്നു. എൻെറ ഭയവും ശങ്കയും സംശയവും ദൂരീകൃതമായി. കൂദാശാപരമായ ആദ്ധ്യാത്മികജീവനും ജീവിതവും കത്തോലിക്കാസഭയിലേ സാദ്ധ്യമാവൂ എന്നു എനിക്കു സ്വാനുഭവംമൂലം ബോദ്ധ്യമായിരിക്കുന്നു.

എല്ലാവരും — ആത്മരക്ഷയെ കാര്യമായി മതിക്കുന്ന എല്ലാവരും—വാശിയും വഴക്കും തർക്കവും ഉപേക്ഷിച്ച് രക്ഷയുടെ നായികയായ കത്തോലിക്കാതിരുസ്സഭയിൽ പ്രവേശിക്കട്ടെ. ഉറപ്പുള്ള പാറയിൽ പണിത ബലമുള്ള കോട്ടയാകുന്നു അവൾ. അനേകർ അവളോടെതിർത്തു പരാജിതരായി പിൻവാങ്ങി. ഇന്നും പലരും എതിർക്കുന്നു. ഉദിച്ചുവരുന്ന ചന്ദ്രനെക്കണ്ട് വേവലാതിയോടെ ചില പട്ടികൾ കുരയ്ക്കും; ക്ഷീണിച്ചു സ്വയം അടങ്ങും. ഇന്നിപ്പോൾ അനേകർ സത്യസഭയെ ആശ്ലേഷിക്കുന്നുണ്ട്. അതുകണ്ട് സഹിയാഞ്ഞു അപവാദശരങ്ങളുമേന്തി അനേകർ രംഗത്തുവരുന്നു. പക്ഷേ ഈ രണ്ടായിരംവത്സരങ്ങൾ ക്രി

**Assisi Sisters of Mary Immaculate**

ഈ സന്യാസിനിസഭയിൽ ചേരുന്നതിനു ആഗ്രഹമുള്ള VI Form ജയിച്ചവരോ, അതിൽ കൂടുതൽ പരീക്ഷായോഗ്യതയുള്ളവരോ ആയ പെൺകുട്ടികൾ, ഇവിടത്തെ സ്ഥാപനങ്ങളും കന്യകാമഠങ്ങളും സന്ദർശിച്ചോ, താഴെ കാണുന്ന വിലാസത്തിൽ കത്തയച്ചോ വിവരങ്ങൾ ഗ്രഹിക്കുക.

Sister Superior, Assisi Sisters
Green Gardens, Shertallay

മേലൂർ കപ്പേളയിൽ

അത്ഭുതപ്രവർത്തകയായ വി. ഫിലോമിനായുടെ തിരുനാൾ ഏപ്രിൽ 24-ാംതിയതി (ചൊവ്വാഴ്ച) ആഘോഷിക്കുന്നതാണ്.

മേലൂർ പള്ളി വികാരി

# പ്രൊഫസർ കെ. ജെ. അഗസ്റ്റിൻ നിര്യാതനായി

എറണാകുളം, മഹാരാജാസ് കോളേജ് റിട്ടയർഡു പ്രൊഫസറും നല്ലൊരു സാഹിത്യകാരനുമായ ശ്രീ കെ. ജെ. അഗസ്റ്റിൻ എം. എ. എൽ. ടി. അവർകൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആസ്പത്രിയിൽവച്ചു ഏപ്രിൽ 15-ാംനു രാവിലെ 9 മണിക്ക് നിര്യാതനായ വസ്തുത സവ്യസനം രേഖപ്പെടുത്തിക്കൊള്ളുന്നു. മൃതശരീരം 4 മണിക്ക് എറണാകുളത്തുള്ള അദ്ദേഹത്തിന്റെ വസതിയിൽ കൊണ്ടുവരികയും, 16-ാംനു രാവിലെ 10 മണിക്ക് സെൻറ് ഫ്രാൻസീസ് ദേവാലയസിമിത്തേരിയിൽ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിലും അനേകം വൈദികരുടെ സഹകാർമ്മികത്വത്തിലും ബന്ധുമിത്രാദികളും ശിഷ്യഗണങ്ങളുമടങ്ങിയ ഒരു വലിയ ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിലും സംസ്കരിക്കുകയും ചെയ്തിരിക്കുന്നു.



പരേതനായ പ്രൊഫസർ അഗസ്റ്റിൻ 1072 ഇടവം 16-ാംനു ആലപ്പുഴക്കടുത്തു വെട്ടിക്കാട് എന്ന സ്ഥലത്തു ഭൂജാതനായി. ആലപ്പുഴ ലെയോതേർട്ടീന്ത് ഹൈസ്കൂളിൽനിന്നു സ്കൂൾഫൈനൽ പാസ്സായശേഷം ഗണിതശാസ്ത്രം ഐച്ഛികമായെടുത്തു കോട്ടയം സി. എം. എസ്. കോളേജിൽനിന്ന് ഡിസ്റ്റിങ്ങ്ഷനോടുകൂടി ഇന്റർമീഡിയററു പാസ്സായി. അനന്തരം തിരുവനന്തപുരം മഹാരാജാസ് കോളേജിൽനിന്നു ലിറ്ററേച്ചർ ഓണേഴ്സ് പാസ്സായി. ഉടൻ തന്നെ കൊച്ചി വിദ്യാഭ്യാസസർവ്വീസിൽ ഒരു അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 1922-ൽ മഹാരാജാസ് കോളേജ് ഇംഗ്ലീഷ് ലക്ചററായി നിയമിതനായി. 1925-ൽ അസിസ്റ്റൻറു പ്രൊഫസറായും 1930-ൽ പ്രൊഫസറായും നിയമിക്കപ്പെട്ടു. തുടർന്നു കുറച്ചുകാലം അദ്ദേഹം വിദ്യാഭ്യാസവകുപ്പിൽ ഹെഡ്മാസ്റ്ററായും, തൃശ്ശൂർ ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാളായും ജോലിനോക്കി 1952-ൽ സർവ്വീസിൽനിന്നു റിട്ടയർചെയ്തു. കുറച്ചുകാലം കൊല്ലം ഫാത്തിമാമാതാ കോളേജിലും എറണാകുളം സെൻറ് ആൽബർട്ട്സ് കോളേജിലും ഇംഗ്ലീഷ് പ്രൊഫസറായി ജോലിനോക്കി.

പ്രൊഫസർ അഗസ്റ്റിൻ പ്രശസ്തനായ ഒരു നടനും നാടകകൃത്തും ഗായകകവിയുമായിരുന്നു. അദ്ദേഹത്തിന്റെ "ആധുനികധൂർത്തപുത്രൻ" എന്ന പ്രഹസനം വളരെ പ്രസിദ്ധമായ ഒന്നാണ്. "വേണാടിന്റെ നടുത്തൂൺ", "മാത്തുത്തരകൻ" എന്ന രണ്ടു ചരിത്രനാടകങ്ങൾ എറണാകുളത്തും മററും അഭിനയിക്കപ്പെട്ടിട്ടുള്ളവയാണ്. മഹാരാജാസ് കോളേജ് നാടകവേദിയിൽ പലതവണ അഭിനയിച്ച് കാണികളുടെ പ്രശംസ അദ്ദേഹം ആർജ്ജിച്ചിട്ടുണ്ട്. മലയാളത്തിലും ഇംഗ്ലീഷിലും ഒന്നാംതരം പല ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. ഒരു ഫലിതസാഹിത്യകാരനെന്ന നിലയിൽ അദ്ദേഹം വളരെ ശോഭിച്ചിരുന്നു. അദ്ധ്യാപകനും പ്രൊഫസറുമെന്ന നിലയിൽ വിദ്യാർത്ഥികളുടെ അകളങ്കമായ സ്നേഹബഹുമാനങ്ങളാർജ്ജിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചിരുന്നു.

സർവ്വോപരി അദ്ദേഹം ഒരു മാതൃകാകത്തോലിക്കനായിരുന്നു. അദ്ദേഹത്തിന്റെ നാടകങ്ങളും ഗാനങ്ങളും പ്രബന്ധങ്ങളും പ്രസംഗങ്ങളുമെല്ലാം കത്തോലിക്കാചൈതന്യസംവർദ്ധകങ്ങളായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ സന്തപ്തചിത്തരായ ഭാര്യാപുത്രാദികളെ ഞങ്ങൾ അനുശോചിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്യുന്നു. R. I. P

# മുതലക്കോടം പള്ളിയിൽ

## വി. ഗീവർഗീസ് സഹദായുടെ ദർശനത്തിരുനാൾ

1956 ഏപ്രിൽ 21, 22, 23, 24 എന്നീ തീയതികളിൽ ഈ തിരുനാൾ പൂർവ്വാധികം ആഡംബരസമന്വിതം ആഘോഷിക്കപ്പെടുന്നതാണ്. കുന്നംകവലയിൽ നവീനരീതിയിൽ പണികഴിച്ചിട്ടുള്ള ക്രിസ്തുരാജ് കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക് റൈററു റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ട് 23-ാംനു തിങ്കളാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്ക് സംഘോഷം നിർവ്വഹിക്കുന്നതായിരിക്കും.

എന്ന് ടി. പള്ളിവികാരി

സ്നേഹനാഥൻ സഭയെ സംരക്ഷിച്ചു ഇനിയും സംരക്ഷിക്കും. നാമെന്തിനു പിന്നെ ഭയപ്പെടണം. "കണ്ടാലും, ലോകാവസാനത്തോളം എല്ലാ നാളും ഞാൻ നിങ്ങളോടുകൂടെയുണ്ട്." ഭയാശങ്കകളോടെ കത്തോലിക്കയായ ഞാൻ സന്തോഷാശ്രുക്കളോടെ, പുറത്തുനിന്നു ഭയചകിതരായി നോക്കുന്നവരെ അകത്തേക്കു ക്ഷണിക്കുന്നു. അനുഭവിച്ചറിയുക, കത്തോലിക്കാ തിരുസ്സഭ എത്ര നല്ലതെന്നു".

## ഇടവക വാർത്തകൾ

**രാമപുരം:** രാമപുരം ഫൊറോനാപ്പള്ളി ഇടവകയിലെ സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെയും, മിഷ്യൻലീഗിന്റെയും, സൺഡേസ്കൂളുകളുടെയും ഏകോപിച്ചുള്ള വാർഷിക സമ്മേളനം മാർച്ച് 25-ാംനു വൈകുന്നേരം 4 മണിക്ക് തലശ്ശേരി രൂപതയുടെ അഭിവന്ദ്യമെത്രാൻ റൈററു റവ ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനിയുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ബ്രദർ സെബാസ്റ്റ്യൻ നെല്ലിക്കാട്ടിൽ ബി എ. ബി ററി യുടെ സ്വാഗതപ്രസംഗത്തെ തുടർന്ന് തിരുമേനി പ്രസംഗിച്ചു. ബ്രദർ എ ഒ ജോസഫ് എം എ എൽ ററി യും ഫാദർ കൊളംബസ് സി ഡി എം എ യും ഓരോ പ്രസംഗങ്ങൾ ചെയ്തു. വിൻസെൻറ് ഡി പോൾ സംഘത്തിന്റെയും മിഷ്യൻലീഗിന്റെയും വകയായി തിരുമേനിക്ക് പണക്കിഴികൾ നൽകപ്പെട്ടു. ശ്രീ മത്തച്ചൻ കീച്ചത്തിന്റെ കൃതജ്ഞതാപ്രകടനം, പാപ്പാമംഗളം ഇവയോടുകൂടി ചടങ്ങുകൾ പര്യവസാനിച്ചു.

**പൊൻകുന്നം:** ഈ ഇടവകാംഗവും സ്ഥലം സി വൈ എം ഏ യിലെ ഒരു സജീവ അംഗവുമായ തൊമ്മിത്താഴെ റവ ഫാദർ ജോൺ അവർകൾ മാർച്ച് 17-ാംനു സ്ഥലം തിരുക്കുടുംബദേവാലയത്തിൽ നവപൂജാർപ്പണം നടത്തി. അദ്ദേഹത്തെ അനുമോദിക്കുന്നതിനായി സ്ഥലം സി വൈ എം ഏ ആഫീസിൽ വച്ച് 18-ാംനു കൂടിയ യോഗത്തിൽ മി കെ പി ജോസഫ് ബി എ അദ്ധ്യക്ഷത വഹിക്കുകയും, ഒ: പി ജെ തോമസ്, വി വി ഇട്ടിയവിരാ, എം കെ ജോസഫ്, ഇമ്മാനുവൽ എന്നിവർ പ്രസംഗിക്കുകയും ചെയ്തു. ബ ജോൺ അച്ചൻ അനുമോദനങ്ങൾക്ക് സമുചിതമായ മറുപടി പറയുകയും ഉണ്ടായി.

**പറപ്പൂക്കര:** സ്ഥലം പൊതുജനവിദ്യാഭ്യാസസമിതി ഹൈസ്കൂൾമാനേജരും സ്ഥലംപള്ളിവികാരിയുമായ റവ ഫാ പോൾ അരിക്കാട്ട് അവർകളുടെ എത്തുതിപ്പള്ളിയിലേക്കുള്ള സ്ഥലംമാററം പ്രമാണിച്ച് ഹൈസ്കൂൾ ഭാരവാഹികളും ഇടവകക്കാരുംകൂടി ഏപ്രിൽ 11-ാംനു അദ്ദേഹത്തിനു ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു. ഉച്ചതിരിഞ്ഞു മൂന്നരമണിക്കു പള്ളിഅങ്കണത്തിൽവച്ച് റവ ഫാദർ ജോർജ്ജ് ഏലൂക്കുന്നപ്പുഴ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ മെ പി. ധ. ജോസഫ്, പി എൽ വറീത്, എ കെ ജോൺ കവിതിലകൻ സി കൃഷ്ണൻകർത്താവ് മുതലായവർ പ്രസംഗിച്ചു. [illegible], വിൻസെൻറ് ഡി പോൾ മുതലായ സംഘങ്ങളും ജ്ഞാനപുഷ്പമഞ്ജരികളും പാരിതോഷികങ്ങളും അദ്ദേഹത്തിനു സമർപ്പിക്കപ്പെടുകയുണ്ടായി.

**പേരാമ്പ്ര:** സ്ഥലത്തെ ഹൈസ്കൂളങ്കണത്തിൽവച്ചു മി. കെ കെ മാമ്പർ മഗ്ദലനമറിയത്തെ ആസ്പദമാക്കി ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

**പട്ടണക്കാട്:** സി എൽ സി പി സ്ഥാപനത്തിൽനിന്നു ഉപരിപഠനത്തിനുവേണ്ടി അഞ്ചുവർഷങ്ങൾക്കു മുമ്പു കാനഡായിലേക്കു പോയിരുന്ന ശ്രീ കെ വി പോൾ ആൻറിഗോനിഷിലുള്ള സെൻറ് ഫ്രാൻസീസ് സേവ്യേഴ്സ് യൂണിവേഴ്സിററിയിൽനിന്നു സഹകരണം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ ഉന്നതബിരുദങ്ങൾ സമ്പാദിച്ചു തിരിച്ചെത്തിയിരിക്കുന്നു. സഹകരണവിഷയകമായി ലോകത്തിനു നേതൃത്വം നൽകിവരുന്ന അമേരിക്ക, ഇംഗ്ലണ്ട്, സ്വീഡൻ, ഡെന്മാർക്ക്, ഹോളണ്ട്, സ്വിററ്സർലണ്ട്, ഇററലി എന്നീ രാജ്യങ്ങൾ സന്ദർശിച്ച് അവിടങ്ങളിലെ പ്രവർത്തനങ്ങൾ നേരിട്ടുകണ്ട് മനസ്സിലാക്കിയ ശേഷമാണ് അദ്ദേഹം തിരിച്ചെത്തിയിട്ടുള്ളത്. അദ്ദേഹത്തിനു ഇദ്ദേശവാസികളുടെ വകയായി ഏപ്രിൽ 8-ാംനു ഞായറാഴ്ച പട്ടണക്കാട്ട് ഹൈസ്കൂൾ ഹാളിൽവച്ച് ചേർത്തല താലൂക്ക് സ. യൂനിയൻ പ്രസിഡണ്ട് ശ്രീ വി എ ഗോപാലൻനായർ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു സ്വീകരണം നൽകപ്പെട്ടു. ശ്രീമതി പി സി ജാനകി അമ്മ ബി എ എൽ ററി, ശ്രീ പി വി ജോസഫ് ബി എ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. നാട്ടുകാരുടെ വകയായി ഒരു മംഗളപത്രവും സമർപ്പിക്കപ്പെട്ടു. സ്വീകരണത്തിനു ശ്രീ കെ വി പോൾ ബി എ, ഡി എസ് എൽ സമുചിതമായി മറുപടി പറയുകയും തന്റെ വിദേശപര്യടനാനുഭവങ്ങളെ സമ്യക്കായി വിവരിക്കയും ചെയ്തു.

**തിറിക്കോട്:** ദുഃഖവെള്ളിയാഴ്ച 4 മണിക്ക് അയർക്കുന്നം കപ്പേളയിൽനിന്നും നരിവേലി പള്ളിയിലേക്കു സ്ലീവാപാത നടത്തി. വമ്പിച്ച ജനാവലി കുരിശുസഹിതം ഇതിൽ സംബന്ധിച്ചു. പതിനാലു സ്ഥലങ്ങളിൽ ഇടയ്ക്കിടക്കു പ്രസംഗവും ഉണ്ടായിരുന്നു. പ്രാസംഗികൻ റവ. ഫാദർ മേത്യൂസ് സി ഡി ആയിരുന്നു.

**ഏരവ്:** സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന സെൻറ് വിൻസെൻറു ഡി പോൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ പെസഹാവ്യാഴാഴ്ച രാത്രി 10 മണിക്ക് സ്ഥലത്തുനിന്നു മരക്കുരിശുകളോടുകൂടി പരിഹാരപ്രദക്ഷിണം പുറപ്പെട്ടു. അരിമ്പൂര് പള്ളിയിലും എൽത്തുരുത്തു കൊവേന്തയിലും ആരാധന നടത്തി വെള്ളിയാഴ്ച കാലത്ത് 7 മണിക്ക് തിരികെ അരിമ്പൂര്പള്ളിയിൽ അവസാനിക്കുകയും ചെയ്തു.


**നിർമ്മലപുരം:** സ്ഥലം ചെറുപുഷ്പമിഷൻലീഗിലെ ഒരു സജീവപ്രവർത്തകയും സൺഡേസ്കൂൾ അദ്ധ്യാപികയുമായിരുന്ന കുമാരി റോസമ്മ ചാക്കോ കല്ലുവാവു (സിസ്റ്റർ ഗബ്രിയേൽ) ഏപ്രിൽ 10-ാംനു ചങ്ങനാശേരി പാറേൽ തിരുഹൃദയമഠത്തിൽവച്ചു ചങ്ങനാശേരിമെത്രാൻ തിരുമനസ്സിൽനിന്ന് സഭാവസ്ത്രം സ്വീകരിച്ചിരിക്കുന്നു.

**മാളപള്ളിപ്പുറം:** ഈ ഇടവകക്കാരനായ കളത്തിൽ ഔസേപ്പ് ഔസേപ്പ് അവർകളുടെ പുത്രൻ വർഗ്ഗീസ് (റവ. ഫാദർ ഡൊമിനിക് സി ഡി) മാർച്ച് 18-ാംനു മഞ്ഞുമ്മൽ കർമ്മലീത്താ ആശ്രമത്തിൽവച്ചു ഗുരുപ്പട്ടം സ്വീകരിക്കുകയും ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച അദ്ദേഹത്തിന്റെ ഇടവകപ്പള്ളിയിൽവച്ചു നവപൂജ അർപ്പിക്കുകയും ചെയ്തിരിക്കുന്നു.

## വിവാഹ വാർത്തകൾ

**ളാക്കൂർ:** കൈതവന ശ്രീ എം ചാക്കോമാസ്റ്ററുടെ മകൻ കെ സി മത്തായിയും ഇമ്പമൺ പാറുശാലയിൽ ശ്രീ തോമസിന്റെ മകൾ പി ററി സൂസമ്മയും തമ്മിലുള്ള വിവാഹം ഏപ്രിൽ 9-ാംതീയതി തിങ്കളാഴ്ച പൂങ്കാവ് കത്തോലിക്കാപള്ളിയിൽ വച്ച് നടന്നിരിക്കുന്നു. റവ ഫാദർ ജോസഫ് വടക്കേക്കൂററ് അവർകൾ വിവാഹകർമ്മം ആശീർവ്വദിച്ചു.

**കോടിക്കുളം:** ശ്രീ ഉലഹന്നാൻ വർഗ്ഗീസ് ചാലിൽ അവർകളുടെ തൃതീയപുത്രൻ ജോർജ്ജും മുതലക്കോടം പള്ളി ഇടവക വാണിയകിഴക്കേൽ ശ്രീ അബ്രാഹത്തിന്റെ പുത്രി ശ്രീമതി അന്നക്കുട്ടിയും തമ്മിലുള്ള വിവാഹം ഏപ്രിൽ 9-ാംനു തിങ്കളാഴ്ച സ്ഥലം സെൻറ് ആൻസ് ദേവാലയത്തിൽവച്ചു സമംഗളം നടന്നിരിക്കുന്നു.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol· 29 | APRIL 18, ERNAKULAM | No 35


## ഭാരതവും "കുടുംബസംവിധാനവും"

കുടുംബസംവിധാനമെന്ന ഓമനപ്പേരിൽ വിനാശകരമായ ഒരാശയം ഇന്നു ഭാരതത്തിൽ വേരൂന്നുകയാണ് എന്നുള്ള വസ്തുത ഏതൊരു രാജ്യസ്നേഹിയേയും അമ്പരപ്പിക്കുന്ന ഒന്നാണ്. കഴിഞ്ഞ നൂററാണ്ടിന്റെ അന്തിമഘട്ടത്തിൽ പല യൂറോപ്യൻരാജ്യങ്ങളേയും ഭയാനകമായ ഈ പ്ലേഗു ബാധിക്കുകയുണ്ടായിയെന്നും അതിന്റെ ദാരുണാനുഭവങ്ങൾ ഏതദ്രാജ്യങ്ങളെ അധഃപ്പതനത്തിന്റെ അടിത്തട്ടുവരെ ആഴ്ത്തിയെന്നും ഉള്ളത് ചരിത്രവസ്തുതകളാണ്. തഴച്ചുവളർന്നിരുന്ന എത്രയെത്ര കുടുംബതരുക്കളെ ഈ വടവൃക്ഷം കയറിപ്പിടിച്ചു നിരവററിച്ചു നിർജ്ജീവങ്ങളാക്കിക്കളഞ്ഞുവെന്നുള്ളതും പരമദയനീയമായ അനുഭവദൃഷ്ടാന്തങ്ങളാണ്. അധോമുഖങ്ങളായ മാനുഷികപ്രവണതകളിലൂടെ ഈ ദുഷിച്ച ആശയം എത്ര എളുപ്പത്തിൽ സംക്രമിക്കുമെന്നും ഒരിക്കൽ അതു സമുദായവൃത്തത്തിൽ വേരൂന്നിക്കഴിഞ്ഞാൽ അതിനെ പിഴുതെറിയുക എത്ര ദുഷ്കരമാണെന്നും ചരിത്രപഠിതാക്കൾക്കജ്ഞാതമല്ല. ഇങ്ങനെയെല്ലാമാണ് പരമാർത്ഥങ്ങളെങ്കിലും ഭാരതത്തിലെ പല നേതാക്കന്മാരും ഈ ദുഷിച്ച ആശയത്തെ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിനു അരയും തലയും മുറുക്കി കിണഞ്ഞു പരിശ്രമിക്കുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം അടിക്കടി തെളിഞ്ഞുവരികയാണ്. വർഗ്ഗോന്നമനത്തിന്റെ പേരിലും സാമ്പത്തികമൂടുപടമിട്ടും അവരതിനെ താലോലിക്കുന്നു. പാമ്പിനെ പാലൂട്ടിവളർത്തുന്ന ഈ വഴിപിഴച്ച നയം ബുദ്ധിപൂർവ്വം അവർ ഉപേക്ഷിക്കുന്നില്ലായെങ്കിൽ ആർഷഭാരതത്തിന്റെ അധഃപ്പതനത്തിനവർ വിത്തുപാകുകയായിരിക്കും ഫലം. കേന്ദ്രഗവമ്മെണ്ടിന്റെയും സ്റ്റേററുഗവമ്മെണ്ടുകളുടേയും നയപരിപാടികളിൽപ്പോലും ഈ വിഷസർപ്പശിശുവിനെ താലോലിക്കുന്നതിനുള്ള സൗകര്യങ്ങളും പ്രേരണകളും പ്രദാനംചെയ്യുകയാണെന്നുള്ളത് കൂടുതൽ ആശങ്കാജനകമാണെന്നു എടുത്തുപറയാതെ തരമില്ല. രാജ്യക്ഷേമത്തെ ത്വരിപ്പിക്കുന്നതിനുള്ള പഞ്ചവത്സരപദ്ധതികളിൽ മാനവസമുദായത്തിന്റെ അടിത്തറമാന്തുന്നതും കുടുംബങ്ങളെ കുപ്പകളാക്കി അധഃപ്പതിപ്പിക്കുന്നതുമായ ജനനനിരോധനമാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നു! അതിനുള്ള ക്ലിനിക്കുകളേർപ്പെടുത്തുന്നതിനും പ്രചാരണം നടത്തുന്നതിനും പാവപ്പെട്ട പൊതുജനങ്ങളുടെ ചോര നീരാക്കി സമ്പാദിക്കുന്ന പണം വാരിക്കോരി ചിലവിടുന്നു! ഈ ഔദ്ധത്യത്തെ, അനീതിയെ പൊതുജനങ്ങൾക്കു പൊറുക്കുവാൻ സാധിക്കുമോ!

കുടുംബസംവിധാനപ്രസ്ഥാനത്തിനനുകൂലമായി സാമൂഹികശാസ്ത്രതത്വങ്ങളിലോ സാമ്പത്തികശാസ്ത്രസിദ്ധാന്തങ്ങളിലോ യാതൊരു ന്യായവും കാണുവാൻ കഴിയുന്നതല്ലെന്നു വിദഗ്ദ്ധന്മാരായ പണ്ഡിതന്മാർ പലപ്രാവശ്യം പ്രസ്താവിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ബോംബെയിലെ ഒരു യൂണിവേഴ്സിററി പ്രൊഫസറും, ഏതദ്വിഷയത്തെപ്പററി പ്രത്യേകപഠനം നടത്തി പല വിശിഷ്ടകൃതികളും രചിച്ചിട്ടുള്ള ദേഹവുമായ ശ്രീ സി. എ. സൽദാനാ എം. എ. അവർകൾ ഈയിടെ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ ഈ പ്രസ്ഥാനത്തിന്റെ നിരർത്ഥകതയെ വ്യക്തമാക്കുന്നതും അടിസ്ഥാനത്തെ തകർക്കുന്നതുമായ പല ശക്തിമത്തായ ന്യായങ്ങളും എടുത്തുകാണിച്ചിട്ടുണ്ട്:- 1. 1723 നും 1846 നും ഇടയ്ക്കു ജപ്പാനിലെ ജനസംഖ്യ യഥാർത്ഥത്തിൽ തൃപ്തികരമായിരുന്നുവെന്നുള്ള വസ്തുത ജനസംഖ്യസംബന്ധിച്ചുള്ള മാൽത്തൂസിയൻ സിദ്ധാന്തത്തിന്റെ അബദ്ധത്തെ തെളിയിക്കുന്നു. 2. ഏതെങ്കിലും ഒരു ഭൂവിഭാഗത്തിന്റെ ഏററം ഉത്തമമായ ജനസംഖ്യ ഏതായിരിക്കുമെന്നു വ്യവച്ഛേദിക്കുവാൻ ആർക്കും സാധിച്ചിട്ടില്ല. 3. ഇന്ത്യൻ സാമ്പത്തികനിലവാരം സർവ്വപ്രധാനമായി കൃഷിയെ ആശ്രയിച്ചിരിക്കുന്നതുകൊണ്ട് കൃഷിസംബന്ധമായ സാഹചര്യങ്ങളെ പരിഗണിച്ചു മാത്രമേ ഇവിടെ ഒരനുമാനം കൈക്കൊള്ളുവൂ. നിർഭാഗ്യവശാൽ നമ്മുടെ സ്ഥിതിവിവരക്കണക്കുകൾ കൃഷിസംബന്ധിച്ചവ പ്രത്യേകിച്ചും തൃപ്തികരമോ സ്വീകാര്യമോ അല്ല എന്നു പ്ലാനിംഗ് കമ്മീഷൻപോലും സമ്മതിക്കുന്നു......അതുകൊണ്ടു ഈ കണക്കുകളെ ആധാരമാക്കി ഇവിടെ അമിതമായ ജനസംഖ്യാവർദ്ധനവാണുള്ളതെന്നു നിർണ്ണയിക്കുകയാണെങ്കിൽ, ഏററം മിതമായ ഭാഷയിൽ പറഞ്ഞാൽ, അതു തികച്ചും അശാസ്ത്രീയവും പ്രതിഷേധാർഹവുമായിരിക്കും. 4. ഒരു പ്രസിദ്ധ ധനതത്വശാസ്ത്രജ്ഞനായ ഡോക്ടർ പി. ജെ. തോമസ് തുടർച്ചയായ സ്ഥിതിവിവരക്കണക്കുകളനുസരിച്ചു ഇന്ത്യയിൽ അടുത്തകാലങ്ങളിൽ കാർഷികവും വ്യാവസായികവുമായ ഉല്പാദനം ജനസംഖ്യയെ അപേക്ഷിച്ചു മെച്ചമായിരുന്നു എന്നു തെളിയിച്ചിട്ടുണ്ട്. ഇന്ത്യ അസ്വതന്ത്രയായിരുന്നപ്പോഴത്തെ സ്ഥിതി ഇതായിരുന്നുവെങ്കിൽ സ്വാതന്ത്ര്യപ്രാപ്തിയും പദ്ധതികളും നിലവിലുള്ള ഇപ്പോൾ സ്ഥിതി ആയിരം ഇരട്ടി മെച്ചപ്പെട്ടിരിക്കണം. 5. നമ്മുടെ ഉല്പാദനശക്തിയിൽ മൂന്നിലൊന്നുമാത്രമേ നാം വിനിയോഗിക്കുന്നുള്ളു എന്നുള്ള വസ്തുത നമ്മുടെ രാജ്യത്തു ജനസംഖ്യാധിക്യം സംഭവിക്കുന്ന സാഹചര്യങ്ങളില്ല എന്നു തെളിയിക്കുന്നു. 6 കൃഷിവർദ്ധനയിലും കുടിൽകൃഷിസമ്പ്രദായങ്ങളിലും ഇനിയും നാം പുരോഗമിക്കേണ്ടിയിരിക്കുന്നു. 7. കൃഷിഭൂമികൾക്കുവേണ്ടിയുള്ള വ്യഗ്രത ജനസംഖ്യയുടെ കൂടുതൽകൊണ്ടല്ല, വ്യാപകമായ വ്യവസായവിരളതകൊണ്ടാണ് സംഭവിക്കുന്നതു. 8. വ്യക്തികളുടെ ക്രമപ്രവൃദ്ധമായ വരുമാനവർദ്ധനവു ഉല്പാദനത്തിലും ജനസംഖ്യയിലുമുള്ള കുറവിനു സൂചനയാണ്. 9. കുടുംബസംവിധാനമാർഗ്ഗങ്ങളിൽ പാരമ്പര്യം സൃഷ്ടിച്ചുകഴിഞ്ഞിട്ടുള്ള ലണ്ടൻ യൂണിവേഴ്സിററിയിൽ ഏതദ്വിഷയത്തെ സംബന്ധിച്ചു നടന്ന ഒരു വാദപ്രതിവാദത്തിൽ ബഹുഭൂരിപക്ഷത്തോടെ പാസാക്കപ്പെട്ട പ്രമേയം ഇപ്രകാരമാണ്: "പരിശുദ്ധമാർപ്പാപ്പാ ഈയിടെ നിർവ്വഹിച്ച മാതൃ-ശിശുത്വത്തെ സംബന്ധിച്ച പ്രഭാഷണത്തെ ഈ സമ്മേളനം സ്വാഗതം ചെയ്യുന്നു." 10 ജനസംഖ്യയുടെ കൂടുതൽകൊണ്ടു യാതൊരു രാജ്യവും നശിച്ചതായി ലോകചരിത്രത്തിൽ ദൃഷ്ടാന്തമില്ല. 11. സ്ഥിതിവിവരക്കണക്കുകൾകൊണ്ടു തെളിയുന്നതു വിവാഹമോചനങ്ങളിൽ 75 ശതമാനവും സന്താനങ്ങളില്ലാത്തവരിലാണ് നടക്കുന്നതെന്നാണ്. കുടുംബസംവിധാനം കുടുംബജീവിതത്തെയും തന്മൂലം സമുദായത്തെയും ഒടുവിലായി രാജ്യത്തെയും നശിപ്പിക്കുന്നു. 12. റോമൻകത്തോലിക്കർ മാത്രമാണ് കുടുംബസംവിധാനപ്രസ്ഥാനത്തെ എതിർക്കുന്നതെന്നു പറയുന്നതു പച്ചക്കള്ളവും അതിന്റെ പ്രണേതാക്കളുടെ കുതന്ത്രക്കൂട്ടിയുള്ള ദുഷ്പ്രചരണവുമാണ്. ഹൈന്ദവമതഗ്രന്ഥങ്ങളായ ശ്രുതിയും, വേദങ്ങളും, സ്മൃതിയും, സൂത്രങ്ങളും കുടുംബസ്ഥന്റെ - അഥവാ ഗൃഹസ്ഥന്റെ സൗഭാഗ്യത്തെ പ്രതിപാദിക്കുന്നുണ്ട്. ഇവയിൽനിന്നെല്ലാം നമുക്കുള്ള അനുമാനം, ഇന്ത്യയിൽ ജനസംഖ്യാധിക്യമില്ല, ജനസംഖ്യക്കുറവും ഉല്പാദനക്കുറവുമാണ് നമുക്കുള്ള തീരാവ്യാധികൾ. ഉല്പാദനത്തിലുള്ള വർദ്ധനവും സ്വകാര്യഉടമയെ അതിലംഘിക്കാതെയുള്ള നീതിപൂർവ്വകമായ വിതരണവും മാത്രമാണ് ശരിയായ പ്രതിവിധി. കുടുംബസംവിധാനം ഒരു പ്രതിവിധിയാകാമെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽപോലും അതു യഥാർത്ഥത്തിൽ ഒരു പ്രതിവിധിയാകുന്നതല്ല. ഇന്ത്യാഗവമ്മെണ്ടും സ്റ്റേററുഗവമ്മെണ്ടുകളും ഈ ക്ലിനിക്കുകളെല്ലാം അടച്ചുപൂട്ടുകയും, അധാർമ്മികതയും അവിഹിതങ്ങളായ ബന്ധങ്ങളും വർദ്ധിപ്പിക്കുന്നതിനു മാത്രമുതകുന്ന ഈ പ്രവർത്തനങ്ങൾക്കെതിരായി ഉടനെ ഫലപ്രദമായ നിയമനിർമ്മാണങ്ങൾ നിർവ്വഹിക്കുകയും ചെയ്യുകയാണെങ്കിൽ അതു ഉചിതമായിരിക്കും.

ഈ വസ്തുതകളെല്ലാം വിശദമായികാണിക്കുന്നതു കുടുംബസംവിധാനപ്രസ്ഥാനം എത്രമാത്രം ആപല്ക്കരവും പരിവർജ്ജ്യവും അധാർമ്മികവുമാണെന്നാണ്. അതുകൊണ്ടു നാശത്തിലേക്കുള്ള ഈ നെട്ടോട്ടത്തിൽനിന്നു ഭാരതീയർ വിരമിക്കുവാൻ ഇടയാകട്ടെ എന്നാശിക്കുന്നു.

### തിരുനാൾമംഗളം



തൃശ്ശൂർ മെത്രാൻ
മൊററു റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട ഡി. ഡി.
തിരുമേനി
(തിരുനാൾ—ഏപ്രിൽ 23)

ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

P. V. Antony, Munnar

## പ്രസാധകക്കുറിപ്പുകൾ

### മദ്രാസിലെ ആരോഗ്യമന്ത്രിയുടെ കുടുംബസംവിധാനവ്യഗ്രത

മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിൽ അവിടത്തെ ആരോഗ്യമന്ത്രി മി. എ. ബി. ഷെററി സ്ത്രീകളിലും പുരുഷന്മാരിലും ജനനനിയന്ത്രണപരമായ ശസ്ത്രക്രിയകൾ നടപ്പാക്കണമെന്നും, അതിനുവേണ്ട എല്ലാ സൗകര്യങ്ങളും വ്യവസ്ഥകളും ചെയ്തുകൊടുക്കുന്നതിൽ ഗവമ്മേണ്ടു ശ്രദ്ധിക്കണമെന്നും ശുപാർശചെയ്തു പ്രസംഗിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. ബ. മന്ത്രിയുടെ ഈ തലതിരിഞ്ഞ ആശയത്തെ അവജ്ഞയോടുകൂടി വീക്ഷിക്കുന്നതിനും അതിനെതിരായ പ്രചാരണം വീറോടുകൂടി നടത്തുന്നതിനും ഉൽബുദ്ധരായ പൊതുജനങ്ങളും ജനനേതാക്കന്മാരും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ആദ്ധ്യാത്മികമായ മൂല്യങ്ങളേയും സദാചാരപരമായ പാരമ്പര്യങ്ങളേയും അതിമാത്രം വിലമതിക്കുന്ന ഭാരതീയജനതയ്ക്കു മനുഷ്യോചിതമല്ലാത്ത ഈ ആശയഗതി ഏററവും അമർഷം വരുത്തുന്ന ഒന്നാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഭാരതത്തിന്റെ രാഷ്ട്രപിതാവായ മഹാത്മജിതന്നെ ഒന്നിലധികം പ്രാവശ്യം വിനാശകരമായ ഈ ആശയഗതിയെ ശക്തിമത്തായി അപലപിച്ചിട്ടുള്ളതാണ്. അതു ഭാരതീയരുടെ പ്രശസ്തമായ പാരമ്പര്യത്തിനു കടകവിരുദ്ധവും അവരുടെ ധാർമ്മിക സംസ്കാരത്തിനും മതപ്രബോധനങ്ങൾക്കും എതിരുമാണെന്നു എല്ലാവർക്കുമറിയാം. രാജ്യത്തിന്റെ ശ്രേയസ്കരമായ പുരോഗതിയെ അതു താറുമാറാക്കുമെന്നുള്ളതും അജ്ഞാതമല്ല. എങ്കിലും ഭൗതികതാദർശങ്ങൾക്കു അടിമപ്പെട്ട ചില യൂറോപ്യൻരാജ്യങ്ങളുടെ ജുഗുപ്സാവഹമായ ഈ ആശയഗതിയെ ഇവിടെയും നടപ്പാക്കുന്നതിനു നമ്മുടെ ചില നേതാക്കന്മാർ വലിയ വ്യഗ്രത പ്രദർശിപ്പിക്കുന്നുണ്ട് എന്നുള്ളത് ഇതിനകം പല സന്ദർഭങ്ങളിലും വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. പ്രകൃതിവിരുദ്ധവും അധാർമ്മികവും രാജ്യത്തിനുതന്നെ നാശകരവുമായ ഈ സംരംഭത്തിൽ അവർക്കുള്ള ആവേശപരമായപ്രേരണ എന്താണെന്നു മനസ്സിലാക്കുവാൻ വിഷമമായിരിക്കുന്നു. ഏതായാലും ഈ നശീകരപ്രസ്ഥാനത്തെ അതിന്റെ മുളയിൽതന്നെ നുള്ളിക്കളയുന്നതിനും ഇന്ത്യയുടെ ആദ്ധ്യാത്മികപാരമ്പര്യത്തെയും രാജ്യത്തിന്റെ ധാർമ്മികസുസ്ഥിതിയേയും നിലനിർത്തുന്നതിനും ഇതിനെതിരായി ശക്തിമത്തായ ഒരു പ്രക്ഷോഭണംതന്നെ ആവശ്യമായിരിക്കുന്നു എന്നാണ് ഈദൃശ അനുഭവങ്ങൾ തെളിയിക്കുന്നതു. ജാതിമതഭേദമെന്യേ, ഭാരതത്തിന്റെ സുസ്ഥിതിയെ അഭിലഷിക്കുന്ന എല്ലാ പൊതുജനങ്ങളും ഒത്തൊരുമിച്ചു ഈ അധഃപ്പതനത്തിലേക്കുള്ള പ്രവണതകളെ എതിരിടണമെന്നു ശക്തിയായി ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളട്ടെ. ആരോഗ്യമന്ത്രിയെപ്പോലുള്ള ഉത്തരവാദിത്വപ്പെട്ട മാന്യവ്യക്തികൾ വിനാശകരമായ ഈദൃശ വഴിപിഴച്ച ആശയങ്ങളെകൊണ്ടു കൈയ്യാംകളി നടത്തരുതെന്നും, ഉന്നമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ മാതൃരാജ്യത്തിന്റെ സുസ്ഥിതിയെ കുട്ടിച്ചോറാക്കരുതെന്നും അക്കൂട്ടരോടും ഞങ്ങളഭ്യർത്ഥിക്കുകയാണ്, രാജ്യസ്നേഹത്തെപ്രതി.

### ടൂട്ടിക്കോറിനിലെ പ്രതിഷേധം

ആരോഗ്യമന്ത്രി മി. ഷെററിയുടെ അവഹേളനാർഹമായ അഭിപ്രായത്തെ പ്രതിഷേധിക്കുന്നതിനു മാർച്ചുമാസം 25-ാംതിയതി ടൂട്ടിക്കോറിൻ കത്തോലിക്ക് യൂണിയന്റെ ആഭിമുഖ്യത്തിലും യൂണിയൻ പ്രസിഡന്റ് മി. ജെ. എ. ഫെർനാണ്ടസ് അവർകളുടെ അദ്ധ്യക്ഷതയിലും ഒരു മഹാസമ്മേളനം നടത്തപ്പെട്ടു. മെ: സി. മച്ചാദോ, എൻ. എ. ആരോക്യസ്വാമി, സൂസിയാ മൊറേയ്സ് മുതലായ പണ്ഡിതന്മാർ വിഷയത്തെ അധികരിച്ച് വിജ്ഞാനപ്രദമായി പ്രസംഗിച്ചു. ഗവമ്മെണ്ടിന്റെ കുടുംബസംവിധാനനിർദ്ദേശങ്ങൾ രാജ്യവ്യാപകമായ ഒരു പ്രക്ഷോഭണത്തെ അനിവാര്യമാക്കിത്തീർത്തിരിക്കുന്നുവെന്നാണ് മി. മച്ചാദോ പ്രസ്താവിച്ചതു. മി. ആരോക്യസ്വാമി ക്രിസ്ത്യൻസമുദായം ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നിലപാടിനെ വിശദീകരിക്കുകയും വേണ്ടിവന്നാൽ അടുത്ത തിരഞ്ഞെടുപ്പിൽ ഈ പ്രശ്നം ഒരു മാനദണ്ഡമായി സ്വീകരിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. പ്രകൃതിവിരുദ്ധമായ ജനനനിയന്ത്രണസംരംഭങ്ങൾക്കെതിരായി സന്ധിയില്ലാത്തസമരം ചെയ്യുമെന്നുറപ്പു നൽകുന്ന സ്ഥാനാർത്ഥികൾക്കു മാത്രമേ അടുത്ത തിരഞ്ഞെടുപ്പിൽ വോട്ടുനൽകാവൂ എന്നും, പാർട്ടിയിൽനിന്നും ഈ പ്രസ്ഥാനത്തെ അനുകൂലിക്കുവാൻ പ്രേരണയുണ്ടാവുകയാണെങ്കിൽ ആ പാർട്ടി ഉപേക്ഷിക്കണമെന്നും അദ്ദേഹം ശക്തിയുക്തം പ്രബോധിപ്പിച്ചു. ഗവമ്മെണ്ടു ഈ നയം പാടെ ഉപേക്ഷിക്കാത്തകാലത്തോളം എല്ലാ മതവിഭാഗങ്ങളേയും സംഘടിപ്പിച്ച് ഒരു സംയുക്തമുന്നണിയായി സമരംചെയ്യണമെന്നായിരുന്നു മി. സൂസിയാ മൊറേയ്സിന്റെ നിർദ്ദേശം. സമ്മേളനത്തിൽ കാര്യമാത്രപ്രസക്തമായ ചില പ്രമേയങ്ങളും പാസാക്കപ്പെടുകയുണ്ടായി. സ്ത്രീപുരുഷന്മാരുടെ വ്യക്തിമാഹാത്മ്യത്തെ അവഹേളിക്കുന്നതും ജനങ്ങളുടെ ചിരന്തനമായ പാരമ്പര്യങ്ങളെ അപഗണിക്കുന്നതുമായ അനാരോഗ്യകരവും, അധാർമ്മികവും, അപ്രകൃതവുമായ ജനനനിയന്ത്രണസംരംഭങ്ങളെ താലോലിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽനിന്നു മദ്രാസ് ഗവമ്മെണ്ടു വിരമിക്കണമെന്നു നിർദ്ദേശിക്കുന്നതും; ഈ സംരംഭത്തിന്റെ ദൈവവിരുദ്ധവും മതവിരുദ്ധവുമായ സ്വഭാവത്തെ ഗവമ്മെണ്ടിനെ ധരിപ്പിക്കുന്നതിനും ആരോഗ്യവകുപ്പുമന്ത്രിയുടെ നിർദ്ദേശങ്ങൾ അവഗണിക്കപ്പെടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനും നിയമസഭാമെമ്പറന്മാരോടഭ്യർത്ഥിക്കുന്നതും; ഇക്കാര്യത്തിൽ മുൻകൈയെടുത്തു പരിശ്രമിക്കുന്നതിനും സംരംഭത്തിനെതിരായി ശക്തിമത്തായ പ്രതിഷേധം രേഖപ്പെടുത്തുന്നതിനും ക്രിസ്ത്യൻമെമ്പറന്മാരോടഭ്യർത്ഥിക്കുന്നതുമായിരുന്നു പ്രധാന പ്രമേയങ്ങൾ. കൃത്രിമമായ ജനനനിയന്ത്രണം ക്രിസ്തീയസമുദായത്തിന്റെ മതവിശ്വാസത്തിനെതിരായിട്ടുള്ളതാണെന്നു വ്യക്തമാക്കുന്നതിനും, ഈ സംരംഭത്തിൽ അനുഭാവം പ്രകടിപ്പിക്കുന്ന രാഷ്ട്രീയപാർട്ടികൾക്കു അടുത്ത തിരഞ്ഞെടുപ്പിൽ ക്രിസ്തീയസമുദായത്തിന്റെ പിൻതുണ ലഭിക്കുന്നതല്ലായെന്നു മുന്നറിയിപ്പു നല്കുന്നതിനും സമ്മേളനത്തിലെ പ്രസ്താവങ്ങൾ തികച്ചും പര്യാപ്തമായിരുന്നു. കൂടാതെ, ഇ

ല്പ്പാർ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന രണ്ടാംപഞ്ചവത്സരപദ്ധതിയിൽ കുടുംബസംവിധാനം സംബന്ധിച്ച് കൃത്രിമമായ ജനനനിയന്ത്രണപരിപാടികൾ ഉൾക്കൊള്ളിച്ചിട്ടുള്ളതുകൊണ്ടും അതിലേക്കു കേന്ദ്രഗവമ്മേണ്ടിൻെറയും സംസ്ഥാനഗവമ്മേണ്ടുകളുടേയും ധനം വ്യയംചെയ്യുന്നതിനു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതുകൊണ്ടും ഈ സംരംഭത്തെ ശക്തിയായി പ്രതിഷേധിക്കുന്ന ഒരു പ്രമേയവും സമ്മേളനം ഏകകണ്ഠമായി പാസ്സാക്കുകയുണ്ടായി. മദ്രാസ് ഗവമ്മേണ്ടുമാത്രമല്ല മററു സ്റ്റേററു ഗവമ്മേണ്ടുകളും കേന്ദ്രഗവമ്മേണ്ടും ഈ സ്ഥിതിവിശേഷത്തെ ജനകീയാഭിലാഷങ്ങൾക്കനുസരിച്ചു വീക്ഷിക്കുകയും തക്കസമയത്തു വേണ്ടതു പ്രവർത്തിക്കുകയും ചെയ്യുമെന്നു വിശ്വസിക്കട്ടെ.

### മംഗലാപുരം സമ്മേളനത്തിലെ

## പ്രമേയം

ഇതേവിഷയത്തെ സംബന്ധിച്ചു മാർച്ചു 24-ാംതിയതി സൗത്ത് കാനറ കാത്തലിക്ക് അസ്സോസിയേഷൻെറ ആഭിമുഖ്യത്തിൽ മംഗലാപുരത്തുവച്ചു കൂടിയ മഹാസമ്മേളനത്തിൽ ഏകകണ്ഠമായി പാസ്സാക്കപ്പെട്ട പ്രമേയം പ്രകൃതത്തിൽ ശ്രദ്ധാർഹമായിരിക്കുന്നുണ്ടു്: "സ്ത്രീപുരുഷന്മാരിൽ സന്താനോല്പാദനശക്തിയെ നശിപ്പിക്കുന്ന പദ്ധതിയെ പിന്താങ്ങിയും, ഈ നടപടികൾ എല്ലാവർക്കും സുഗമമാക്കുന്നതിനു ധാരാളമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന പദ്ധതി ഗവമ്മേണ്ടു

## കൃതജ്ഞത

വി. ലംബെർട്ടിഹായുടെയും വി. പത്താംപീയൂസിൻെറയും മാദ്ധ്യസ്ഥംമൂലം ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

കെ. സി. മാത്യു, കോട്ടിക്കളം

സ്വീകരിക്കണമെന്നു നിർദ്ദേശിച്ചും മദ്രാസ് ഗവമ്മേണ്ടിൻെറ ആരോഗ്യവകുപ്പുമന്ത്രി നിയമസഭയിൽ ഈയിടെ ചെയ്ത പ്രസംഗത്തെ സൗത്ത് കാനറാ കാത്തലിക്ക് അസ്സോസിയേഷൻെറ ഈ സമ്മേളനം ഖേദപൂർവ്വം വിക്ഷിക്കുന്നു. ആണിനും പെണ്ണിനും അഭിമാനഹാനികരവും അപകടജനകവുമായതും, ജനങ്ങളുടെ പുരാതനമായ പാരമ്പര്യങ്ങൾക്കു വിരുദ്ധമായതും, അനാരോഗ്യകരവും അപ്രകൃതവും അധാർമ്മികവുമായതുമായ ഈ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽനിന്നു മദ്രാസ് ഗവമ്മേണ്ടു വിരമിക്കേണ്ടതാണെന്നു അഭ്യർത്ഥിക്കുകയും ചെയ്യുന്നു." ഏതദ്ദേശമായ പ്രതിഷേധപ്രമേയങ്ങൾ ദക്ഷിണേന്ത്യയിൽ മററു പല മതങ്ങളിലും നടന്ന പൊതുയോഗങ്ങളിൽ പാസാക്കപ്പെട്ടിട്ടുള്ളതായി അറിയുന്നു. സാർവ്വത്രികമായ ഈ പ്രതിഷേധം ഗവമ്മേണ്ടിൻെറയും ജനനനിയന്ത്രണപ്രേമികളുടേയും കണ്ണുതുറപ്പിക്കുമെന്നു വിചാരിക്കാം. ജനതയുടെ ശ്രേയസ്സനുഖമായ ഭാവിയെ കരുപ്പിടിക്കുന്നതിനു ആത്മാർത്ഥമായി പരിശ്രമിക്കുന്ന കോൺഗ്രസ്സ് ഗവമ്മേണ്ടു വിനാശകരമായ ഈ പ്രതിലോമസംരംഭത്തിനു കൂട്ടുനില്ക്കുകയില്ലെന്നും പഞ്ചവത്സരപദ്ധതികൾപോലുള്ള മഹത്പ്രസ്ഥാനങ്ങളിൽനിന്നും ഇദ്ദേശവിഷബീജങ്ങളെ സസൂക്ഷ്മം പുറംതള്ളുമെന്നും പ്രത്യാശിക്കാം. അല്ലാത്തപക്ഷം ഒരു ധാർമ്മികസമരത്തിനുള്ള കളമൊരുക്കുകയായിരിക്കും അതു ചെയ്യുക. പലേവിധത്തിൽ വിഷമ

## പുസ്തകാഭിപ്രായം

### ചെമ്പടയാളി

[ഗ്രന്ഥകർത്താ: ജി. വൈദ്യനാഥയ്യർ എം. എ., സെൻറ് മേരീസ് പ്രസ്, പട്ടം, തിരുവനന്തപുരം4— വില 1 ക.]

തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് പ്രൊഫസർ ജി. വൈദ്യനാഥയ്യർ എം. എ. രചിച്ചതും കോളേജ് ആർട്ട്സ് ക്ലബ്ബ് ഇക്കൊല്ലം കോളേജ് വാർഷികാഘോഷത്തോടനുബന്ധിച്ച് അഭിനയിച്ചതുമായ ഒരു ഗദ്യനാടകമാണ് ചെമ്പടയാളി. 1936-ൽ സ്പെയിനിൽ നടന്ന വിപ്ലവഘട്ടത്തിലെ ഒരു സംഭവമാണ് ഇതിവൃത്തത്തിൻെറ പശ്ചാത്തലം. സമത്വാസുന്ദരമായ ഒരു സാമുദായികവ്യവസ്ഥിതിക്കു വേണ്ടി, നീതിക്കും ന്യായത്തിനുംവേണ്ടി, പൊതുവേയുള്ള യുവസഹജമായ തീവ്രവാഞ്ഛയാൽ ഉത്തേജിതനായ ഡിയേഗോ എന്ന കർഷകയുവാവു ക്രമേണ കമ്മ്യൂണിസ്റ്റ് കൂട്ടുകെട്ടിൽ പെടുന്നു. പിതൃഭക്തി, സന്താനവാത്സല്യം മുതലായ മഹനീയഭാവങ്ങൾകൊണ്ടു് അനുഗൃഹീതനായ ആ യുവാവിൻെറ ആദർശങ്ങളും അഭിലാഷങ്ങളും സാമൂഹികാനീതികളുടേയും മാർദ്ദവത്തിൻേറയും സമ്മർദ്ദത്തിലും ഉത്തേജിതമാകുന്നതേയുള്ളു. പക്ഷേ ആദർശപ്രേമികളെന്നു നടിച്ചിരുന്ന തൻെറ കൂട്ടുകാരുടെ യഥാർത്ഥ ഉദ്ദേശ്യവും ക്രൂരതകളും ഭയങ്കരതകളും നേരിട്ടു മനസ്സിലാക്കുവാൻ അദ്ദേഹത്തിനു സാധിക്കുന്നു. ഇതു് ആ യുവാവിൽതന്നെ ഒരു ആഭ്യന്തരസംഘട്ടനത്തിനു വഴിതെളിക്കുന്നു. അങ്ങനെ പ്രതിവിപ്ലവത്തിൻെറ ചേരിയിലേക്കു തന്നറിയാതെതന്നെ അദ്ദേഹം നയിക്കപ്പെടുകയും, ഫ്രാങ്കോയുടെ രംഗപ്രവേശത്തോടുകൂടി ആ ലക്ഷ്യം സാധിക്കുകയുംചെയ്യുന്നു. അവതാരികാകാരനായ സംസ്കൃതകോളേജ് പ്രിൻസിപ്പൽ മി. എൻ. ഗോപാലപിള്ള എം. എ. പ്രസ്താവിക്കുന്നതുപോലെ, "ഡോൺ ജിയാക്കോമോ എന്ന വൈദികൻെറയും ഡിയേഗോ എന്ന കർഷകയുവാവിൻേറയും ആദർശമാസുരങ്ങളായ ജീവിതങ്ങളിൽക്കൂടി ക്രിസ്തുമതത്തിൻെറ ആദരണീയങ്ങളായ ആദർശങ്ങളും, സാഹസികങ്ങളായ വിപ്ലവങ്ങളുടെ അനാശാസ്യതകളും പ്രകടമാക്കുവാൻ ഈ ഗ്രന്ഥകാരനു സാധിച്ചിട്ടുണ്ടു്." പാത്രസൃഷ്ടിയിലും രംഗസംവിധാനത്തിലും കഥാഘടനയിലും സ്വഭാവാവിഷ്കരണത്തിലും രസത്തിൻെറ ആവിഷ്കരണത്തിലും പരിപോഷണത്തിലും പ്രശംസനീയമായ വിജയം ഗ്രന്ഥകാരൻ കൈവരിച്ചിട്ടുണ്ടെന്നുള്ള ശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ അഭിപ്രായത്തോടു മററു വായനക്കാരും യോജിക്കുന്നതാണ്. ഈ നാടകത്തിൻെറ ഒരു സവിശേഷത അതിൽ സ്ത്രീപാത്രങ്ങളൊന്നും ഇല്ലെന്നുള്ളതാണ്; സ്ത്രീപാത്രങ്ങളുടെ

പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുന്ന കോൺഗ്രസ്സ് സംഘടന ഇനിയും ദുർബലമാകുവാൻ ഇതു ഇടനൽകാതിരിക്കട്ടെ!

## അടുത്തയാഴ്ചയിൽ

ഏപ്രിൽ

19 വ്യാ: വി. യോഹന്നാൻ മമ്മ:
20 വെ: വി. യോഹന്നാൻ ക്ലീമാക്കോസ്
21 ശ: വി. അൻസേൽമോസ്
22 ഞാ: ഉയിർപ്പു 3-ാം ഞായർ
23 തി: വി. ഗീവർഗ്ഗീസ്
24 ചൊ: വി. ഫ്ദേലീസ്
25 ബു: വി. മർക്കോസ്

# വിവിധവൃത്താന്തങ്ങൾ

### അർജൻറയിൻ പ്രസിഡൻറ് നിര്യാതനായി

അർജൻറീനായിലെ മതമർദ്ദനപരമായ നടപടികൾമൂലം രാജ്യഭ്രഷ്ടനാക്കപ്പെട്ട ജനാൽ പെരോണിനെത്തുടർന്നു പ്രസിഡണ്ടുപദത്തിൽ ആരോഹിതനായ ജനറൽ എഡ്വാർഡോ ലെണാർഡി 59-ാമത്തെ വയസ്സിൽ കഴിഞ്ഞ ആഴ്ചയിൽ പെട്ടെന്നു നിര്യാതനായിരിക്കുന്നു. അദ്ദേഹത്തിനു മൂന്നു ആൺകുട്ടികളും രണ്ടു പെൺകുട്ടികളുമുണ്ടു്. പെരോണിൻെറ മർദ്ദനകാലത്തു പലവിധത്തിലുള്ള ക്ലേശങ്ങളും അദ്ദേഹം സഹിക്കേണ്ടിവന്നുവെങ്കിലും പെരോണിൻെറ അധഃപ്പതനത്തിനുശേഷം അധികാരത്തിൽ വന്നപ്പോൾ ഏററവും വലിയ അനുകമ്പയോടും ക്രിസ്തീയസ്നേഹത്തോടുംകൂടിയാണ് അദ്ദേഹം പെരോണിനോടു വർത്തിച്ചിരുന്നതു്. അദ്ദേഹത്തിൻെറ അപ്രതീക്ഷിതമായ നിര്യാണം അർജൻറീനായ്ക്കു ഒരു തീരാനഷ്ടംതന്നെയാണ്.

### ട്രേഡ് യൂണിയൻ സ്ഥാപകനെപ്പററി

## നാമകരണനടപടി

ഹോളണ്ടിൽ ആദ്യമായി പണിയാൾത്തൊഴിലാളികളുടെ ഇടയിൽ ട്രേഡ് യൂണിയൻ പ്രവർത്തനം സമാരംഭിച്ച മോൺ. അൽഫോൻസ് ഏരിയൻസ് അവർകളെ സിദ്ധപദത്തിലേക്കുയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നു ഹോളണ്ടിലും ബൽജിയത്തിലുമുള്ള 30 കത്തോലിക്കാസംഘടനകളുടെ അംഗങ്ങൾ ഒപ്പിട്ട ഒരപേക്ഷ യുട്രെക്റ്റിലെ മെത്രാപ്പോലീത്താ ആൽഫ്റിങ്ക് തിരുമേനിക്കു സമർപ്പിച്ചിരിക്കുന്നു. അപേക്ഷ സ്വീകരിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു, ഈ വിശുദ്ധപദപ്രഖ്യാപനനടപടികൾ സംബന്ധിച്ച് അദ്ദേഹത്തിൻെറ കഴിവിൽപെട്ട എല്ലാ ശ്രമങ്ങളും അദ്ദേഹം ചെയ്യുന്നതാണെന്നു്.

സാന്നിദ്ധ്യം കൂടാതെതന്നെ ഒരു നാടകം വിജയിപ്പിക്കാമെന്നു ശ്രീ വൈദ്യനാഥയ്യർ ഒരിക്കൽകൂടി തെളിയിച്ചിരിക്കുന്നു സ്കൂളുകളിലും മററും വിജയപ്രദമായി അഭിനയിക്കാവുന്ന ഒന്നാണ് ഈ നാടകം. ഗ്രന്ഥകാരനെ അഭിനന്ദിക്കുകയും ഈ കൃതിക്കു പ്രചുരപ്രചാരമാശംസിക്കുകയും ചെയ്യുന്നു. (എം. ഒ. ജോസഫ്)

## ഡബ്ളിൻ മേയർ നിര്യാതനായി

ഐർലണ്ടിലെ അംഗീകൃതനേതാവായിരുന്ന അൽഡെർമൻ ആൽഫ്റഡ് ബയാൻ അവർകൾ 74-ാമത്തെ വയസ്സിൽ ഡബ്ളിനിൽവച്ചു നിര്യാതനായിരിക്കുന്നു. അദ്ദേഹം 10 പ്രാവശ്യം ഡബ്ളിൻെറ ലോർഡ് മേയർസ്ഥാനം അലങ്കരിച്ചിട്ടുണ്ടു്. അദ്ദേഹം ഡബ്ളിനിലെ ഒരു ഇടത്തരത്തൊഴിലാളിയുടെ മകനായി ജനിച്ചു. ബാല്യകാലത്തിൽ നാടകപ്പുരസ്യങ്ങൾ വില്ക്കുന്ന ജോലിയിലാണ് ഏർപ്പെട്ടിരുന്നതു്. 30-ാമത്തെ വയസ്സിൽ ഡബ്ളിൻ കോർപ്പറേഷനിലെ ആൾഡർമാൻസ്ഥാനം കൈക്കലാക്കി. 1915 മുതൽ 1918 വരെ വെസ്റ്റ്മിനിസ്റ്ററിലെ ഐറിഷ് പാർലമെൻററിപാർട്ടിയിൽ ഒരു മെമ്പറായിരുന്നു അദ്ദേഹം. 1922 ൽ ഐറിഷ് ഫ്രീസ്റ്റേററ് സ്ഥാപിക്കപ്പെട്ടപ്പോൾ നിയമസഭയിലെ ഒരു ഇൻഡിപ്പെൻഡൻറു ഡെപ്യൂട്ടിയായി തിരഞ്ഞെടുക്കപ്പെട്ടു. അതിനുശേഷം സെനറററുദ്യോഗം ഭരിച്ചിരുന്ന ചുരുങ്ങിയ ഒരു ഘട്ടം ഒഴിച്ചു ആജീവനാന്തം അദ്ദേഹം അദ്ദേഹത്തിൻെറ തൊഴിലാളിഭൂരിപക്ഷമുള്ള നിയോജകമണ്ഡലത്തിൽ നിന്നു ബഹുഭൂരിപക്ഷത്തോടെ തുടർച്ചയായി പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടുപോന്നു. ആൽഫി എന്നുള്ള അദ്ദേഹത്തിൻെറ ഓമനപ്പേർ പാവപ്പെട്ടവർക്കു ആസ്വാദ്യദായകമായിരുന്നു. ആത്മാർത്ഥമായി അവർ അദ്ദേഹത്തെ സ്നേഹിച്ചു. അവർക്കുവേണ്ടിയുള്ള സേവനമായിരുന്നു അദ്ദേഹത്തിൻെറ ജീവിതലക്ഷ്യം. ഡബ്ളിനിലെ പാവപ്പെട്ടവർ അടുങ്ങിത്താമസിച്ചിരുന്ന അഴുക്കായ സങ്കേതങ്ങളെ വൃത്തിയാക്കുന്നതിനു നിരന്തരമായി അദ്ദേഹം ശ്രദ്ധിച്ചുപോന്നു. ഏതാനും ആഴ്ചകൾക്കുമുമ്പു അദ്ദേഹം പ്രതിനിധിസഭയിൽ അവസാനമായിച്ചെയ്ത പ്രസംഗം താല്ക്കാലികമായി നിയമിക്കപ്പെട്ടുന്ന പോസ്റ്റാഫീസ് ജോലിക്കാർക്കു ശമ്പളക്കൂടുതൽ അനുവദിക്കണമെന്നുൽബോധിപ്പിച്ചുകൊണ്ടുള്ളതായിരുന്നു. 1954-ൽ അദ്ദേഹം മേയർ ആയിരുന്നപ്പോഴാണു ഡബ്ളിനിൽ വലിയ വെള്ളപ്പൊക്കമുണ്ടായതു്. രാപകലില്ലാതെ അദ്ദേഹം കഷ്ടപ്പെടുന്നവരുടെ സംരക്ഷണത്തിനും സമാശ്വാസത്തിനുംവേണ്ടി നിർവ്വഹിച്ച സേവനങ്ങൾ അവിസ്മരണീയങ്ങളാണ്. 1933-ൽ തീർത്ഥാടനാർത്ഥം റോം സന്ദർശിച്ചപ്പോൾ പരിശുദ്ധ പിതാവു് അദ്ദേഹത്തിനു വിശുദ്ധ സിൽവസ്റ്ററിൻെറ മാടമ്പിസ്ഥാനം കല്പിച്ചനൽകുകയുണ്ടായി. രണ്ടുകൊല്ലം കഴിഞ്ഞു് അമേരിക്കയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുമ്പോൾ പ്രസ്തുത മാടമ്പിമുദ്ര മോഷണംപോയി. ഇതറിഞ്ഞ ഉടനെ അദ്ദേഹത്തിനു മാർപ്പാപ്പാ രണ്ടാമതൊരു മുദ്ര കൊടുത്തയച്ചുവെന്നുള്ളതും പ്രസ്താവ്യമാണ്. ഇപ്രകാരം ഒരു തൊഴിലാളിയുടെ മകനായി ജനിച്ച് ഐർലണ്ടിൻെറ അത്യുന്നതസ്ഥാനത്തിൽ ദീർഘനാൾ സേവനമനുഷ്ഠിച്ച് അവശരുടേയും പാവപ്പെട്ടവരുടേയും അനിഷേദ്ധ്യനേതാവായി വിരാജിച്ച മഹാനായിരുന്നു ആൽഫ്റഡ് ബയാൻ.

## കാത്തലിക്ക് ഫെഡറേഷൻ

അഖിലേന്ത്യാ കാത്തലിക്ക് യൂണിവേഴ്സിററി ഫെഡറേഷൻെറ രണ്ടാമത്തു് നാഷണൽ കോൺഗ്രസ് മേയ് 18, 19, 20 എന്നി തിയതികളിൽ ബാംഗ്ളൂരിൽവച്ചു് നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. ആധുനികങ്ങളും സുപ്രധാനങ്ങളുമായ സാമുദായികപ്രശ്നങ്ങളെപ്പററി ചർച്ചകൾ, പ്രസംഗങ്ങൾ മുതലായവയുണ്ടായിരിക്കുന്നതാണ്.

## പ. ജർമ്മനിയിലെ കത്തോലിക്കർ

പശ്ചിമജർമ്മനിയിലെ കത്തോലിക്കരുടെ സംഖ്യ അവിടത്തെ പ്രോട്ടസ്റ്റൻറുകാരുടെ സംഖ്യയോടു് ഏകദേശം തുല്യമാണ്. അവിടെ 2 15 കോടി കത്തോലിക്കരും 2 38 കോടി പ്രോട്ടസ്റ്റൻറുകാരുമുണ്ടു്. പശ്ചിമജർമ്മനിയിലെ 9 സ്റ്റേററുകളിൽ നാലിലും കത്തോലിക്കർക്കു ഭൂരിപക്ഷമുണ്ടു്.

## വത്തിക്കാൻെറ നയതന്ത്രപ്രതിനിധികൾ

ലോകത്തിലെ 42 രാഷ്ട്രങ്ങളിൽ വത്തിക്കാൻെറ നയതന്ത്രപ്രതിനിധികളുണ്ടെന്നു ഔദ്യോഗികമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇരുമ്പുമറയ്ക്കു പിന്നിലുള്ള പല രാഷ്ട്രങ്ങളും നയതന്ത്രബന്ധം വിച്ഛേദിച്ചുവെങ്കിലും 1939 ൽ നിലവിലുണ്ടായിരുന്നവയേക്കാൾ കൂടുതലായി 5 രാഷ്ട്രങ്ങളുമായി ഇപ്പോൾ നയതന്ത്രബന്ധം പുലർത്തിവരുന്നുണ്ടു്.

## മംഗളാശംസകൾക്കു മറുപടി

പ്രസിഡണ്ടു രാജേന്ദ്രപ്രസാദും പ്രധാനമന്ത്രി നെഹ്റുവും അയച്ച ജന്മദിനമംഗളസന്ദേശങ്ങൾക്കു മാർപ്പാപ്പാ തിരുമേനി ഇപ്രകാരം മറുപടി അയച്ചിരിക്കുന്നു:

"ഇന്ത്യാഗവമ്മെണ്ടിൻെറയും ജനതയുടേയും നാമത്തിൽ അങ്ങു അയച്ചുതന്ന ചിന്താപൂർവ്വകമായ ഭാവുകാശംസാസന്ദേശത്തെ നാം ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അങ്ങേക്കു നാം ആത്മാർത്ഥമായി കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ. അതോടൊപ്പം അങ്ങേക്കു സൗഭാഗ്യവും, ഇന്ത്യൻജനതയ്ക്കു സമാധാനൈശ്വര്യങ്ങളും നാം നേർന്നുകൊള്ളുന്നു."



"അങ്ങയുടെ സൗഹൃദപൂർണ്ണമായ ആശംസാസന്ദേശം, നമ്മെ അത്യധികം സന്തുഷ്ടനാക്കി; അങ്ങയോടുള്ള നമ്മുടെ അഭിനന്ദനവും കൃതജ്ഞതയും നാം സസ്നേഹം അറിയിച്ചുകൊള്ളട്ടെ."

—o—

## "മുണ്ടാമ്മൂസ്" ഹർജിതള്ളി അപ്പീൽ ബോധിപ്പിക്കാം

മിഷ്യനറിമാരുടെ പ്രവർത്തനങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുവാൻ മദ്ധ്യപ്രദേശ് ഗവർമെൻറ് ഒരു കമ്മിററിയെ നിയമിച്ചതും, ആ കമ്മിററി തെളിവെടുക്കുവാൻ നടക്കുന്നതും ഭരണഘടനയിൽ പ്രദാനം ചെയ്തിരിക്കുന്ന മൗലികാവകാശങ്ങളുടെ ഒരു ലംഘനമാകയാൽ അതിനെ ചോദ്യം ചെയ്തുകൊണ്ടു മദ്ധ്യപ്രദേശ്, ബീഹാർ, ഒറിസാ കാത്തലിക് റീജനൽ കൗൺസിൽ പ്രസിഡൻറു് മി. ജി. എക്സ്. ഫ്രാൻസിസ് നാഗപ്പൂർ ഹൈക്കോടതിയിൽ ഒരു "മുണ്ടാമ്മൂസ്" ഹർജി സമർപ്പിച്ചിരുന്നല്ലോ. ഗവർമെൻറു ഇങ്ങനെയൊരു കമ്മിററിയെ വെക്കുന്നതിൽ നിയമവിരുദ്ധമായിട്ടൊന്നുമില്ലെന്നും കമ്മിററിയുടെ അന്വേഷണം നിർബന്ധപൂർവ്വകമല്ലാത്തിടത്തോളം കാലം കോടതിക്ക് അതിൽ ഇടപെടുവാൻ നിയമം അനുവദിക്കുന്നില്ലെന്നുമുള്ള കാരണത്താൽ ഹൈക്കോടതി ഹർജി ഇപ്പോൾ തള്ളിയിരിക്കുന്നു.

കമ്മിററി മതകാര്യങ്ങളെപ്പററി നിർബന്ധപൂർവ്വം എന്തെങ്കിലും അന്വേഷണം നടത്തുകയോ അത്തരം അറിവിനെ ആധാരമാക്കി ഗവർമെൻറ് എന്തെങ്കിലും നടപടിയെടുക്കുകയോ ചെയ്താൽ കോടതി ഇടപെടുന്നതാണെന്നു വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ട്. കമ്മിററി പുറപ്പെടുവിച്ചിരിക്കുന്ന ചില ചോദ്യങ്ങൾ ഗവർമെൻറു നിശ്ചയത്തിന്റെ പരിധിയിൽ പെടാത്തതാണെന്നുള്ളതിനു തർക്കമില്ലെന്നും ബ. ജസ്റ്റിമാർ പ്രസ്താവിക്കുന്നു. കമ്മിററി അന്വേഷണം നടത്തുന്നതോ, റിപ്പോർട്ടു ചെയ്യുന്നതോ മതസ്വാതന്ത്ര്യത്തെയും മതവിശ്വാസങ്ങളെയും ക്ഷയപ്പെടുത്താത്തതരത്തിലായിരിക്കണമെന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തുവാൻ ബ. ജസ്റ്റിമാർ ഗവർമെൻറിനോടു നിർദ്ദേശിച്ചിട്ടുണ്ട്.

കമ്മിററിയെ നിയമിച്ചുകൊണ്ടുള്ള ഗവമ്മെൻറുത്തരവിൽ പണം കൊടുത്തു മതപരിവർത്തനപ്പെടുത്തുന്നുവെന്നു് ഒരു ആരോപണം ഉണ്ടായിരുന്നല്ലോ. ഇതേപ്പററി ബ. ജസ്റ്റിമാർ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ഭൗതികമായ ആദായത്തിന്റെ അടിസ്ഥാനത്തിൽ മതം മാറുവാൻ ഒരുത്തനെ പ്രേരിപ്പിക്കുന്നതിൽ അധാർമ്മികമായി ഒന്നുമില്ല. ആദ്ധ്യാത്മികമായ നന്മകൾ വച്ചുനീട്ടുമ്പോൾ അതു് അധാർമ്മികമായിരിക്കാം, പക്ഷെ അത്തരം ധാർമ്മികതയെപ്പററി നിയമത്തിനൊന്നും ചെയ്യുവാനില്ല."

ഹൈക്കോടതി ഹർജി തള്ളിയെങ്കിലും, ഭരണഘടന 132 (1) വകുപ്പു പ്രകാരം സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിക്കുവാൻ പററിയ ഒരു കേസാണിതെന്നു് ബ. ജസ്റ്റിമാർ വിധിന്യായത്തിൽതന്നെ സർട്ടിഫൈ ചെയ്തിട്ടുണ്ട്.

വാരാന്ത്യവീക്ഷണം

## അറബി_ഇസ്രയേൽ തർക്കങ്ങൾ

മദ്ധ്യപൂർവ്വപ്രദേശത്തു യുദ്ധമുണ്ടായാൽ ആക്രമണത്തിനു പുറപ്പെടുന്നവർക്കെതിരായി അമേരിക്കൻ ഭരണഘടനയ്ക്കു വിധേയമായി ചെയ്യുവാനുള്ളതെല്ലാം ചെയ്യുമെന്നു പ്രസിഡണ്ട് ഐസൻഹോവർ ഏതാനും ദിവസങ്ങൾക്കുമുമ്പു പ്രഖ്യാപിക്കുകയുണ്ടായി. അമേരിക്കയുടെ ഉറച്ച നില മദ്ധ്യപൂർവ്വപ്രദേശത്തു സമാധാനം പാലിക്കുന്നതിനു് പ്രയോജനപ്പെടുമെന്നു വിശ്വസിക്കുന്ന ബ്രിട്ടീഷ് നേതാക്കന്മാർ അമേരിക്കൻ പ്രഖ്യാപനത്തെ ആഹ്ലാദപുരസ്സരം സ്വാഗതം ചെയ്തിട്ടുണ്ട്. ഇസ്രായേലിന്റെനേരെ കമ്മ്യൂണിസ്റ്റ് ആയുധങ്ങളോടുകൂടി ഒരു ബലപരീക്ഷണം നടത്തുന്നതിനു അറബിരാഷ്ട്രങ്ങൾ വട്ടംകൂട്ടിവരുന്ന സന്ദർഭത്തിലുണ്ടായ അമേരിക്കൻ പ്രഖ്യാപനം പ്രയോജനരഹിതമായിരുന്നില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അറബി-ഇസ്രായേൽ തർക്കങ്ങളിൽ പല വിട്ടുവീഴ്ചകളും ചെയ്യാൻ ഇരുകൂട്ടരും ഇപ്പോൾ ഒരുക്കമാണെന്നുള്ളതിനു് അടുത്ത ദിവസങ്ങളിൽ സൂചനകളുണ്ടായിട്ടുണ്ട്. ഐക്യരാഷ്ട്ര സംഘടനയുടെ സെക്രട്ടറി ജനറൽ മി. ഹാമർഷോൾഡ് ഇപ്പോൾ മദ്ധ്യപൂർവ്വപ്രദേശത്തു സഞ്ചരിച്ചു് സമാധാനം സ്ഥാപിക്കുവാൻ പരിശ്രമിച്ചുവരികയാണ്. അറബികളും ഇസ്രായേലുമായുള്ള തർക്കങ്ങൾ എങ്ങനെ തീർക്കാമെന്നുള്ളതിനെപ്പററി ചില നിർദ്ദേശങ്ങളുമായിട്ടാണ് മി. ഹാമർഷോൾഡ് ഇപ്പോൾ മദ്ധ്യപൂർവ്വപ്രദേശത്തു പോയിരിക്കുന്നതു്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾക്ക് അമേരിക്കയുടെയും ബ്രിട്ടന്റെയും പിന്തുണയുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്. അറബികളുമായി അഭയാർത്ഥികളുടെ പ്രശ്നത്തിനു ഒരു തീരുമാനമുണ്ടായാലേ അറബി-ഇസ്രായേൽ തർക്കങ്ങൾക്കു ഒരു ശമനമുണ്ടാകയുള്ളുവെന്നാണ് അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം. അഭയാർത്ഥികളിൽ ഒരു വിഭാഗത്തെ ഇസ്രായേൽ തിരിച്ചു സ്വീകരിക്കണമെന്നും ബാക്കിയുള്ളവർക്ക് നഷ്ടപരിഹാരം കൊടുക്കുവാനായി ഇസ്രായേലിനു ഒരു അന്താരാഷ്ട്രീയകടം വാങ്ങാൻ അനുവദിക്കണമെന്നും, ഇസ്രായേലും അറബിരാഷ്ട്രങ്ങളുമായുള്ള അതിർത്തികളുടെ സംരക്ഷണത്തിനു വേണ്ടി ഉറപ്പുനൽകുന്ന ഉടമ്പടികൾ അമേരിക്കയും മദ്ധ്യപൂർവ്വപ്രദേശത്തെ രാഷ്ട്രങ്ങളും തമ്മിലുണ്ടായിരിക്കണമെന്നുമാണ് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ. മുമ്പ് പലപ്രാവശ്യം ഇവയോടു സാദൃശ്യം വഹിക്കുന്ന നിർദ്ദേശങ്ങളുണ്ടായപ്പോൾ അവ നടപ്പിൽ വരുത്തുന്നതിനു സാധിക്കാതെ പോയതു ഇസ്രായേലിന്റെ എതിർപ്പുമൂലമാണു. അഭയാർത്ഥികളെ തിരിച്ചെടുക്കുന്നതിനു ഇസ്രായേൽ ഇഷ്ടപ്പെട്ടിരുന്നില്ല. അറബിരാഷ്ട്രങ്ങൾക്കു കമ്മ്യൂണിസ്റ്റ് ആയുധങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇസ്രായേൽ വിട്ടുവീഴ്ചകൾക്കു സമ്മതിക്കാൻ മാർഗ്ഗമുണ്ട്.

### വിയറ്റ്നാം

വിയറ്റ്നാമിന്റെ ഭാവിയെ സംബന്ധിച്ചുള്ള ഒരു സമ്മേളനം ഇപ്പോൾ ലണ്ടനിൽ ആരംഭിച്ചിട്ടുണ്ട്. 1954-ലെ ജനീവാസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചിരുന്ന ബ്രിട്ടനും റഷ്യയുമാണിതിൽ പങ്കുകൊള്ളുന്നതു്. ജനീവാസമ്മേളനത്തിന്റെ തീരുമാനമനുസരിച്ചു് വരുന്ന ജൂലൈമാസത്തിൽ തിരഞ്ഞെടുപ്പുമൂലം ഒരു ഹിതപരിശോധന നടത്തുവാൻ ദക്ഷിണവിയറ്റ്നാമിന്റെ ഭരണാദ്ധ്യക്ഷനായ മി. ഡിൻഡെയിം വിസമ്മതിക്കുന്നതുകൊണ്ടു് ഭാവിനടപടി എന്തായിരിക്കണമെന്നു് തീരുമാനിക്കാനാണു് ഈ സമ്മേളനം നടക്കുന്നതു്. സമ്മേളനം ആരംഭിക്കുന്നതിനു മുമ്പുതന്നെ ബ്രിട്ടൻ അവരുടെ നയം വെളിപ്പെടുത്തുകയുണ്ടായി. ജനീവാതീരുമാനങ്ങൾക്കു ഒപ്പുവച്ചതു് ഉത്തരവിയറ്റ്നാമും ഫ്രാൻസുമാണെന്നും ദക്ഷിണവിയറ്റ്നാം ആ തീരുമാനങ്ങൾ സ്വീകരിക്കുവാൻ ബാദ്ധ്യസ്ഥരല്ലെന്നുമുള്ള മി. ഡിൻഡെയിമിന്റെ നിലപാടിനെ ബ്രിട്ടൻ അംഗീകരിക്കയാണു ചെയ്തിട്ടുള്ളതു്. ദക്ഷിണവിയറ്റ്നാമിൽ ഇപ്പോൾ ഒരുറച്ച ഗവമ്മെണ്ടാണുള്ളതു്. തിരഞ്ഞെടുപ്പു നടത്തി ഒരു ഹിതപരിശോധന നടത്തണമെന്നു ദക്ഷിണവിയറ്റ്നാമിനെ നിർബന്ധിക്കാൻ വൻകിടരാഷ്ട്രങ്ങൾക്കു എന്തവകാശമാണെന്നറിയുന്നില്ല. വടക്കും തെക്കും പ്രദേശങ്ങളിൽ ഒരുമിച്ചാണു് ഹിതപരിശോധന നടത്തേണ്ടതു്. വടക്കാണു് ജനസംഖ്യ കൂടുതൽ. വടക്കൻഭാഗത്തു കമ്മ്യൂണിസ്റ്റുകാർ ഭരിക്കുന്നതുകൊണ്ടു സ്വതന്ത്രമായ ഒരു ഹിതപരിശോധന അവിടെ നടക്കുകയില്ല. അതുകൊണ്ടാണു് ദക്ഷിണവിയറ്റ്നാംഗവമ്മെണ്ടു് ജനീവാതീരുമാനങ്ങൾക്കു് അനുസൃതമായ ഒരു ഹിതപരിശോധനയ്ക്കു സമ്മതിക്കാത്തതു്. ബ്രിട്ടൻ ഇപ്പോൾ ദക്ഷിണവിയറ്റ്നാമിനു പിന്തുണനൽകിയിട്ടുള്ളതുകൊണ്ടു് മി. ഡിൻഡെയിമിന്റെ നിലയ്ക്കു വളരെ പ്രാബല്യം ലഭിച്ചിട്ടുണ്ട്. ഫ്രഞ്ചുകാർ ഏതാനും ദിവസങ്ങൾക്കുള്ളിൽ അവരുടെ സൈന്യങ്ങളെ ദക്ഷിണവിയറ്റ്നാമിൽ നിന്നും പിൻവലിക്കുന്നതാണ്. ഫ്രഞ്ചുസൈന്യങ്ങൾ പിന്മാറുമ്പോൾ ഉത്തരവിയറ്റ്നാമിൽനിന്നും കമ്മ്യൂണിസ്റ്റുസൈന്യങ്ങൾ തെക്കോട്ടു നീങ്ങുമെന്നു് കമ്മ്യൂണിസ്റ്റുശക്തികളോടു് അനുഭാവമുള്ള പലരും ആശങ്ക പ്രകടിപ്പിച്ചുകാണുന്നുണ്ട്. അങ്ങനെ സംഭവിച്ചാൽ തങ്ങൾക്കു് അമേരിക്കൻ പിന്തുണ കിട്ടുമെന്നുള്ള വിശ്വാസം ദക്ഷിണവിയറ്റ്നാമിനുണ്ട്. ഉത്തരവിയറ്റ്നാം ഒരു യുദ്ധത്തിനു ഇപ്പോഴത്തെ സാഹചര്യങ്ങളിൽ പുറപ്പെടുമെന്നു തോന്നുന്നില്ല. ദക്ഷിണവിയറ്റ്നാമിനെ ഒരു പരമാധികാരറിപ്പബ്ലിക്കായി വൻകിടശക്തികൾ വലിയ താമസംകൂടാതെ അംഗീകരിക്കേണ്ടിവരുമെന്നു തോന്നുന്നു.

## അജ്മീർ മിഷനിലേക്ക്

അജ്മീർരൂപതയിലെ ഫ്രാൻസിസ്കൻ പ്രഭുദാസീസഭയിൽ ചേർന്നു് പ്രേഷിതവേല ചെയ്യുവാൻ ആഗ്രഹിക്കുന്ന സ്കൂൾഫൈനൽ വിദ്യാർത്ഥിനികൾക്കു സ്വാഗതം.

അർത്ഥിനികളെ സ്വീകരിക്കുന്നതിനായി ഏപ്രിൽ പതിനഞ്ചാംതിയതി കന്യാസ്ത്രീകൾ നാട്ടിൽ വന്നിട്ടുണ്ട്. മേയ് അവസാനം തിരിച്ചുപോകുന്നതാണ്.

കന്യാസ്ത്രീകളെ നേരിട്ടു് കാണുവാനുള്ള സ്ഥലവും സമയവും താഴെ ചേർക്കുന്നു

1) ഏപ്രിൽ 22-ാംനു- മുതൽ 29-ാംതിയതിവരെ
പുതിയടത്തുവീട്, അന്തിനാട്; പ്രവിത്താനം കവലയ്ക്കു അടുത്തു്, പാലാ.

2) മേയ് 1-ാംനു- മുതൽ 8-ാംനു- വരെ
കല്ലടാന്തിൽ വീട്, നീണ്ടൂർ പള്ളിക്കു് അടുത്തു്, കോട്ടയം.

കത്തിടപാടുകൾക്കുള്ള അഡ്രസ്സ് :-

Rev. Sister Benigna C/o Kalladanthil House
Neendoor P. O, Kottayam





## ചരമവാർത്തകൾ

**ചേർത്തല:** മുട്ടത്തുപള്ളി ഇടവക മുട്ടത്തു നടയ്ക്കൽ വർക്കി മകൾ മറിയം തന്റെ 44-ാമത്തെ വയസ്സിൽ, ഏപ്രിൽ 6-ാംനു- അന്ത്യകൂദാശകൾ സുബോധത്തോടെ സ്വീകരിച്ചു് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം യഥാവിധി നിർവ്വഹിക്കപ്പെട്ടു.

**പാലയൂർ:** ഈ പള്ളി ഇടവക വട്ടക്കുഴി ചുമ്മാർ കുരിയാക്കു മാർച്ചു 31-ാംനു- ശനിയാഴ്ച വാർദ്ധക്യസഹജമായ സുഖക്കേടിനാൽ നിര്യാതനായി മൃതദേഹം അന്നുതന്നെ യഥാവിധി സംസ്കരിക്കപ്പെട്ടു.

**കൂത്താട്ട്:** ഈ പള്ളി ഇടവക നടുവിലേക്കററു് ബ. മത്തായി അച്ചന്റെ മാതാവു നടുവിലേക്കററു് തൊമ്മൻ റോസ വാർദ്ധക്യസഹജമായ സുഖക്കേടു നിമിത്തം അന്ത്യകൂദാശകൾ സുബോധത്തോടെ കൈക്കൊണ്ടു് മാർച്ചു് 27-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരകർമ്മങ്ങൾ യഥാവിധി നടത്തപ്പെട്ടു.

R. I. P.



തേവരകോളേജ് സൊഡാലിറ്റി അംഗങ്ങൾ ജൂണിയർ വിഭാഗം

# "വിളിയും വിളികേൾക്കലും"

(ജോർജ്ജ് മാത്തൻ)

രണ്ടു ചിത്രങ്ങൾ: ധനികകുമാരനും മുക്കുവയുവാവും: ഇസ്രായേലിന്റെ സമുദ്ധാരണത്തിനായി വരുവാനിരുന്ന രാജാവിന്റെ സൈന്യവ്യൂഹത്തിൽ പടപൊരുതുവാൻ അഭിലഷിച്ച ശ്രേഷ്ഠിയും ശേമുഷിയുമുള്ള രണ്ടു യുവതിടമ്പുകൾ! ക്രിസ്തുനാഥൻ അവരെ സ്നേഹിച്ചു; തന്റെ വത്സലശിഷ്യരാക്കാൻ അഭിലഷിച്ചു. "എന്നെ അനുഗമിക്കുവിൻ" അദ്ദേഹം അവരെ ക്ഷണിച്ചു. സമസ്തവും പരിത്യജിക്കുവാൻ അവിടുന്നാവശ്യപ്പെട്ടു വിത്തവും വിദ്യയും വിശ്രാന്തിയും നിറഞ്ഞ ജീവിതം ഉപേക്ഷിക്കണം, ഒരുവനു്. അപരനോ ഓളത്തിൽ പിളക്കുന്ന വഞ്ചി, വെള്ളമൊഴിക്കുന്ന, വാലിട്ടടിക്കുന്ന മത്സ്യങ്ങൾ, അങ്ങനെ പലതും. വാസ്തവത്തിൽ ഗുരുലഘുത്വമുണ്ടു് അവൻ പരിത്യജിക്കേണ്ടവയുടെ ലിസ്റ്റിൽ. എന്നാൽ, വ്യക്തിപരമായി അവ ഓരോന്നും അവരുടെ ജീവിതത്തോടു് അതിമാത്രം ഒട്ടിപ്പിടിച്ചിരുന്നു താനും! ധനികയുവാവു് നെറ്റി ചുളിക്കാൻ തുടങ്ങി. ദരിദ്രജീവിതം! ക്ലേശങ്ങളും സങ്കടങ്ങളും നിറഞ്ഞ ജീവിതം! പോരെങ്കിൽ, അവൻ ഓർമ്മിച്ചു. തനിക്കു് തലചായ്ക്കാൻ പോലും സ്ഥലമില്ലെന്നു് ഒരിക്കൽ ക്രിസ്തു പറഞ്ഞു്. "വേണ്ടാ; വിഷമം" അവൻ ഖിന്നവദനനായി തിരിഞ്ഞു നടന്നു. മുക്കുവയുവാവിന്റെ മനസ്സിലും ഒരു കോളിളക്കംതന്നെയുണ്ടായി. എങ്കിലും അയാൾ ആ ക്ഷണം സ്വീകരിച്ചു് ക്രിസ്തുനാഥനെ അനുഗമിച്ചു. മുക്കുവയുവാവു് അപ്പസ്തോലപ്രവരനായി; ക്രിസ്തുവിന്റെ സ്നേഹഭാജനമായി. അതേ, വി. യോഹന്നാൻ, സെബദിപുത്രന്മാരിലൊരുവൻ. ധനികയുവാവോ? പിന്നീടു് അയാളെപ്പററി ഒരറിവുമില്ല……

ലോകത്തിന്റെ നിശ്ശബ്ദമായ വഴിക്കവലയിൽ നിന്നുകൊണ്ടു് ക്രിസ്തു ഇന്നും തന്റെ സേനാവ്യൂഹത്തിലേക്കു് യുവസുഹൃത്തുക്കളെ ക്ഷണിക്കുകയാണു്, ഇടവകവൈദികരായും സന്യാസികളായും കന്യാസ്ത്രികളായും; അവിടുത്തെ കൊടിക്കീഴിൽ ധാർമ്മികസമരത്തിനു്, അല്ല പ്രേഷിതവിപ്ലവത്തിനു് അണിനിരക്കുവാൻ. ഭാരതസഭ അവരുടെ വിധിനിർണ്ണായകഘട്ടത്തിലേക്കു നീങ്ങുകയാണു്. വിദേശമിഷനറിമാരുടെ "ലേബലി"ൽ അവർ ഞെരുക്കം അനുഭവിച്ചുതുടങ്ങിയിരിക്കുന്നു. നാമാണു്, അപ്പസ്തോലികപാരമ്പര്യവും വിശ്വാസസ്ഥിരതയുമുള്ള കേരളതനയരാണു്, അവരുടെ സംരക്ഷണത്തിനായി ഇറങ്ങേണ്ടവർ. വിശ്വാസസംരക്ഷണത്തിനും വിശ്വാസപ്രചാരണത്തിനും ധാരാളം മിഷനറിമാർ ഉണ്ടാകണം. സ്കൂൾഫൈനൽ, യൂണിവേഴ്സിറ്റി പരീക്ഷകൾ മുതലായവ പാസ്സായി സർട്ടിഫിക്കററുകളുമായി പുറത്തുവരുന്ന വിദ്യാർത്ഥിനീവിദ്യാർത്ഥികൾ ആരായണം, ഭാവിഭാരതത്തിന്റെ ഭാഗധേയം കരുപ്പിടിപ്പിക്കുവാൻ, ഭാരതസഭയെ പടുത്തുയർത്തുവാൻ ക്രിസ്തു തങ്ങളെ ക്ഷണിക്കുന്നുണ്ടോ എന്നു്. ഇടവകവൈദികരും സന്യാസവൈദികരും സഹോദരന്മാരും കന്യാസ്ത്രികളും ഏകയോഗക്ഷേമമായി പണിയെടുക്കുന്നു; വിയർത്തൊലിക്കുന്ന പ്രേഷിതരംഗത്തു്. പ്രസ്തുത ജീവിതസ്ഥിതികളെപ്പററി ചില വിവരങ്ങൾ നിരത്തിവയ്ക്കാം.

ഇടവകവൈദികൻ. മെത്രാന്മാരാണു് ഇടവകവൈദികരെ അവരുടെ പ്രവർത്തനരംഗത്തേക്കയക്കുന്നതു്. സാധാരണയായി ഈ പ്രവർത്തനരംഗം ഇടവകതന്നെ. വികാരി, അസിസ്റ്റൻറു് തുടങ്ങിയ നിലകളിൽ അവർ മെത്രാന്മാരോടു് സഹകരിച്ചു്, മാർപ്പാപ്പായോടു ഒന്നുചേർന്നു് പണിയെടുക്കുന്നു. അജഗണങ്ങളുടെ "ഫാദർ"—പിതാവാണു് ഇടവകവൈദികൻ. ഈ ആദ്ധ്യാത്മിക പിതൃത്വം വൈദികസ്ഥാനത്തിന്റെ ആനന്ദവും അവരുടെ സഹനത്തിനുള്ള "നൂറിരട്ടി പ്രതിഫല"വുമത്രെ. സന്തോഷത്തിലും സന്താപത്തിലും ആനന്ദത്തിലും ആകുലതയിലും കത്തോലിക്കർ തങ്ങളുടെ വൈദികരുടെ പക്കലേക്കു് തിരിയുന്നു. അവരുടെ ജീവിതാശാകേന്ദ്രമാണു് വൈദികർ. ഈ നിലയിൽ ഇടവകവൈദികന്റെ സ്ഥാനം മഹത്തമമാണു്. ഒരു മനുഷ്യനു് തന്റെ ജീവിതം ദൈവമഹിമയ്ക്കും പരസേവനത്തിനുമായി ഉഴിഞ്ഞുവയ്ക്കുവാൻ ഏററം പററിയ ജീവിതപഥമാണു് പൗരോഹിത്യം.

ദൈവവിളി, വൈദികസ്ഥാനത്തിനുള്ള ക്ഷണം, അതു് ഒരർത്ഥത്തിൽ പുറമേനിന്നു വരുന്നു. അപ്പസ്തോലികകാലത്തും ഇന്നും അങ്ങനെതന്നെ. പത്രോസിനോടും യാക്കോബിനോടും യോഹന്നാനോടുമൊക്കെ കർത്താവുതന്നെയാണു് പറഞ്ഞതു് "എന്നെ അനുഗമിക്കുവിൻ" എന്നു്. ഇന്നും ക്രിസ്തു തന്റെ സഭാധികാരികൾ വഴി തനിക്കിഷ്ടമുള്ളവരെ ഇഷ്ടമുള്ളിടത്തുനിന്നു്, ഇഷ്ടമുള്ളിടത്തുവച്ചു് വിളിക്കുന്നു. അന്നു ക്രിസ്തു അപ്പസ്തോലന്മാരോടു പറഞ്ഞു, "ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു. നിങ്ങളല്ല എന്നെ തെരഞ്ഞെടുത്തതു്" എന്നു്. ഇന്നും ക്രിസ്തുവിന്റെ പ്രതിനിധികൾ, അപ്പസ്തോലന്മാരുടെ പിൻഗാമികൾ, അതേ വാക്കുകൾ തന്നെ ഉദിരണം ചെയ്യുന്നു. മെത്രാനാണു വൈദികാർത്ഥിയുടെ യോഗ്യതായോഗ്യതകളെ നിർണ്ണയിക്കുന്നതു്. ജീവിതവിശുദ്ധി, ബുദ്ധിസാമർത്ഥ്യം, ആരോഗ്യം ഈ ഗുണങ്ങളോടുകൂടിയവരായിരിക്കണം വൈദികാർത്ഥികൾ.

ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ വിചാരിച്ചകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ജെ എൻ. റാവു
എൻ. സി. ജോൺ & സൺസ് (പ്രൈവററു്) ലിമിററഡ്,
ആലപ്പുഴ

പൗരോഹിത്യസ്ഥാനത്തിനാവശ്യമായ ദൈവവിളി, പ്രാരംഭപരിശീലനം ഇവ സഭയുടെ മാറത്തുനിന്നുള്ളതു്. ആ വിളി കേൾക്കൽ, അതിനുള്ള സ്വയാർപ്പണം ഇവ വൈദികാർത്ഥിയുടെ മാറത്തുനിന്നു വരേണ്ടതു്. ക്രിസ്തുനാഥൻ തന്റെ മുന്തിരിത്തോപ്പിലേക്കു് വിളിക്കുന്നെന്നു് ഒരുവനു തോന്നുന്നെങ്കിൽ അവൻ ഇക്കാര്യം സംബന്ധിച്ചു് തന്റെ ആത്മീയപിതാവിനോടോ ഇടവകവികാരിയോടോ സംസാരിക്കണം. സംശയാശങ്കകൾ ഉണ്ടാകുക സാധാരണമാണു്. എങ്കിലും തനിക്കു ലഭിക്കുന്ന നിർദ്ദേശങ്ങളനുസരിച്ചു് പ്രവർത്തിക്കാൻ അവൻ എപ്പോഴും സന്നദ്ധനായിരിക്കണം. വൈദികസ്ഥാനത്തിന്റെ പരമ പരിശുദ്ധിയേയും ഗൗരവാവഹമായ കടമകളേയും പററി പരിചിന്തനം ചെയ്യുമ്പോൾ പലരും മടിക്കാറുണ്ടു്, അങ്ങോട്ടു കടന്നുചെല്ലുവാൻ. എന്നാൽ ഈ അയോഗ്യതാബോധംമൂലം സെമിനാരിയിലേക്കു് അപേക്ഷയയക്കാൻ മടിക്കരുതു്. കാരണം, ഒരുത്തനും സ്വന്തം കാര്യത്തിൽ ശരിയായ വിധികർത്താവായിരിക്കുകയില്ല. ഈ വിഷയത്തിൽ അവസാനതീരുമാനം ചെയ്യേണ്ടതു് അയാളുടെ മെത്രാനാണു്. അദ്ദേഹത്തിന്റെ തീരുമാനത്തിനു് തല കുനിക്കുമ്പോൾ അയാൾ ദൈവതിരുമനസ്സിനു് കീഴ്‌വഴങ്ങുകയാണു്, ദൈവാനുഗ്രഹങ്ങളെ സ്വീകരിക്കുകയാണു്.

നിങ്ങളെ ദൈവം ക്ഷണിക്കുന്നുവോ. എങ്കിൽ ഈശോമിശിഹായുടെ രാജകീയ പൗരോഹിത്യത്തിനു പങ്കുകാരനാകുക എന്ന മഹനീയ സ്ഥാനമാണു് നിങ്ങൾക്കു ലഭിക്കുക. ഈശോ വഴി, ഈശോയോടുകൂടി, ഈശോയിൽ അൾത്താരയിലെ പരമയാഗം പരികർമ്മം ചെയ്യുന്നതിനു്, പാപങ്ങളെ മോചിക്കുന്നതിനു്, ആത്മാക്കളെ നയിക്കുന്നതിനു്, ദൈവവചനം പ്രസംഗിക്കുന്നതിനു്, മാമ്മോദീസാ നൽകുന്നതിനു് ഇവയ്ക്കാണു് നിങ്ങൾ ക്ഷണിക്കപ്പെട്ടിരിക്കുന്നതു്. നിങ്ങൾ ക്രിസ്തുവിന്റെ പ്രത്യേകസ്നേഹിതരും അജഗണത്തിന്റെ പാലകരുമായിരിക്കും; അല്ല മറെറാരു ക്രിസ്തുവായിത്തീരും. നിങ്ങളുടെ ജീവനും ജീവിതവും ആഹുതി ചെയ്യണം പരാർത്ഥമായും പരമാർത്ഥമായും. എന്നാൽ ആ "നുകം മധുരമുള്ളതും ഭാരം ലഘുവുമാകുന്നു." ഉത്തരവാദിത്വമേറിയ വൈദികകടമകൾ ഏറെറടുക്കുന്നതു് ദൈവാനുഗ്രഹത്തിലുള്ള അടിയുറച്ച വിശ്വാസത്തോടും വൈദികരുടെ മാതാവായ കന്യകാമറിയത്തിന്റെ സംരക്ഷണയിലുമായിരിക്കണം.

സന്യാസജീവിതം. തിരുസ്സഭയാൽ അംഗീകരിക്കപ്പെട്ട ഒരു സന്യാസസഭയിലെ സ്ഥിരമായ ജീവിതസ്ഥിതി; ഇതാണു് സന്യാസജീവിതം. അതിൽ വിശ്വാസികൾ ദൈവപ്രമാണങ്ങൾക്കും തിരുസഭയുടെ കല്പനകൾക്കും പുറമേ ഒരു സുപ്പീരിയറിന്റെ കീഴിൽ നിയമങ്ങളും നിബന്ധനകളും പാലിച്ചു് അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതങ്ങൾ വഴി സുവിശേഷോപദേശങ്ങൾകൂടി കാത്തു് പരിപൂർണ്ണതയ്ക്കായി പണിയെടുക്കുന്നു. ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല ഈ ജീവിതസ്ഥിതി. അതിനു കത്തോലിക്കാസഭയോളം അല്ല, അതിനപ്പുറത്തേക്കും നീണ്ടുകിടക്കുന്ന ഒരു ചരിത്രമുണ്ടു്. പല തരത്തിലുള്ള സന്യാസസഭകളുണ്ടു് തിരുസ്സഭാവാടിയിൽ ധ്യാനപരവും പ്രാർത്ഥനാപരവുമായ ജീവിതപരിപാടിയാണു് ചില സഭകളുടേതു്. മററു ചിലതു് മേല്പറഞ്ഞവയോടു് കർമ്മോദ്യുക്തജീവിതംകൂടി കൂട്ടിയിണക്കുന്നു. അങ്ങനെ "മർത്തായും മേരിയും" ഒരുമിച്ചുപോകുന്നു.

എല്ലാ സന്യാസസഭകളുടേയും പൊതുലക്ഷ്യം അംഗങ്ങളുടെ പുണ്യപൂർണ്ണത, ദൈവമഹത്വം, ആത്മാക്കളുടെ രക്ഷ ഇവയാണു്. സന്യാസസംഘങ്ങളിൽ അനേകം പേർ വിശുദ്ധരായി വണങ്ങപ്പെടുന്നു. തിരുസ്സഭയുടെ ഭദ്രതയ്ക്കും വളർച്ചയ്ക്കും ജീവൻ ബലി കഴിച്ചുപോലും അവർ പണിയെടുക്കുന്നു. സഭയിൽ മുളയെടുത്ത പാഷണ്ഡതകൾക്കെതിരായി വീറോടെ പടപൊരുതിയ ചരിത്രം അവർക്കുണ്ടു്. സന്യാസസംഘങ്ങളുടെ ശീതളച്ഛായയിൽ നിരവധി തത്വശാസ്ത്രജ്ഞന്മാരും വേദശാസ്ത്രനിപുണന്മാരും തലയുയർത്തിനില്ക്കുന്നു. ആദിമശതകങ്ങളിലെ കലാസമ്പത്തു് അനന്തരകാലങ്ങളിലെ കലാപങ്ങളിൽപെട്ടു് നശിച്ചുപോകാതെ കടത്തിക്കൊണ്ടുപോന്നതു് സന്യാസികളാണെന്നു ചരിത്രത്തിന്റെ പഴയ ഏടുകളിൽ കാണാം. അവരുടെ നേട്ടങ്ങൾ സഭയുടെ നേട്ടങ്ങളാണു്. അവരെപ്പററി സഭ അഭിമാനം കൊള്ളുകയും ചെയ്യുന്നു.

സന്യാസവ്രതങ്ങൾ. നൊവിഷ്യേററു്—പരിശീലനകാലം—കഴിയുമ്പോൾ സന്യാസാർത്ഥികൾ വ്രതമെടുക്കുന്നു. ആദ്യം താല്ക്കാലികവ്രതങ്ങളും അനന്തരം നിത്യവ്രതവും. വ്രതാനുഷ്ഠാനംവഴി അയാൾ സ്വയം നിഹനിച്ചു് ദൈവശുശ്രൂഷയ്ക്കായി ബലിയർപ്പിക്കുന്നു. തന്മൂലം അയാളുടെ പ്രവൃത്തികളെല്ലാം ദൈവതിരുസന്നിധിയിൽ കൂടുതൽ യോഗ്യതയുള്ളതായിത്തീരും. ദാരിദ്ര്യവ്രതത്താൽ സന്യാസി ധനാർജ്ജനത്തിനുള്ള തന്റെ ന്യായമായ അവകാശങ്ങളെ പരിത്യജിച്ചു് ദൈവപരിപാലനയിൽമാത്രം ആശ്രയിച്ചു ജീവിക്കുന്നു. ചാരിത്രവ്രതമെടുക്കുന്നതോടെ ശാരീരികസുഖാനുഭൂതികൾ ദൈവസ്നേഹത്തെ


# THE SOUTH INDIAN BANK LTD.

Estd: 1929 A SCHEDULED BANK Head Office: TRICHUR

BRANCHES: ALLEPPEY, ALWAYE, BHAVANI, COCHIN, COIMBATORE, ERNAKULAM, GOBICHETTIPALAYAM, IRINJALAKUDA, KOLLENGODE, KOZHIKODE, KUNNAMKULAM, MADRAS, MANJERI, OTTAPALAM, PALGHAT, POLLACHI, PONANI, SALEM, TIRUPUR, TRICHUR, AND WADAKANCHERI.

**ABRIDGED BALANCE SHEET AS AT 31st DECEMBER 1955**

| (as at 31-12-54) | LIABILITIES | | (as at 31-12-54) | ASSETS | |
|---|---|---|---|---|---|
| Rs. | | Rs. | Rs. | | Rs. |
| 8,75,000 | Paid up Capital | 8,75,000 | 56,46,054 | Cash | 42,15,876 |
| 4,90,398 | Reserves | 5,44,321 | 42,00,909 | Investments | 68,30,428 |
| 2,04,87,883 | Deposits | 2,58,63,008 | 1,17,76,935 | Advances | 1.59,75,200 |
| 5,42,466 | Bills for collection per contra | 7,52,555 | 3,59,155 | Fixed Assets | 6,42,820 |
| | Acceptances. endorsements etc. | | 5,42,466 | Bills receivable as per contra | 7,52,555 |
| 31,00,318 | including Kuri liabilities per contra | 34,58,907 | | Constituents liabilities against | |
| 3,14,741 | Sundry Liabilities | 4,37,397 | | Acceptances, Endorsements etc. | |
| 2,13,320 | Profit & Loss account | 2,28,419 | 31,00,318 | including kuri assets per contra | 34,58,907 |
| | | | 3.98,289 | Sundry assets | 2,83,821 |
| 2,60,24,126 | | 3,21,59,607 | 2,60 24,126 | | 3,21,59,607 |

Opening Branches Shortly at: NILAMBUR AND MANNARGHAT (Malabar District)

Board of Directors:

Sri. C. A. Ouseph, B. A., B. L. (Chairman)
,, K. A. Davies, B. A., B. L. (Deputy Chairman)
,, C. D. Chakko (Managing Director)
Sri. C. L. Mathew
,, K. K. Francis
,, M. D. Thomas
Sri. T. O. Porinchu, B. A.
,, Joseph Chakkola
,, A. C. Sebastian

Sri. T. A. Maney, Deputy General Manager.
Sri. M. V. John, General Manager.

പ്രതി പരിത്യജിക്കുന്നു. അനുസരണവ്രതംവഴി സ്വേച്ഛകളേയും അഹങ്കാരത്തേയും അടിച്ചമർത്തി അധികാരികളുടെ ആജ്ഞാനുസരണം ജീവിച്ചുകൊള്ളാമെന്ന് വാഗ്ദാനംചെയ്യുന്നു. അങ്ങനെ മനുഷ്യന്റെ അപകടകരമായ മൂന്നു വാസനകൾ ക്രൂശിക്കപ്പെടുന്നു.

സന്യാസജീവിതം വിഷമമേറിയതാണ്. വ്രതങ്ങളും നിയമസംഹിതകളും ഒരുപോലെ ക്രൂശിക്കുന്നവതന്നെ. കൂട്ടജീവിതം—വിവിധ തരക്കാരും ദേശക്കാരും ഭാഷക്കാരുമായ ആളുകളുമായുള്ള ജീവിതം—നിരന്തരവേദനസാക്ഷിതവും. ഭീരുക്കൾക്ക് ഓടിയൊളിക്കാനുള്ള സ്ഥലമല്ല അവിടം. ചൊടിയും ചുണയും ചുറുചുറുക്കുമുള്ള യുവത്വത്തിന് ആശാപാശങ്ങളോടു പടവെട്ടി പരമസായൂജ്യം പ്രാപിക്കുന്നതിനുള്ളതത്രെ അതു്. ആത്മത്യാഗവും സഹനസന്നദ്ധതയും സേവനതല്പരതയും ആവശ്യപ്പെടുന്ന ഒന്നാണ് സന്യാസം. ക്രിസ്തുവിനോടുകൂടി അവിടുത്തെ കയ്പുനിറഞ്ഞ കാസായിൽനിന്നു പാനംചെയ്യുന്നതിനുള്ള സ്ഥലമാണ് സന്യാസഭവനം. ഭയപ്പെടേണ്ട. സന്യാസജീവിതത്തെപ്പററി സെൻറ് ബെർണ്ണാർഡ് എഴുതുന്നു: "സന്യാസം നിർമ്മലവും പരിശുദ്ധവുമാകുന്നു. അതിൽ ഒരാൾ അധികം പരിശുദ്ധമായി ജീവിക്കുന്നു; ദുർല്ലഭമായിമാത്രം വീഴുന്നു; വളരെ വേഗത്തിൽ കുററങ്ങളിൽനിന്നെഴുന്നേല്ക്കുന്നു; കൂടുതൽ സൂക്ഷ്മത്തോടെ മുന്നോട്ടുപോകുന്നു; ധാരാളമായി ദാനങ്ങൾ സ്വീകരിക്കുന്നു; വളരെ സമാധാനത്തോടെ ജീവിക്കുന്നു; കൂടുതൽ ശരണത്തോടെ മരിക്കുന്നു; വേഗത്തിൽ ശുദ്ധീകരിക്കപ്പെടുന്നു; ഏററം വലിയ സമ്മാനം പ്രാപിക്കുകയും ചെയ്യുന്നു." ഇതാണ് സന്യാസജീവിതത്തിന്റെ മാഹാത്മ്യം, ആകർഷകത്വം!! ആർനോൾഡ് ലുൻ തുടങ്ങിയ ലോകമഹാന്മാരുടെ ഭാഷയിൽ പറഞ്ഞാൽ, ലോകത്തിൽ കയ്പുകലരാത്ത സന്തോഷം, അകൈതവമായ സംതൃപ്തി, അതുല്യമായ ആനന്ദം അനുഭവിക്കുന്നവർ സന്യാസികളാകുന്നു!

വൈദികന്മാർ, സഹോദരന്മാർ, കന്യാസ്ത്രീകൾ എന്നിങ്ങനെ മൂന്നു തരക്കാരുണ്ടു് സന്യാസഗണത്തിൽ. വൈദികരെപ്പററി ഇതിനകം പ്രതിപാദിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ ഇനി പ്രത്യേകം എടുത്തുപറയുന്നില്ല. കാരണം പ്രകാരാന്തരേണ അവ സന്യാസവൈദികരേയും ബാധിക്കുന്നവയാണ്. സഭാശ്രേഷ്ഠനാണ് സന്യാസാർത്ഥിയുടെ യോഗ്യതായോഗ്യതകളെ പരിഗണിക്കുന്നതു്. സൽസ്വഭാവം, ആരോഗ്യം, ബുദ്ധിശക്തി ഇവയെല്ലാം പുറമെ ഓരോ സന്യാസസഭയുടേയും പ്രവർത്തനങ്ങൾക്കു പ്രാപ്തനും കൂടിയായിരിക്കണം വൈദികാർത്ഥി. സമാജനാഥനാണ് അവരുടെ പ്രവർത്തനരംഗം, ജീവിതപരിപാടി മുതലായവ നിശ്ചയിക്കുന്നതു്. പൗരോഹിത്യവും സന്യാസവും ഒത്തിണങ്ങിയ ഉൽകൃഷ്ട പദവിയാണ് സന്യാസവൈദികരുടേതു്.

സഹോദരന്മാർ "വൈദികരാകാൻ പരിശ്രമിച്ചിട്ടു് പരാജിതരായി പിന്തിരിയുന്നവരാണ്", അല്ലെങ്കിൽ മറെറാരു നിവൃത്തിയുമില്ലാത്ത "കാപ്പാരെപറുക്കി"കളാണ് സഹോദരന്മാരാകാൻ പോകുന്നതു്; അവർക്കു വലിയ സ്ഥാനമാനങ്ങളൊന്നുമില്ല" എന്നൊക്കെയാണ് സന്യാസസഹോദരന്മാരെപ്പററി പലർ തെററായി ധരിച്ചുവച്ചിരിക്കുന്നതു്! അവർ ലോകമാകെ നടത്തുന്ന പ്രശസ്തമായ പ്രേഷിതപ്രവർത്തനങ്ങളെപ്പററി യാതൊരു "ഗന്ധ"വുമില്ലാത്തതാണ് ഈ തെററിദ്ധാരണകൾക്കു കാരണം. പൗരോഹിത്യവും സന്യാസവും വ്യത്യസ്തജീവിതസ്ഥിതികളാണ്. ഓരോന്നിനും പ്രത്യേകം ദൈവവിളിയും വേണം. ഔദ്യോഗികമായ മതപ്രസംഗം, കൂദാശകളുടെ പരികർമ്മം ഇവ രണ്ടും നീക്കിയാൽ വൈദികർക്കു ചെയ്യാവുന്നതും അതിൽ കൂടുതലും സഹോദരന്മാർക്കു ചെയ്യാൻ സാധിക്കും. സ്വന്തം ജീവിതവിശുദ്ധീകരണത്തിനും സമസൃഷ്ടങ്ങളെ സേവിച്ചു് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും ധാരാളം അവസരം ലഭിക്കും സന്യാസസഹോദരന്മാർക്ക്. വൈദികരുടെ സഹപ്രവർത്തകരായി അവർ പണിയെടുക്കുന്നു. വൈദികരോടൊപ്പം സഭയുടെ എല്ലാ ആനുകൂല്യങ്ങളും അവർക്കും പ്രാപിക്കാം. എല്ലാ സന്യാസസഭകൾക്കുംതന്നെ സഹോദരവിഭാഗം കൂടിയുണ്ട്. അവരാണ് സ്ഥാപനത്തിന്റെ നെടുംതൂണുകൾ! സഹോദരന്മാരുടേതുമാത്രമായും തിരുസ്സഭയിൽ പല സന്യാസസംഘങ്ങളുമുണ്ടു്. കലാലയങ്ങൾ, ആശുപത്രികൾ, കൈത്തൊഴിൽശാലകൾ, അനാഥമന്ദിരങ്ങൾ ഇങ്ങനെ നൂറുനൂറുമാർഗ്ഗങ്ങളിലൂടെ അവർ ക്രിസ്തുവിനെ സേവിക്കുന്നു!

കന്യാസ്ത്രീകൾ. പല തരക്കാരും വേഷക്കാരുമാണ് കന്യാസ്ത്രീകൾ. പതിനേഴാം നൂററാണ്ടുവരെ ആവൃതിക്കകം മാത്രമായിരുന്നു അവരുടെ പ്രവർത്തനരംഗം. വി. വിൻസെൻറ് ഡി പോളാണ് കന്യാസ്ത്രീകളെ പരോപകാരപ്രവർത്തനങ്ങൾക്കായി പുറത്തേക്കിറക്കിക്കൊണ്ടുവന്നതു്. അദ്ദേഹം സ്ഥാപിച്ച "ഉപവിയുടെ സഹോദരിസംഘം" (Sisters of Charity) വഴി ഇതു സാധിതമായി. ഇന്നു പരസ്നേഹത്തിന്റെ പട്ടാടയുടുത്തവരായി, ത്യാഗത്തിന്റെ മൂർത്തിഭാവങ്ങളായി, സേവനത്തിന്റെ സന്ദേശവാഹകരായി അവർ ഭൂമുഖത്തെങ്ങും ചുററിനടക്കുന്നു. നിരീശ്വരന്മാർപോലും അവരെ ആദരിക്കുന്നു, ബഹുമാനിക്കുന്നു.

കേരളീയയുവാക്കന്മാർ ഒന്നു ചിന്തിക്കണം. മാതൃരാജ്യത്തിന്റെ അടിമത്തച്ചങ്ങല പൊട്ടിച്ചെറിയുവാൻ പടപൊരുതിയ ചരിത്രം നമുക്കുണ്ടു്. സ്വാതന്ത്ര്യസമരത്തിൽ നാം വിജയിച്ചു ആർഷഭാരതം സ്വതന്ത്രയായി! ഇതു് രാഷ്ട്രീയസ്വാതന്ത്ര്യംമാത്രം. എന്നാൽ ഭാരതം ഇന്നും ആദ്ധ്യാത്മികപാരതന്ത്ര്യത്തിലാണ്, അടിമത്തത്തിലാണ്. അവളുടെ ആയിരമായിരം അരുമസുതർ സുവിശേഷവെളിച്ചം കാണാതെ അന്ധകാരത്തിന്റെ പാളികളിൽ തപ്പിത്തടയുന്നു. സെൻറ് തോമസ് ഒരു പ്രേഷിതവിപ്ലവത്തിന്റെ ഇരടികൾ ഇന്ത്യൻ ഹൃദയതന്ത്രികളിൽ മീട്ടി. സേവിയർ, ബ്രിട്ടോ തുടങ്ങിയ അനേകായിരങ്ങൾ അതേററുപാടി ക്രിസ്തുനാഥൻ കേരളീയയുവത്വത്തെ ആഹ്വാനംചെയ്യു പ്രേഷിതരംഗത്തേക്കു്. ഇന്നു ഹിമാലയത്തിന്റെ മഞ്ഞുറഞ്ഞ മലകളിലും, സിന്ധുഗംഗയുടെ വിരിമാറിലും, ഡക്കാൺപീഠഭൂമിയിലുമെല്ലാം കേരളത്തിന്റെ വീരസന്താനങ്ങളെ കാണാൻകഴിയും.

ത്യാഗത്തിന്റെ ബലിവേദിയാണ്, സ്നേഹത്തിന്റെ ബഹിർസ്ഫുരണമാണ്, സേവനത്തിന്റെ നർത്തനവൃത്തമാണ് പ്രേഷിതരംഗം ഘോരത്തിളപ്പും ചങ്കൂററവുമുള്ള യുവതലമുറയ്ക്കു കർമ്മനിരതരാകാൻ പററിയ സ്ഥലമത്രെ ക്രിസ്തുവിന്റെ മുന്തിരിത്തോപ്പ്. വിഷമതകൾ, ബുദ്ധിമുട്ടുകൾ അല്ല, പരാജയങ്ങൾപോലും നിസ്സാരമാണ് യുവരക്തത്തിന്റെ വേലിയേററത്തിൽ! ക്രിസ്തുരാജൻ നമ്മെ അവിടുത്തെ സേനാവ്യൂഹത്തിലേക്കു ആഹ്വാനംചെയ്യുന്നു. കേരളത്തിനകത്തും പുറത്തുമുള്ള രൂപതകളും സന്യാസസഭകളും കന്യാലയങ്ങളും നമ്മെ ക്ഷണിക്കുന്നു. അതേ, ഇന്നാട്ടിലും മറുനാട്ടിലും ധാരാളം പ്രേഷിതർ അണിനിരക്കട്ടെ!

—o—

## ക്രിസ്ത്യൻ-മുസ്ലീം സഹകരണം

കമ്മ്യൂണിസത്തിനെതിരായി നടത്തപ്പെടുന്ന പ്രവർത്തനങ്ങളിൽ പരസ്പരസഹകരണം വർദ്ധമാനമാക്കുന്നതിനു് കത്തോലിക്കരും മുസ്ലീമിങ്ങളുംചേർന്നു് റോമിൽ "പ്രാചിപ്രതീചികേന്ദ്രം" എന്ന ഒരു പ്രസ്ഥാനം സമാരംഭിച്ചിരിക്കുന്നു. അന്തിയോക്കിയായിലെ സുറിയാനിറീത്തു പാത്രിയർക്കീസ്, അത്യുന്നത കർദ്ദിനാൾ ടപ്പൂണി തിരുമനസ്സുകൊണ്ടു് അതിന്റെ ആദ്യസമ്മേളനത്തിൽ സന്നിഹിതനായിരുന്നു.

ആദ്ധ്യാത്മികവീഥി

# പരിത്യാഗത്തിന്റെ ആവശ്യകത

ദൈവത്തിന്റെ വത്സലമക്കളേ,

പരിത്യാഗത്തിന്റെ ആവശ്യകതയെക്കുറിച്ചു ചില വിശദീകരണങ്ങൾ നൽകാമെന്നു കഴിഞ്ഞ ലക്കത്തിൽ പറഞ്ഞിരുന്നല്ലോ.

സ്വയസംരക്ഷണത്തിനും വംശസംരക്ഷണത്തിനുമായി ഏതാനും പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നൈസർഗ്ഗികമായ വാസനകൾ എല്ലാ ജന്തുക്കൾക്കും സ്രഷ്ടാവു നൽകിയിട്ടുണ്ടു്. തദനുസരണം പ്രവർത്തിക്കുമ്പോൾ ഐന്ദ്രികമായ ഒരു സുഖം അഥവാ രസം അവയ്ക്കു അനുഭവവേദ്യമാക്കുകയും ചെയ്യുന്നുണ്ടു്. ജന്തുക്കൾ ആ സുഖം അനുഭവിക്കുന്നതിൻവേണ്ടിമാത്രമാണ് പ്രവർത്തിക്കുന്നതെങ്കിലും സ്രഷ്ടാവിന്റെ ഉദ്ദേശം സാധിക്കാതെ വരുന്നില്ല.


ഇതര ജന്തുക്കൾക്കുള്ള പ്രസ്തുത വാസനകൾ മനുഷ്യനും ദൈവം നൽകിയിട്ടുണ്ടു്. അവയോടു് അനുബന്ധിച്ചിട്ടുള്ള രസവും അഥവാ സുഖവും അവനും അനുഭവവേദ്യമാണ്. മററു ജന്തുക്കൾ രസം അനുഭവിക്കുന്നതിനായിമാത്രം പ്രവർത്തിക്കുമ്പോൾ സ്രഷ്ടാവിന്റെ ഉദ്ദേശം സാധിക്കുന്നതിനാൽ, അറിഞ്ഞുകൊണ്ടല്ലെങ്കിലും അവ ദൈവഹിതം അന്യൂനമായി നിറവേററുകയാണു ചെയ്യുന്നതു്. എന്നാൽ വിവേചനാശക്തിയുള്ള മനുഷ്യനു് എന്തുദ്ദേശത്തോടുകൂടിയാണു ദൈവം വാസനകൾ നൽകിയിരിക്കുന്നതെന്നറിയാം. തന്റെ വിവേചനാശക്തി ഉപയോഗിച്ചു് ദൈവത്തിന്റെ ഉദ്ദേശസാദ്ധ്യത്തിനായിമാത്രം ആ വാസനകൾ അനുസരിച്ചു് അവൻ പ്രവർത്തിക്കേണ്ടതാകുന്നു. എന്നാൽ അങ്ങനെ ചെയ്യുന്നതിനുപകരം അവന്റെ ബുദ്ധി ഉപയോഗിച്ചു് ദൈവത്തിന്റെ ഉദ്ദേശത്തെ തടഞ്ഞുകൊണ്ടുപോലും ആ പ്രവൃത്തികളിൽനിന്നു ലഭിക്കാവുന്ന സന്തോഷം അഥവാ രസംമാത്രം അനുഭവിക്കുന്നതിനു് അവൻ പലപ്പോഴും പ്രേരിതനായിത്തീരുന്നുണ്ടു്. അതു വേലചെയ്യാതെ കൂലി അപഹരിക്കുന്നതുപോലെയുള്ള അനീതിയും തന്മൂലം പാപവുമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ജഡത്തെ അരൂപിക്കു വിധേയമാക്കി പ്രകൃതിവാസനയെ അടക്കി സുബുദ്ധി അനുസരിച്ചു് അവയെ നിയന്ത്രിക്കുന്നവനുമാത്രമേ മേല്പറഞ്ഞവണ്ണമുള്ള പാപത്തിൽ നിന്നു മാറാൻ സാധിക്കയുള്ളു. കാലദേശാവസ്ഥകൾ അനുസരിച്ചു് ശരീരത്തിനുവേണ്ട ആവരണങ്ങൾ തന്റെ ബുദ്ധിയുപയോഗിച്ചുണ്ടാക്കി ധരിച്ചുകൊള്ളണമെന്നാണ് മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്രഷ്ടാവു നിശ്ചയിച്ചിരിക്കുന്നതെന്നു നാം കണ്ടല്ലോ. അതുപോലെ പ്രകൃതിവാസനകളേയും ബുദ്ധിപ്രയോഗിച്ചു അടക്കിഭരിച്ചുകൊണ്ടു് ദൈവത്തിന്റെ ഉദ്ദേശസാദ്ധ്യത്തിനായിമാത്രം അവയെ ഉപയോഗിക്കണമെന്നാണ് അവിടുത്തെ നിശ്ചയം. ഇതു സാധിക്കുന്നതിനു സ്വയപരിത്യാഗം അത്യന്താപേക്ഷിതമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

E. C. & Co., JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം & മൂവാററുപുഴ
ശരി തൂക്കം, ശരി മാററ്, അന്നന്നത്തെ നിലവാരം.
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു 1 മണി മുതൽ വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.



തേവരകോളേജ് സൊഡാലിറ്റി അംഗങ്ങൾ സീനിയർവിഭാഗം

(12-ാംപേജ് തുടർച്ച)

കളേയും അവിടുന്നു സ്നേഹിക്കുന്നുണ്ടു്. പ്രത്യേകിച്ചും ഏതെങ്കിലും തരത്തിലുള്ള അവശതയനുഭവിക്കുന്നവരോടു അവിടുത്തേക്കുള്ള അനുകമ്പ സീമാതീതമാണ്. ഇത്രയേറെ ബാലലോകത്തെ സ്നേഹിക്കുന്ന ഈ പിതാവിന്റെ നേരെ പ്രതിസ്നേഹം കാണിക്കുവാൻ മത്സരബുദ്ധിയോടെ ഓരോരുത്തരും പരിശ്രമിക്കട്ടെ.

—o—

ചെറുകഥ

# മങ്ങിയ ജീവിതം

[തൃക്കൊടിത്താനം ചാക്കോ]

(തുടർച്ച)

റോമിയുടെ ഹൃദയം വേദനയുടെ നീർച്ചുഴിയിൽ കിടന്നു വട്ടംകറങ്ങുകയാണ്. ഒരുവശത്ത് താങ്ങുവാൻ വഹിയാത്ത കുടുംബത്തിന്റെ ദയനീയാവസ്ഥ—മറുവശത്ത് പരിശുദ്ധമായ സ്നേഹത്തിൽ നിന്നും ഉളവായ ഒരു പെൺകുട്ടിയുടെ തോരാത്ത കണ്ണുനീർ. ഇവ രണ്ടും വെല്ലുവിളിയിലെന്നോണം അവന്റെ മുൻപിൽ കൂടി പാഞ്ഞുകളിക്കയാണ്. ഈ രണ്ടു പ്രശ്നത്തിനും ഉത്തരം കാണേണ്ടതു് റോമിമാത്രമാണ്.

മനസ്സിഷ്ടമില്ലാത്ത ചുടുപിടിപ്പിക്കുന്ന ചിന്തകളുമായി റോമി വീട്ടിലേക്കു നീങ്ങി. അവന്റെ കാൽച്ചുവടുകൾക്കു ശക്തിയില്ല. ഒരു വിധത്തിൽ അവൻ വീട്ടിലെത്തി.

അവന്റെ മനസ്സും ബുദ്ധിയും ഒരുപോലെ ജോലിചെയ്യുകയാണ് വിശ്രമമില്ലാത്ത ഒരു എൻജിൻപോലെ. പുതിയ തീരുമാനത്തിനുവേണ്ടിയുള്ള അവന്റെ ശ്രമം വിജയിച്ചിട്ടില്ല.

ഗ്രാമം മുഴുവൻ നീണ്ട നിശ്ശബ്ദതയാൽ നിമഗ്നമായിക്കഴിഞ്ഞു. അവൻ തിരിഞ്ഞും മറിഞ്ഞും കിടക്കയിൽ കിടക്കുന്നുണ്ട്. അല്ല റോമിമാത്രമല്ല, അവനെ കാത്തിരിക്കുന്ന സോഫിയായും ചിന്തിക്കുകയാണ്.

മാസങ്ങൾ ഒന്നുരണ്ടു ചിറകടിച്ചു പറന്നകന്നു. സോഫിയായ്ക്കും വിവാഹപ്രായമായി. ഓമനപ്പുത്രിക്ക് അനുരൂപനായ വരനെ "തത്തു"കയററിനിർത്തുന്നതിലേക്കു പീററർചേട്ടന്റെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചിരിക്കുകയാണ്. ആണായിട്ടും പെണ്ണായിട്ടും അയാൾക്കു സോഫിയാമാത്രമേയുള്ളു. അവൾക്കുവേണ്ടിയാണ് ആ ഗ്രാമത്തിന്റെ നല്ലൊരു ഭാഗം അയാൾ സ്വായത്തമാക്കിവച്ചിരിക്കുന്നതു്. അവളുടെ സുഖമാണ് അയാളുടെ സുഖം. ജീവിതത്തിന്റെ മുന്തിരിച്ചാറു കുടുകുടെ സോഫിയാ കുടിക്കുന്നതു അയാൾക്കു കണ്ണിറയെ കാണണം. ഒന്നുരണ്ടു തലമുറയ്ക്കു ന്യായമായി അനുഭവിക്കുന്നതിനുള്ള എല്ലാം സാഹചര്യങ്ങളും ബുദ്ധിമാനായ പീററർചേട്ടൻ തേടിയിട്ടിട്ടുണ്ട്.

പണക്കാരനാണെങ്കിലും യാഥാസ്ഥിതികത്വത്തിന്റെ പിടിയിൽനിന്നും അയാൾ തീരെച്ചും വിമുക്തനാണ്. വേദനകളും വിഷമങ്ങളുമായി ചെല്ലുന്നവരെ വെറുംകൈയോടുകൂടി വിടുകയില്ല. അങ്ങനെയുള്ള ചില നല്ല കാര്യങ്ങളിൽ പീററർചേട്ടൻ പണക്കാർക്കു ഒരു മാതൃകതന്നെയായിരുന്നു.

വിവാഹകാര്യത്തിൽ മകളുടെ അഭിപ്രായത്തിനും അയാൾ വിലകല്പിച്ചിരുന്നു. അയാൾ മകളെ വിളിച്ചു: "കുഞ്ഞേ സോഫീ, എന്റെ ജീവിതത്തിൽ ചെയ്യേണ്ട ഒരു കാര്യത്തിനുവേണ്ടി ഞാൻ ആലോചിക്കുകയാണ്. അതുകൂടി കഴിഞ്ഞാൽ പിന്നെ ഞാൻ ഭാഗ്യവാൻ. എനിക്കു കൃതാർത്ഥതയോടുകൂടി മടങ്ങിപ്പോകാം. എല്ലാം സർവ്വശക്തൻ നടത്തും......" പീററർചേട്ടൻ ഒരു ദീർഘനിശ്വാസത്തോടുകൂടി പറഞ്ഞു.

"അപ്പാ, എന്റെ പഠിത്തം..."

"വിവാഹം കഴിഞ്ഞാലും അതു പഠിക്കാം മോളെ. അതിനുള്ള സകല സൗകര്യങ്ങളും ഇവിടെ ഉണ്ടല്ലോ. നിന്റെ വിദ്യാഭ്യാസത്തിനും നമ്മുടെ നിലയ്ക്കും വിലയ്ക്കും യോജിച്ച ഒരു ബന്ധം, അതാണ് എന്റെ ആഗ്രഹം."

സോഫിയുടെ കണ്ണുകൾ നിറഞ്ഞു. കൊച്ചുന്നാൾമുതൽ കെട്ടിപ്പടുത്ത സ്നേഹശൃംഖലയുടെ കണ്ണികൾ പൊട്ടുകയോ? അവൾ വിങ്ങിവിങ്ങിക്കരഞ്ഞുപോയി.

"മോളേ സോഫിയാ, നീ എന്തിനാണു കരയുന്നതു്. നിന്റെ ചുടുകണ്ണീർ കാണുന്നതിനുള്ള ശക്തി എനിക്കില്ല. നിന്റെ സുഖത്തിനുവേണ്ടി ഈ കാണുന്നതെല്ലാം ഞാൻ ഉപേക്ഷിക്കാൻ തയ്യാറാണ്. എന്നാലും നീ കരയാൻ പാടില്ല. നീ കരയാനുള്ളവളല്ല എന്റെ മോളു കരയാൻ പാടില്ല." പീററർചേട്ടൻ മകളുടെ കണ്ണുനീർ തുടച്ചു. എന്തൊരു പിതൃസ്നേഹം!

"അപ്പാ, ഞാനൊരു തെററു ചെയ്തുപോയി... എന്നോടു ക്ഷമിച്ചാലും..."

"നീ ഒരു തെററും ചെയ്തില്ലല്ലോ മോളേ."

"കൊച്ചുന്നാൾമുതൽ കളിച്ചുനടന്ന ആ റോമി... അവൻ ഇന്നു നിസ്സഹായനാണപ്പാ...... എനിക്കു റോമിയെ മറക്കുവാൻ സാദ്ധ്യമല്ല......" സോഫിയാ ഒററശ്വാസത്തിൽ അവരുടെ നീണ്ട ചരിത്രം ചുരുക്കിപ്പറഞ്ഞു.

അയാളുടെ കണ്ണുകളും നിറഞ്ഞു. പീററർചേട്ടന്റെ അപ്പോഴത്തെ അവസ്ഥ കാണുവാൻ ശക്തിയില്ലാതെ സോഫിയാ കിടക്കയിൽ ചെന്നുവീണു.

റോമിയെ മറക്കുവാൻ സാദ്ധ്യമല്ല എന്ന സോഫിയുടെ തീ

---

ഉണ്ണിയീശോയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

മിസ്സിസ് V. D. G.

---

രുമാനം, അതേ ആ വാക്കുകൾ അയാളുടെ കരളിൽ കടിച്ചുതൂങ്ങിക്കിടന്നു. തന്റെ ഓമനമകളെ നിസ്സാരനായ ഒരുവന്റെ ഭാര്യയായി വിചാരിക്കുക. അയാൾക്കതു വളരെ അഭിമാനക്ഷയമായി തോന്നി.

അയാൾ വീണ്ടും മകളെ വിളിച്ചു: "സോഫിയാ, എന്നെക്കാൾ അറിവും വിദ്യാഭ്യാസവും നിനക്കുണ്ട്. ആലോചിച്ചു തിട്ടപ്പെടുത്തുക. അതു ഒന്നുകൊണ്ടും നമുക്കു ചേർന്നതല്ല എന്ന സംഗതി നീ ഓർമ്മിക്കുക."

"അപ്പാ, പണം നശ്വരമാണ്. അതു് ഈ ലോകത്തിൽ ആർക്കും കുത്തകയായി അധികനാൾ വച്ചുകൊണ്ടിരിക്കുവാൻ സാധിക്കുകയില്ല. എത്രയോ കുടുംബങ്ങൾ ഉയരുകയും താഴുകയും ചെയ്യുന്നു. തെരുവുതെണ്ടിയെ ഉയർത്തുവാനും ധനവാനെ തെരുവുതെണ്ടിയാക്കിത്തീർക്കുവാനുമുള്ള ശക്തി സർവ്വശക്തനുണ്ട്. വിദ്യാഭ്യാസത്തിൽ എന്നേക്കാൾ വളരെയധികം താഴ്ന്നനിലയാണു റോമിക്കുള്ളതു്. പരീക്ഷായോഗ്യത സിദ്ധിച്ചിട്ടുള്ള ഒരുവന്റെ തെററിനേക്കാൾ യോഗ്യതകുറഞ്ഞ ഒരുവന്റെ തെററിനെയാണ് ഞാൻ മാനിക്കുന്നതു്. അപ്പാ, ഈ ലോകത്തിൽ കഴിയുന്നിടത്തോളംകാലം ആ കഴിഞ്ഞുപോയ സംഭവങ്ങൾ എനിക്കോർക്കാതിരിക്കുവാൻ എങ്ങനെ സാധിക്കും? പരിശുദ്ധമായ ആ സ്നേഹംകൊണ്ടു് കയ്യാംകളിചെയ്യുവാൻ ഞാൻ ഇന്നുവരെ ഒരുമ്പെടുകയോ മനസ്സിൽ വിചാരിക്കുകയോ ചെയ്തിട്ടില്ല, ഇതു സത്യമാണ്. എന്നെ ജീവതുല്യമായി സ്നേഹിക്കുന്ന അപ്പന്റെ അടുക്കൽ ഞാൻ എന്തിനു മറയ്ക്കുന്നു. ഇനിയും അപ്പൻ തീരുമാനിച്ചുകൊള്ളുക." സോഫിക്കു പലതും പറയണമെന്നാഗ്രഹമുണ്ട്. പക്ഷേ ഹൃദയബലം നിശ്ശേഷം പൊയ്പ്പോയി.

ആ പിതൃഹൃദയം എന്തുചെയ്യും? അവൾക്കിഷ്ടമില്ലാത്ത ഒരു വിവാഹം എങ്ങനെ നടത്തും? ലോകം എന്തു വിധിയെഴുതും? മണിമാളികകളും ചെററപ്പുരകളും അയാളുടെ മുൻപിൽക്കൂടി കടന്നുപോയി. അയാൾ ഹൃദയവ്യഥകൊണ്ട് പൊട്ടിക്കരഞ്ഞുപോയി. കരയാനുള്ള സന്ദർഭത്തിൽ കരയാതെന്തുചെയ്യും.

പക്ഷെ അയാളും ചിന്തിച്ചു "പണം......? അതിനു ഈ ലോകത്തിൽ മാത്രമേ സ്ഥാനമുള്ളു. നിത്യലോകത്തിൽ പണത്തിന്റേയോ തങ്കനാണ്യത്തിന്റേയോ കിലുകിലാരവത്തിനു സ്ഥാനമില്ല. പച്ചനോട്ടുകൾകൊണ്ടു സ്വർഗ്ഗീയകവാടത്തെ തുറപ്പിക്കുവാൻ സാദ്ധ്യമല്ല. സ്വർഗ്ഗീയസാമ്രാജ്യത്തെ പിടിച്ചടക്കുവാൻ ലോകത്തിലെ ഒരു രാഷ്ട്രത്തിനും സാധിക്കുന്നതല്ല. നശീകരണായുധങ്ങൾക്കുവേണ്ടി ബദ്ധപ്പെടുന്ന രാഷ്ട്രത്തിന്റെ ഒരായുധംകൊണ്ടും അവിടം വെണ്ണീറാക്കുവാൻ തീർച്ചയായും കഴിയുകയില്ല...... വേണ്ടാ... അവളുടെ ഇഷ്ടം, അതു നിറവേററുക. ഒരു പിതാവിന്റെ കർത്തവ്യം നിറവേററിയ അഭിമാനത്തോടുകൂടി എനിക്കു മരിക്കാം... അയാളുടെ ചിന്ത റോമിയിലേക്കു തിരിഞ്ഞു. അവൻ സുന്ദരനാണ്; സോഫിക്കു ചേർന്ന ഒരു കോമളൻ. അവൻ സൽസ്വഭാവിയാണ്. അവനു പണമില്ല. വേണ്ട... എനിക്കു പണമുണ്ട്. അവൻ എന്റെ മകൻ... അവളെന്റെ മകൾ..." അയാൾ തീരുമാനിച്ചുകഴിഞ്ഞു.

വർദ്ധിച്ച സന്തോഷത്തോടുകൂടി അയാൾ മകളെ വിളിച്ചു "മോളേ കരയാതെ. നിന്റെ ആഗ്രഹത്തിനു ഈ അപ്പൻ വിലങ്ങുതടിയല്ല. നിന്റെ ഇഷ്ടം, അതു് എന്റെയും ഇഷ്ടം. ദൈവം നമ്മെ കാത്തുരക്ഷിക്കട്ടെ.

കാർമേഘപടലങ്ങൾ കൊണ്ടു മൂടിയ സോഫിയുടെ ഹൃദയാന്തരീക്ഷം തെളിഞ്ഞു. ആ സുവർണ്ണാവസരത്തിനുവേണ്ടി അവൾ പ്രാർത്ഥിച്ചു. പിതാവിന്റെ കരുണാമസൃണമായ ഹൃദയത്തിനു അവൾ കൂപ്പുകൈ അർപ്പിച്ചു.

iv

അന്നും സൂര്യൻ കിഴക്കുദിക്കുകയും പടിഞ്ഞാറസ്തമിക്കുകയും ചെയ്തു. പക്ഷേ റോമിയുടെ ജീവിതത്തിനു യാതൊരു മാററവും ഉണ്ടായില്ല. മാതാപിതാക്കന്മാരുടെ പ്രതീക്ഷകളെല്ലാം തകർന്നു തരിപ്പണമായി. പക്ഷേ ജോലി, അതിലേക്ക് ഈ നാടു് ഉപേക്ഷിക്കുവാൻതന്നെ അവൻ തീരുമാനിച്ചു.

സോഫിയോടു അവസാനയാത്രാവിവരം അറിയിക്കുന്നതിനു അവനാഗ്രഹിച്ചു. സോഫി ഹൃദയംനൊന്തുകരയുമെന്നവനറിയാം. ഒരു ഹൃദയവ്യഥ സൃഷ്ടിച്ചതിനുശേഷം നാടും വീടും ഉപേക്ഷിക്കുക. അതവനു സഹിക്കുവാൻ നിവൃത്തിയില്ല. ഒടുവിൽ ആരോടും ഒരു വാക്കു് പറയാതെതന്നെ നാടുപേക്ഷിക്കുവാൻ തീരുമാനിച്ചു

പൂനിലാവു് പാലൊളി പൊഴിക്കുന്ന ഒരു രാത്രി. വൃക്ഷലതാദികൾപോലും ചലനം നിറുത്തി മയങ്ങുകയാണ്. റോമി കിടക്കയിൽനിന്നു എഴുന്നേററു. മാതാപിതാക്കന്മാരും സഹോദരങ്ങളും നല്ല നിദ്രയിലാണ്.

റോമി പ്രാർത്ഥിച്ചു!

തീർച്ചയായും സൃഷ്ടിച്ച തമ്പുരാന്റെ കണ്ണുകൾ തുറന്നിട്ടുണ്ട്. അവൻ കരഞ്ഞു. അവസാനമായി, അവനു ജന്മംകൊടുത്ത മാതാപിതാക്കന്മാരുടെ പാദങ്ങളെ സ്പർശിച്ചു; മെല്ലനിറങ്ങി, ലക്ഷ്യമില്ലാത്ത വഴിത്താരയെ അനുഗമിച്ചുവല്ലോ!

അവൻ വീട്ടിനു പുറത്തിറങ്ങി ശ്മശാനമൂകതയിൽ നടന്നുവന്ന സംഭവത്തിനു ദൃക്സാക്ഷിയായ ചന്ദ്രൻ റോമിയെ നോക്കി മന്ദസ്മിതം തൂകുകയായിരിക്കാം.

അവന്റെ ഹൃദയം അതിവേദനയോടുകൂടി ചലിച്ചു........ റോമി വിദൂരതയിലേക്കു നീങ്ങുകയാണ് ഉദ്യോഗത്തിനുവേണ്ടി.

കാട്ടുചെടികളും നറുകുസുമങ്ങളും തട്ടിയുണർത്തിക്കൊണ്ടു് പുലരി രജതയാത്ര ആരംഭിച്ചുകഴിഞ്ഞു. മഞ്ഞുതുള്ളികൾ ചെഞ്ചുണ്ടുകളിലും പുൽത്തകിടികളിലും തങ്ങിനില്ക്കുന്നതു കണ്ടാൽ റോമിയുടെ വേർപാടിൽ പ്രകൃതി ഹൃദയംപൊട്ടിക്കരയുകയാണോ എന്നു തോന്നിപ്പോകും. അതേ പ്രകൃതി കണ്ണുനീർ ഒഴുക്കുകയാണ് ആ കൊച്ചു സഹോദരന്റെ വേർപാടിൽ.

ഗ്രാമം മുഴുവൻ കാട്ടുതീപോലെ ഈ സംഭവം പടർന്നുപിടിച്ചു വൃദ്ധരായ മാതാപിതാക്കൾ

പ്യാരി
(REGD)
ഔഷധസോപ്പ്
ചർമ്മരോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S

ആ നാടും കാടും മുഴുവൻ റോമിയെ അന്വേഷിച്ചു. നെഞ്ചുപൊട്ടിയുള്ള ആ വിളി നിശ്ശബ്ദതയിൽ തങ്ങിനിന്നു. ആ കൊച്ചുകുടുംബത്തിന്റെ കെടാവിളക്ക് അനതിവിദൂരമായ ഒരു ഭാവിയിലേക്കു അണഞ്ഞു. ആ വീടിന്റെ നെടുംതൂൺ—വൃദ്ധരായ മാതാപിതാക്കന്മാരെ അന്വേഷിക്കേണ്ട അവരുടെ ഓമനപ്പുത്രൻ—നാടും വീടും ഉപേക്ഷിച്ചു പൊയ്പ്പോയി.

പക്ഷേ സോഫിയാ, വാക്കുകളാൽ പൂർത്തീകരിക്കാൻ വഹിയാത്ത വേദനകളാൽ അവൾ ഉഴലുകയാണ്. ആ ഗ്രാമവും പരിസരവും അവൾക്കു ഇരുളടഞ്ഞതായി തോന്നി. ഒരു വാക്കുപോലും ചോദിക്കാതെ അവളുടെ ദൃഷ്ടിയിൽനിന്നും അകന്നുപോയ ആ വെള്ളിനക്ഷത്രത്തെ ഓർത്തു് അവൾ വ്യാകുലപ്പെടുകയാണ്. ഒരു മുറിവുപോലെ സദാ അവളെ അതു വേദനിപ്പിച്ചുകൊണ്ടിരുന്നു. അവൾ പുകഞ്ഞുകൊണ്ടിരിക്കുന്ന ഒരു അഗ്നിപർവ്വതമായി രൂപാന്തരം പ്രാപിക്കുകയാണ്. എപ്പോഴാണ് അതു പൊട്ടിത്തകരുന്നതെന്നു് ആർക്കറിയാം...?

മകളുടെ തോരാത്ത കണ്ണീരിന്റെ മുൻപിൽ ആ പിതാവു് മങ്ങിനിൽക്കുകയാണ്. എന്തൊരു നിവൃത്തി. കൈവിട്ടുപോയ ഒരു വെള്ളപ്രാവിനെ ഓർത്തു്, ഉണങ്ങിക്കരിഞ്ഞ ചെമ്പകച്ചെടിയെ ഓർത്തു്, വിലപിച്ചിട്ടെന്താവശ്യം. അയാൾ ആവുംവിധം മകളെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു.

ചിറ പൊട്ടി ഒഴുകുന്ന വെള്ളച്ചാട്ടത്തെ തടഞ്ഞുനിറുത്താൻ ഒരുമ്പെട്ട പാഴ്വേലകളെല്ലാം അസ്ഥാനത്തായി.

സോഫിയാ കിടക്കയിൽത്തന്നെ സമയം വിനിയോഗിച്ചു... ചിന്തകളും അസ്വാസ്ഥ്യങ്ങളും കൊണ്ടു് മണിക്കൂറുകൾ തള്ളിനീക്കി.

ആണ്ടു ഒന്നു കഴിഞ്ഞു.

സോഫി ആസ്പത്രിയിലെ കിടക്കയിലേക്കു മാററപ്പെട്ടു. എത്തുംപിടിയും കിട്ടാത്ത രോഗം.... അവളുടെ സൗന്ദര്യവും കൊഴുത്തുരുണ്ട ശരീരവും എല്ലാം യാത്രപറഞ്ഞു. ഇടയ്ക്കിടയ്ക്ക് മുണ്ടകപ്പാടത്തിന്റെ ചാലുകളിൽ കളിച്ചുനടന്ന കാലത്തെപ്പററി ഉറക്കെപ്പറയും .... റോമിയെക്കുറിച്ചുള്ള ചിന്തയും ... മയക്കവും ...

എന്തൊരാത്മാർത്ഥത!

സ്നേഹിച്ചുപോയതിന്റെ പരിണതഫലം ഇതോ....? ഒരു സ്ത്രീഹൃദയം ഇത്ര കെല്പില്ലാത്തതോ...? അവൾ മരണത്തിന്റെ വായിലാണ്.

മാസം ഒന്നു കഴിഞ്ഞിട്ടും... ... സോഫിയുടെ സുഖക്കേടിനു യാതൊരു കുറവുമില്ല. ഡോക്ടർമാർ അന്യോന്യം പകച്ചുനിൽക്കുകയാണ്... ഒടുവിൽ അവർ കൈ ഒഴിഞ്ഞു........

റോമി, അവൻ അലഞ്ഞുതിരിഞ്ഞു നടന്നതിനു ഫലം കിട്ടി ഉദ്യോഗത്തിനുവേണ്ടി ഉള്ള ശ്രമത്തിൽ അവൻ തികച്ചും വിജയിച്ചു. എഴുത്തും രൂപയും വീട്ടിലേക്കയച്ചുതുടങ്ങി.

ബുദ്ധിമാനായ പീററർ ചേട്ടൻ അതിവേഗം സോഫിയുടെ ദയനീയാവസ്ഥ റോമിയെ അറിയിച്ചു.

അവനെങ്ങനെ കുററക്കാരനാകും...? സോഫി എങ്ങിനെ കുററക്കാരിയാകും...? അല്ല! അവർ രണ്ടുപേരും തെററിനു പങ്കാളികൾതന്നെ.

സമയം രാത്രി പത്തുമണികഴിഞ്ഞു സോഫിയുടെ ജീവൻ അപകടത്തിന്റെ ഊഞ്ഞാലിൽ തൂങ്ങുകയാണ്. എല്ലാവരും വാവിട്ടു കരയുന്നു.

കൂരിരുട്ടിനെ തള്ളിനീക്കിക്കൊണ്ടു് റോമി ആസ്പത്രിയിലേക്കു ഓടുകയാണ്. നടുക്കായലിൽ മുങ്ങിക്കൊണ്ടിരിക്കുന്ന അവന്റെ ഹൃദയവഞ്ചിയെ രക്ഷിക്കുവാൻ വേണ്ടി അവൻ പായുകയാണ്...

റോമി സോഫിയുടെ അടുത്തെത്തി. "സോഫീ..." അവൻ വിളിച്ചു.

അവളുടെ കണ്ണുകൾ നാലുപാടും തിരിഞ്ഞു...."റോമീ" എന്റെ റോമീ, നിനക്കു എന്നോടു പിണക്കമാണോ...? ഇനിയും ജോലിക്കു പോകേണ്ടാ... എന്റെ തോണി മുങ്ങിപ്പോയി റോമീ; റോമീ ജയിച്ചു...." അവൾ കഴിഞ്ഞുപോയ കാലത്തിലേക്കു പറക്കുകയാണ്.

"സോഫീ നീ എന്താണ് ഈ പറയുന്നതു്. സോഫിയാ..." റോമിയുടെ കണ്ഠം ഇടറി. അവന്റെ കണ്ണുകൾ കണ്ണുനീരിനുപകരം രക്തത്തുള്ളികൾ വീഴ്ത്തി.

അവൾ കണ്ണുകൾ മേല്പോട്ടുയർത്തി. കൈകൾ കൂപ്പി പ്രാർത്ഥിക്കുകയാണ്. നീണ്ടുനിൽക്കുന്ന പ്രാർത്ഥന... സോഫിയാ... അവൾ ഉറങ്ങി. ഒരിക്കലും ഉണരാത്ത നിദ്രയിൽ അവൾ പ്രവേശിച്ചു.

പക്ഷേ! റോമി, ദിവസത്തിന്റെ ഓരോ നിമിഷവും അവൻ കണ്ണുനീർ തൂകുകയാണ്... തോരാത്ത കണ്ണുനീർ.

ആ തെരുവുപിള്ളേരുടെ കൂടെ വളർന്ന റോമി—തകർന്നപ്രതീക്ഷകളുമായി മങ്ങിയ ജീവിതം തള്ളിനീക്കിക്കൊണ്ടു് ഇന്നും ജീവിക്കുന്നുണ്ട്.

—o—

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-I

Reg. No. M. 2293

# Sathya Deepam

Vol. 29 Ernakulam April 18 1956 No. 35


## ബാ ല രം ഗം

### മാർപ്പാപ്പായുടെ 80-ാംജന്മദിനം
### റോമിലെ കുട്ടികളുടെ ആഘോഷം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

മാർച്ചുമാസം രണ്ടാംതീയതിയാണല്ലോ നമ്മുടെ സ്നേഹപിതാവായ മാർപ്പാപ്പാ തിരുമേനിക്കു 80 വയസ്സു പൂർത്തിയായതു്. അന്നും അതിനടുത്ത പാപ്പാദിനത്തിലും നിങ്ങളെല്ലാവരും മാർപ്പാപ്പാക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും അതതിടവകകളിലെ ആഘോഷങ്ങളിൽ ഉത്സാഹപൂർവ്വം പങ്കെടുക്കുകയും ചെയ്തിട്ടുണ്ടു്. പാപ്പാദിനപരിപാടികളിൽ പങ്കെടുത്തപ്പോൾ വല്യേട്ടന്റെ കാതുകളിൽ തുളച്ചുകയറിയ കുഞ്ഞുങ്ങളുടെ ജയ്‌വിളികൾ ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുകയാണു്. അതുപോലെ നിങ്ങളുടെ തീവ്രമായ പ്രാർത്ഥനകൾ ആകാശങ്ങൾ തുളച്ചുകയറി ഇടതടവില്ലാതെ ദൈവാനുഗ്രഹങ്ങൾ നമ്മുടെ വയോവൃദ്ധനായ പരിശുദ്ധപിതാവിന്റെമേൽ വർഷിക്കാതിരിക്കയില്ല. മാർപ്പാപ്പായുടെ ഈ ജന്മദിനാഘോഷങ്ങളിൽ റോമയിൽ ചെന്നു പരിശുദ്ധപിതാവിനെ കണ്ടു മംഗളം പറയുന്നതിനും തിരുനാളാഘോഷിക്കുന്നതിനും നമുക്കാർക്കും സാധിച്ചില്ല. എങ്കിലും അതിനു സാധിച്ചവരായ ഇററലിയിലേയും മററു പല രാജ്യങ്ങളിലേയും കുട്ടികൾ നിങ്ങളെയെല്ലാം പ്രതിനിധീകരിച്ചു ആ കൃത്യം ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ടു്. അതു കേൾക്കുവാനും അതിന്റെ ചില ചിത്രങ്ങൾ കാണുവാനും നിങ്ങൾക്കു വലിയ ആനന്ദമുണ്ടാകുമല്ലോ. അതുകൊണ്ടു ഇത്തവണത്തെ ബാലരംഗം വല്യേട്ടൻ അതിനായി പ്രത്യേകം നിയോഗിച്ചിരിക്കുകയാണു്. റോമിൽനിന്നു ഈ പടങ്ങളെല്ലാം വരുത്തി ബ്ലോക്കെഴുപ്പിച്ചു നിങ്ങൾക്കു കാണത്തക്കവിധം പത്രത്തിൽ ചേർത്തുകൂടിച്ചുവിടുകയാണു്.

വല്യേട്ടൻ.





### കുട്ടികളുടെ മംഗളാശംസ


മാർപ്പാപ്പായുടെ ജന്മദിനമായ മാർച്ചു 2-ാംനു രാവിലെ മാർപ്പാപ്പാ പതിവുപോലെ അവിടത്തെ സ്വകാര്യകപ്പേളയിൽ ദിവ്യബലിയർപ്പിച്ചു. കപ്പേള മോടിയായി അലങ്കരിച്ചിരുന്നു. പ്രത്യേകിച്ചു് അൾത്താരയിൽ 80 മനോഹരമായ ചുവന്ന റോസപ്പുഷ്പങ്ങൾ ചാർത്തിയിരുന്നു, തിരുമനസ്സിലെ 80 വയസ്സിനെ അനുസ്മരിപ്പിച്ചു്. അനന്തരം ആദ്യമായി പരിശുദ്ധപിതാവിനെ അനുമോദിക്കുന്നതിനുള്ള അവകാശം കുട്ടികൾക്കാണു് നിശ്ചയിച്ചിരുന്നതു്. ഇററലിക്കാരായ 200 കുട്ടികളും വിവിധരാജ്യങ്ങളിൽനിന്നും 24 കുട്ടികളും തിരഞ്ഞെടുക്കപ്പെട്ടിരുന്നു. അവരെല്ലാം സന്ദർശനത്തിനു നിശ്ചയിച്ചിരുന്ന ഹാളിൽ സ്ഥലം പിടിച്ചു. പരിശുദ്ധമാർപ്പാപ്പാ അവരുടെ ഇടയിലേക്കു വന്നപ്പോൾ വിവിധ ഭാഷകളിൽ മംഗളാശംസകൾ അവർ നിർവ്വഹിച്ചു. ഇംഗ്ലീഷിലും, ഫ്രഞ്ചിലും, ഡാനിഷിലും, ഗ്രീക്കിലും, ഐറിഷിലും, ഡച്ചിലും, സ്പാനിഷിലും, ജർമ്മനിലും, ഇൻഡോനേഷ്യനിലും, പോളിഷിലും, ഹങ്കേറിയനിലും, റഷ്യനിലും കുഞ്ഞുസ്വരങ്ങൾകൊണ്ടു ഹാൾ മുഖരിതമായി. മംഗളഗാനങ്ങളായിരുന്നു അടുത്ത പരിപാടി. "മാർപ്പാപ്പാക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം" എന്നുള്ള ഔദ്യോഗികഗാനം മനോഹരമായി അവർ ആലപിച്ചു. അതിനുശേഷം "ജന്മദിനമംഗളങ്ങൾ" എന്നുള്ള ആശംസാഗാനം പേർത്തു പേർത്തു അവർ പാടുകയും, പാട്ടിനിടയിൽ തിരുമേനിയെ വട്ടമിട്ടു അവർ ആടുകയുംചെയ്തു. കുഞ്ഞുങ്ങളുടെ ഈ പ്രകടനം പരിശുദ്ധപിതാവിനെ എത്രമാത്രം ആനന്ദിപ്പിച്ചു എന്നു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ല. അവിടുന്നു അവരോടൊപ്പം ആനന്ദതുന്ദിലനായി കാണപ്പെട്ടു.

### പുഷ്പശാഖാവിതരണം

പരിശുദ്ധപിതാവു് സിംഹാസനത്തിൽ ഉപവിഷ്ടനായപ്പോൾ കൂട്ടത്തിൽ ഏററവും പിഞ്ചുബാലൻ ഒരു കെട്ടു ലില്ലാക്കു് പുഷ്പക്കൊമ്പുകളുമായി അവിടത്തെ സമീപിച്ചു. മാർപ്പാപ്പാ അവയെ സ്വീകരിച്ചു ആശീർവദിക്കുകയും എല്ലാവർക്കും വിതരണം ചെയ്യുകയും ചെയ്തു. നിർമ്മലമായ പിഞ്ചുഹൃദയങ്ങളുടെ ആഹ്ലാദപ്രകടനത്തിനു ഏററവും പററിയ ചിഹ്നമാണു് തനി വെള്ളയായ മനോഹര ലില്ലാക്കു് പുഷ്പങ്ങൾ. കുട്ടികളെല്ലാം പൂക്കൊമ്പുകൾ കൈയിൽ പിടിച്ചു ആഹ്ലാദപൂർവ്വം മംഗളാശംസ നടത്തുന്നതു് ഇവിടെ ചേർത്തിരിക്കുന്ന ചിത്രങ്ങളിൽ കാണാം.

### ജന്മദിനകേക്കു്

കുട്ടികളുടെ ജന്മദിനസമ്മാനമായ കേക്കു് ഒരാൺകുട്ടിയും ഒരു പെൺകുട്ടിയുംകൂടി പരിശുദ്ധപിതാവിനു സമർപ്പിച്ചു. ഇക്കൊല്ലത്തെ ജന്മദിനകേക്കിൽ പരിശുദ്ധപിതാവിന്റെ വയസ്സിനെ കുറിക്കുന്ന 80 തിരികൾ ഘടിപ്പിച്ചിരുന്നു എന്നുള്ളതു് പ്രത്യേകം ശ്രദ്ധാർഹമായിരുന്നു. കുട്ടികളെ അവിടുന്നു എത്രമാത്രം സ്നേഹിക്കുന്നു എന്നു മനസ്സിലാക്കുവാൻ ഈ പരിപാടികൾ ഓരോന്നും, അവയിൽ അവിടുന്നു പ്രകടിപ്പിച്ച ആർദ്രമായ സ്നേഹവാത്സല്യങ്ങളും ധാരാളം മതിയാകുന്നതാണു്. ലോകത്തിലുള്ള എല്ലാ കുട്ടി





(ശേഷം 10-ാംപേജിൽ)